## ആസിയാൻ കരാറിനു പിന്നിലെ താൽപ്പര്യങ്ങൾ

# മുന്നണിപ്പോരാളി

ലക്കം 132 ആഗസ്റ്റ് 2009 വില 10 രൂപ



എല്ലാം വിഴുങ്ങുന്ന റോഡുകൾ



മടങ്ങിവരുന്ന തൊഴിലാളി സമരോത്സുകത



ബസ്ചാർജ് വർദ്ധനവ് അനിവാര്യമോ?

# അരാഷ്ട്രീയവൽക്കരിക്കപ്പെടുന്ന വിദ്യാഭ്യാസമേഖലയും

# കൊള്ളയടിക്കപ്പെടുന്ന വിദ്യാർത്ഥികളും

▪ ഗീത ▪ എൻ.സുബ്രഹ്മണ്യൻ ▪




# ലോക മുതൽമുടക്ക് മേളക്കെതിരെ നടന്ന ബഹുജനമാർച്ച്

24.07.09 ന് രാവിലെ 9 ന് ഹൈക്കോടതി ജംഗ്ഷനിൽ ദേശദ്രോഹ മേളയ്ക്കെതിരെ പൊതു സമ്മേളനം നടന്നു. പോരാട്ടം ജന. കൺവീനർ സ:എം.എൻ.രാവുണ്ണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യുവജനവേദി സംസ്ഥാനപ്രസിഡന്റ് സ: ബേബി തോമസ്സ്, തീരദേശ സംരക്ഷണസമിതി കൺവീനർ ശ്രീ. പി.എസ്.ബാലകൃഷ്ണൻ, മനുഷ്യാവകാശ-മാധ്യമ പ്രവർത്തകനായ എൻ.എം.സിദ്ധീക്, ഞാറ്റുവേല സാംസ്കാരിക സംഘത്തിന്റെ സ: എൻ.പി.സോമൻ, വിപ്ലവയുവജനപ്രസ്ഥാനം സെക്രട്ടറി സ. അനീഷ് വിദേശ മൂലധന നിക്ഷേപ വിരുദ്ധസമിതിയുടെ കൺവീനർ സ: പി.ജെ.മാനുവൽ എന്നിവർ സംസാരിച്ചു. മേള നടക്കുന്ന ഗേറ്റ് വേ ഹോട്ടലിലേക്ക് നടത്തിയ ജനകീയ മാർച്ച് പോലീസ് തടഞ്ഞെങ്കിലും ജാഥാംഗങ്ങളുടെ സമ്മർദ്ദത്തിൽ പോലീസ് സംഘം പുറകോട്ട് മാറിത്തരാൻ നിർബ്ബന്ധിതരായി.

തുടർന്ന് റോഡിൽ കുത്തിയിരുന്ന് പ്രതിഷേധയോഗം നടത്തി നാടിനെ വിനാശത്തിലേക്കും അടിമത്തത്തിലേക്കും നയിക്കുന്ന വിദേശമൂലധനാശ്രിത നയത്തിനെതിരെ സ്വയാശ്രിതവും ലാഭനിരപേക്ഷവും വിപണി കേന്ദ്രീകൃതവുമല്ലാത്ത ഒരു പുത്തൻ സമൂഹത്തിനു വേണ്ടി ജീവൻ കൊടുത്തും പോരാടുമെന്ന് പ്രതിജ്ഞ ചെയ്ത് ജാഥാംഗങ്ങൾ പിരിഞ്ഞു.

# മുന്നണിപ്പോരാളി

ലക്കം 132 ആഗസ്റ്റ് 2009

**മുഖപ്രസംഗം**
ബസ്ചാർജ് വർദ്ധനവ്
അനിവാര്യമോ! 3

**രണ്ടാംപേജ്**
ആസിയാൻ കരാർ 2

**കാഴ്ചവട്ടം**
കടന്നുകയറുന്ന സാമ്രാജ്യത്വവും
മുറുകുന്ന മുതലാളിത്ത ചൂഷണവും 4
**പ്രദീപ്കുമാർ**

ലാവലിൻ വിഴ്ചയല്ല;
കണ്ടതാണ് കുറ്റം 15

എല്ലാം വിഴുങ്ങുന്ന റോഡുകൾ
ഗതാഗതപ്രതിസന്ധിക്ക് മറുമരുന്നോ? 16
**സി.ആർ**

ലാൽഗഢിലെ ചെറുത്തുനിൽപ്പ് 18

**കവിത**
സ്വാതന്ത്ര്യം 20
**അരുൺ**

**ആശയശാസ്ത്രം**
ഗ്രാമീണ വിദ്യാഭ്യാസ പരിഷ്കാരം 21
**ഡോങ് പിങ് ഹാൻ**

ഇങ്ങനെ പഠിക്കരുത് 28
**അജ്മൽ**

ജാതിയും സ്വകാര്യസംരംഭകത്വവും 30

മടങ്ങിവരുന്ന തൊഴിലാളി
രണോത്സുകത 31

## അരാഷ്ട്രീയവൽക്കരിക്കപ്പെടുന്ന വിദ്യാഭ്യാസമേഖലയും കൊള്ളയടിക്കപ്പെടുന്ന വിദ്യാർത്ഥികളും



പുത്തൻ വിദ്യാഭ്യാസം
കാലാനുസാരിയോ ? 7
**ഗീത**

വിദ്യാഭ്യാസ മേഖലയിൽ
സംഭവിക്കുന്നത്? 9
**സുബ്രഹ്മണ്യൻ**

വെറും വിധേയനായ
രണ്ടാം മുണ്ടശ്ശേരി 12
**സുരേഷ്**

**അറപ്പ** 19
ഗോവർധൻ



പ്രകൃതിയുടെ താളത്തിനനുസരിച്ച് മനുഷ്യരുടെ കൂട്ടായ്മ പ്രകൃതിയിലിടപെടുന്ന ആഘോഷങ്ങൾ ഭരണകൂടങ്ങളേറ്റെടുക്കുമ്പോൾ നാമിനി എന്തുചെയ്യണം?

**മാവോയിസ്റ്റ് പാർടി – 2**
**അജിത്ത്**
ചർച്ച



25

# ആസിയാൻ കരാർ




**പ്രതിസന്ധിയെ** നേരിടുന്നതിന്റെ പേരിൽ ഉദാരവൽക്കരണം പൂർവ്വാധികം ശക്തമാക്കാനുള്ള യുപിഎ സർക്കാറിന്റെ നയമാണ് (തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സംഘടന) ആസിയാനുമായുള്ള സ്വതന്ത്ര വ്യാപാര കരാർ തിരക്കിട്ട് ഒപ്പിടാനുള്ള തീരുമാനത്തിന്റെ അടിയന്തിര പ്രേരണ. മൻമോഹനായിട്ട് തുടങ്ങിവെച്ചതല്ല ഈ കരാർ. ആ ഖ്യാതി കപട ഇടതിന്റെ പിന്തുണയും പങ്കാളിത്തവുമായി ഭരിച്ച ദേവ ഗൗഡ, ഐ.കെ. ഗുജറാൾ സർക്കാറുകൾക്കാണ്. ലോക വ്യാപാര സംഘടനയുടെ ആഗോള കരാറുകൾ ഇനിയും തീർപ്പാകാതെ വൈകുന്ന സാഹചര്യത്തിൽ, വിവിധ രാജ്യങ്ങൾ തമ്മിൽ നടപ്പാക്കുന്ന സ്വതന്ത്ര വ്യാപാര കരാറുകൾ ഫലത്തിൽ അതിന്റെ ഉദാരവൽക്കരണ നീക്കങ്ങൾ നടപ്പാക്കിയെടുക്കുന്നു. ഇറക്കുമതി ചുങ്കം പടിപടിയായി വെട്ടിക്കുറച്ച് ഒടുവിൽ പൂർണ്ണമായി എടുത്തുകളയുന്നതാണ് പൊതുസ്വഭാവം. കരാറിലേർപ്പെടുന്ന രാജ്യങ്ങൾക്ക് കുറെ ചരക്കുകളെ ഇതിൽ നിന്ന് മാറ്റിനിർത്താം. ഇതിനെയാണ് നെഗറ്റീവ് (നിഷേധാത്മക) ലിസ്റ്റ് എന്ന് പറയുന്നത്. കൂടാതെ വേറെ കുറെ ചരക്കുകളെ സെൻസറ്റീവ് ലിസ്റ്റിലും ഉൾപ്പെടുത്താം. ഇറക്കുമതി കുത്തനെ കൂടി ആഭ്യന്തര സമ്പദ്ഘടനയിൽ പ്രശ്നങ്ങളുണ്ടാക്കിയാൽ ഉയർന്ന ചുങ്കം പുനർസ്ഥാപിക്കാമെന്ന്, പരസ്പരധാരണയോടെ, മുൻകൂട്ടി അനുവദിക്കുന്ന ചരക്കുകളുടെ ലിസ്റ്റാണിത്. ഇതൊക്കെ തന്നെയാണ് ആസിയാൻ കരാറിലുമുള്ളത്. ഇത്തരം കരാറുകളിലൂടെ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം തീർച്ചയായും വർദ്ധിക്കും. വൻകിട ചൂഷകർ നേട്ടം കൊയ്യും. അതോടൊപ്പം നികുതി/ചുങ്കം വെട്ടിപ്പിനുള്ള സാധ്യതകളും കൂടും. അതാത് രാജ്യങ്ങളിലെ കർഷകരും ചെറുകിട ഉൽപാദകരും നരകിക്കും. മുമ്പ് ശ്രീലങ്കയുമായി സ്വതന്ത്ര വ്യാപാര കരാർ ഒപ്പിട്ടപ്പോൾ അവിടെനിന്നുള്ള കുരുമുളക് കയറ്റുമതി നാലു വർഷത്തിനുള്ളിൽ 4 ഇരട്ടിയിലധികമായി. ശുദ്ധീകരിച്ച വെളിച്ചണ്ണ ഇറക്കുമതി 3 ഇരട്ടിയും, പിണ്ണാക്ക് 700 ഇരട്ടിയും വർദ്ധിച്ചു. ശ്രീലങ്കയിൽ പേരിന് ഒരു കട തുറന്ന്, അതിന്റെ പേരിൽ മറ്റു രാജ്യങ്ങളിൽ നിന്ന് ഈ ചരക്കുകൾ ഇറക്കുമതി ചെയ്ത് ഇന്ത്യയിലേക്ക് മറിച്ച് കയറ്റുമതി ചെയ്യുന്ന ഇന്ത്യൻ കമ്പനികളുടെ ഇടപാടുകളായിരുന്നു ഇതിൽ നല്ലൊരു പങ്കും. കച്ചവടത്തിലൂടെ കിട്ടുന്ന ലാഭം കൂടാതെ ഇതെല്ലാം ഉൽപാദിപ്പിക്കുന്ന കേരളം പോലുള്ള പ്രദേശങ്ങളിലെ കാർഷിക വിലതകർച്ചയിൽ നിന്നും ഇവർക്ക് നേട്ടമുണ്ടാക്കാൻ കഴിയുന്നു. ആസിയാൻ കരാർ വരുന്നതോടെ വെട്ടിപ്പും ചൂഷണവും പതിന്മടങ്ങ് തീവ്രമാകും.

ഈ കരാറിന്റെ കൃത്യമായ വ്യവസ്ഥകൾ ഇനിയും വ്യക്തമല്ല. അഭ്യൂഹങ്ങൾ ധാരാളമുണ്ട്. നെഗറ്റീവ് ലിസ്റ്റിൽ തേയില, കാപ്പി, കുരുമുളക്, പാം ഓയിൽ മുതലായതൊക്കെ പെടുന്നുണ്ടെന്നും, അതല്ല ക്രമത്തിൽ ചുങ്കം കുറച്ചുകൊണ്ടുവരാമെന്ന് സമ്മതിച്ചുവെന്നുമൊക്കെ കേൾക്കുന്നു. മുഖ്യധാരാ മാധ്യമങ്ങളിൽ വലിയ സംവാദവിഷയമായിട്ടും വസ്തുതകൾ പൂർണ്ണമായി അറിയിക്കാൻ ആരും മിനക്കെടുന്നില്ല. ഒരുവശത്ത്, കൃത്യമായ കാര്യം പറയാതെ, ആകെ പ്രശ്നമാകാൻ പോകുന്നു എന്ന ഭീഷണമായ അന്തരീക്ഷം ഒരുക്കുക. മറുവശത്ത്, കൃത്യമായി ഒന്നും പറയാതെതന്നെ, മറ്റൊരുകൂട്ടർ ആശങ്കകൾ അകറ്റാൻ ചില നുറുങ്ങ് വിവരങ്ങൾ വെളിപ്പെടുത്തുക. ജനകീയ ചെറുത്തുനിൽപ് മയപ്പെടുത്തിയെടുക്കുന്ന പൊതുജനാഭിപ്രായ നിയന്ത്രണ/സമ്പർക്ക പരിപാടിയാണ് ഇപ്പോൾ നടക്കുന്നത്. ഇനി, കേരളത്തിലെ കാർഷിക വിളകളായ കുരുമുളകും, തേങ്ങയും, റബ്ബറുമൊക്കെ നെഗറ്റീവ് ലിസ്റ്റിലാണ് പെടുത്തിയിരിക്കുന്നത് എന്നുതന്നെ കരുതുക. അപ്പോഴും ഭീഷണി തീരുന്നില്ല. വിവിധ ലിസ്റ്റുകളിൽ എന്തൊക്കെ പെടുത്തണം ഒഴിവാക്കണം എന്നൊക്കെയാണ് ഇത്തരം കരാറുകളെ സംബന്ധിച്ച ചർച്ചകളിലെ പ്രധാന വിഷയം. ആസിയാനുമായി ചർച്ച തുടങ്ങിയപ്പോൾ ഇന്ത്യ ആവശ്യപ്പെട്ട 1414 ചരക്കുകളുടെ നെഗറ്റീവ് ലിസ്റ്റാണ് ഇപ്പോൾ, കരാർ ഒപ്പിടാൻ, 490 ആയി ചുരുക്കിയത്. കരാർ ഒപ്പിട്ടു കഴിഞ്ഞിട്ടും പരസ്പരധാരണയോടെ ഇത് മാറ്റാം. അതാത് സന്ദർഭങ്ങളിലെ ഇന്ത്യൻ ഭരണവർഗങ്ങളുടെ, സാമ്പത്തികം മാത്രമല്ല, രാഷ്ട്രീയ താൽപര്യങ്ങളും സാമ്രാജ്യത്വ ശക്തികളുടെ സമ്മർദ്ദവുമായിരിക്കും ഇത്തരം തീരുമാനങ്ങളെ നയിക്കുക. അതുകൊണ്ട് കരാറിലെ ഏതെങ്കിലും വ്യവസ്ഥകളല്ല, ഇത്തരത്തിലുള്ള എല്ലാ കരാറുകളും റദ്ദാക്കണം. ഉദാരവൽക്കരണം തടയണം. ■

# ബസ്ചാർജ് വർദ്ധനവ് അനിവാര്യമോ!

**ബസ്ചാർജ് വർദ്ധനവിനുള്ള** മുറവിളി വീണ്ടും ഉയർന്നുതുടങ്ങിയിരിക്കുന്നു. മിനിമം അഞ്ചു രൂപയെങ്കിലുംമാക്കണം എന്നതാണ് ബസുടമകളുടെ വാദം. പെട്രോൾ, ഡീസൽ വിലവർദ്ധനവാണ് ഇതിന് ആധാരമായി അവർചൂണ്ടിക്കാട്ടുന്നത്. പിന്നെ കേരളത്തിൽ വർദ്ധിതമായ വിദ്യാർത്ഥി സമൂഹത്തിന് നൽകേണ്ടിവരുന്ന ചാർജ്ജ് ഇളവുകൾ ഉണ്ടാക്കുന്ന നഷ്ടവും. അത് കൊണ്ട് ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം പരിഹരിക്കാതെ ബസ്സുകൾ നിരത്തിലിറക്കില്ല എന്ന സമരപ്രഖ്യാപനത്തിലാണ് ബസ്സുടമകൾ

എന്നാൽ വസ്തുത ഇവർ പറയുന്നതിൽ നിന്നെല്ലാം വ്യത്യസ്തമാണെന്നാണ് അന്വേഷണങ്ങൾ വ്യക്തമാക്കുന്നത്. പേരുവെളിപ്പെടുത്താൻ വിസ്സമ്മതിക്കുന്ന ഒരു ബസ്സുടമയും (ചെറുകിടക്കാരൻ) യഥാർത്ഥ്യബോധത്തോടെ പ്രശ്നങ്ങളെ സമീപിക്കാൻ ശ്രമിക്കുന്ന ചില ബസ് ജീവനക്കാരും പറയുന്നതിന്റെ സാരം ഇങ്ങിനെ സംഗ്രഹിക്കാം. എറെ ആവലാതിപ്പെടുന്നത്പോലെ, പെട്രോൾ ഡീസൽ വിലയൊ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഇളവുകളൊ ബസ്വ്യവസായത്തെ നഷ്ടത്തിലാക്കുന്നില്ല. ലാഭത്തിൽ നഷ്ടം ഉണ്ടാകുന്നുണ്ട് എന്നതാണ് യഥാർത്ഥ്യം. അതേ സമയം ഉദ്യോഗസ്ഥരും പോലീസും നടത്തുന്ന പിഴിച്ചലാണ് ഇന്ന് ബസ്സുടമകൾ നേരിടുന്ന പ്രധാനപ്രശ്നം. ഇന്നത്തെ വ്യവസ്ഥയിൽ ഓരോ ബസ്സും ശരാശരി ഒരു ദിവസത്തിൽ എല്ലാ ചിലവും കഴിച്ച് 600 നും 800നും ഇടയ്ക്ക് ബസ്സുടമയ്ക്ക് ലാഭമുണ്ടാക്കിക്കൊടുക്കുന്നുണ്ടത്രെ. ഇത് പോരേ? മാസത്തിൽ ബസ് ഒന്നിന്ന് 18000 മുതൽ 24000 വരെ സമ്പാദ്യം. ഇത് ചെറു നഗരങ്ങളേയും ഗ്രാമങ്ങളേയും ബന്ധിപ്പിച്ചുള്ള ഓട്ടത്തിന്റെ കാര്യമാണ്. നഗരങ്ങളേയും നഗരങ്ങളേയും ബന്ധിപ്പിച്ചോ, നഗരത്തിൽ തന്നെയൊ ഗതാഗതം നടത്തുന്ന ബസ്സുകളുടെ സമ്പാദ്യം ഇതിലും കൂടുമെന്നും കണക്കാക്കപ്പെടുന്നു. ഇതിന് പുറമെയാണ് വരുമാന നികുതിയിലെ വെട്ടിപ്പിലൂടെ ഉണ്ടാകുന്ന ലാഭം. നല്ലൊരു ശതമാനം ബസ്സുടമകൾ അവരുടെ ബസ്സുകളിൽ യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്ന സമ്പ്രദായം തന്നെ ഒഴിവാക്കിയിരിക്കുകയാണ്. എന്നാൽ ഇതുവരെ മറ്റൊരുരീതിയിൽ ഉദ്യോഗസ്ഥർ കൊള്ളയ്ക്ക് നിന്നു കൊടുക്കാൻ നർബന്ധിതരാകുന്നുമുണ്ട്.

ബസ്സുടമകളെ പ്രത്യേകിച്ചും ചെറുകിടക്കാരെ തകർക്കുന്നത് അല്ലെങ്കിൽ നിലനിൽപ്പിനെത്തന്നെ വിഷമകരമാക്കുന്നത് പോലീസ് വകുപ്പും റോഡ് ഗതാഗത ഉദ്യോഗസ്ഥരും നടത്തുന്ന പിഴിച്ചലും വഴിപറികൊള്ളയുമാണെന്നാണ് പല ബസ്സുടമകളുടെയും വാദം. ഓണം വിഷു തുടങ്ങിയ പ്രധാന വിശേഷങ്ങൾക്ക് ഏതെല്ലാം ജില്ലകളിലൂടെ തന്റെ ബസ്സുകൾ ഓടുന്നുണ്ടോ ആ ജില്ലകളിലെ എസ്.ഐ.മാർ മുതൽ ഡി.വൈ.എസ്.പി. വരെയുള്ളവർക്ക് തരതിരിച്ച് കവറുകൾ എത്തിക്കാൻ അതാത് ബസ്സുടമകൾ നിർബന്ധിതരാണ്. ഇത് ട്രാഫിക്ക് വിഭാഗം പോലീസിന് നൽകുന്ന ദിവസ അളവിന് പുറമെയാണെന്ന് കൂടി ഓർക്കണം. ദിവസവും കിട്ടുന്ന സംഖ്യ അതാത് സ്റ്റേഷനിലെ പോലീസുകാർക്ക് എണ്ണിത്തിട്ടപ്പെടുത്തി പിറ്റേദിവസം ഒപ്പിടുന്ന സമയം പൊതിയാക്കി കൊടുക്കുമത്രെ. ഇതിൽ വീഴ്ചവരുമ്പോഴോ, അതൃപ്തിയുണ്ടാകുമ്പോഴോ ബന്ധപ്പെട്ട ബസ്സുടമകളെ പിഴചുമത്തി പൊറുതിമുട്ടിക്കാൻ അവർക്ക് വകുപ്പുകൾ ഏറെയുണ്ട്. തികച്ചും അധികാരദുർവിനിയോഗത്തിലൂടെ നടത്തുന്ന ഈ കൊള്ള ഇല്ലാതായാൽ മാത്രം മതിയാകും ഇന്ന് ബസ്സുടമകൾ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ. ആകസ്മികമായുണ്ടാകുന്ന അത്യാഹിതങ്ങളും ബസ്സുടമകൾ എടുക്കുന്ന വായ്പകൾക്ക് നൽകേണ്ടിവരുന്ന കഴുത്തറുപ്പൻ പലിശ നിരക്കും അവർ നേരിടുന്ന മറ്റൊരു ഭീഷണിയാണെന്നിരിക്കെത്തന്നെ ഭരണകൂട ഏജൻസികളിൽ നിന്നുള്ള കൊള്ളയാണ് ഏറ്റവും ഭീഷണമായിട്ടുള്ളത്. ഇത് ഇല്ലാതായാൽ ഇന്നത്തെ അവസ്ഥയിൽ ഇതുവരെയുള്ള ചാർജ്ജു വർദ്ധനവുകൾ അനാവശ്യമായിരുന്നു എന്നാണ് അഭിപ്രായം. അത് കൊണ്ട് തന്നെ ഇനിയും ബസ്ചാർജ് വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് ബസ്സുടമകളും രാഷ്ട്രീയനേതൃത്വങ്ങളും ഒത്തുചേർന്നുനടത്തുന്ന സമ്മർദ്ദതന്ത്രങ്ങളെ തിരിച്ചറിയാനും പരാജയപ്പെടുത്താനും അണിചേരേണ്ടതുണ്ട്. ■

പ്രദീപ്കുമാർ

# കടന്നുകയറുന്ന സാമ്രാജ്യത്വവും മുറുകുന്ന മുതലാളിത്ത ചൂഷണവും



**ഇന്ത്യൻ ഉപഭൂഖണ്ഢത്തിലെ** സാമ്രാജ്യത്വ കടന്നുകയറ്റവും, മുതലാളിത്ത ചൂഷണത്തിന്റെ വ്യാപനവും കൂടുതൽ തീവ്രമാകുന്നുവെന്ന നിഗമനം പുതിയതല്ല. ഈയൊരു പ്രക്രിയയെ കുടുതൽ ത്വരിതപ്പെടുത്തുന്ന മൂന്നു കാര്യങ്ങളാണ് അടുത്തകാലത്ത് അരങ്ങേറിയത്. ഇന്ത്യാ-അമേരിക്ക ആയുധ വ്യാപാരകരാർ, തെക്കു-കിഴക്കനേഷ്യൻ രാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാര കരാർ, പ്രധാനമന്ത്രി മൻമോഹൻ സിങ്ങും, പാക് പ്രധാനമന്ത്രി ഗിലാനിയും ഈജിപ്തിൽ വച്ചു പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയുമാണ് ഇവ മൂന്നും. ഒറ്റനോട്ടത്തിൽ പരസ്പരബന്ധമില്ലെന്ന് തോന്നിക്കുന്ന ഈ മൂന്നു സംഭവങ്ങളും ഇതിനകം വാർത്താ പ്രാധാന്യം നേടിക്കഴിഞ്ഞുവെങ്കിലും അവയുടെ യഥാർത്ഥ അന്ത:സത്ത മുഖ്യധാരാ മാധ്യമങ്ങളിൽ ലഭ്യമല്ല. സാമ്രാജ്യത്വ സേവക്കായി പരസ്പരം മൽസരിക്കുന്ന ഭരണവർഗ കക്ഷികളുടെ പതിവു കോമരം തുള്ളലുകളും, ഭരണവർഗ സേവ കുലത്തൊഴിലാക്കിയ കോളമിസ്റ്റുകളുടെയും, വിദഗ്ധരുടെയും സ്ഥിരം മോങ്ങലുകളുമാണ് ഇക്കാര്യത്തിലും അവയുടെ പ്രധാന പ്രമേയം. 'വികസനത്തിന്റെ' പേരിൽ അഭിപ്രായ സമന്വയമെന്നതു പോലെ 'വിദേശനയത്തിന്റെ' കാര്യത്തിലും സമന്വയം ഏതാണ്ട് ദേശീയനയമായി മുഖ്യധാരാമാധ്യമങ്ങൾ പിൻതുടരുന്ന സാഹചര്യത്തിൽ കുടുതൽ എന്തെങ്കിലും പ്രതീക്ഷിക്കുന്നതാണ് വങ്കത്തരം. സമന്വയമെന്നാൽ ഭരണവർഗ രാഷ്ട്രീയം അതേപടി പ്രതിഫലിപ്പിക്കുകയാണെന്ന വാസ്തവം തിരച്ചറിഞ്ഞവരെ സംബന്ധിച്ചടത്തോളം ഇത്തരം വാദകോലാഹലങ്ങളുടെ അന്തസ്സാരശൂന്യത പ്രത്യേകം പറയേണ്ടതില്ല.

'ദേശീയ' താൽപര്യങ്ങളെ ബലികഴിച്ചുവെന്നും, അതല്ല അതിനെ ഉയർത്തിപ്പിടിക്കുകയാണ് ഈ കരാറുകളും, സംയുക്ത പ്രസ്താവനയും എന്നതാണ് ഇതു സംബന്ധിച്ച പ്രധാന വാദഗതികൾ. ദേശീയ താൽപര്യം നിർദ്ദോഷമായ ഒരു പദമല്ല. 'അന്താരാഷ്ട്ര സമൂഹം' അഥവാ ഇന്റർനാഷണൽ കമ്യൂണിറ്റി എന്ന പ്ര

യോഗത്തിന്റെ അർത്ഥം അമേരിക്കയുടെ ആഗോളതാൽപര്യങ്ങളെ അംഗീകരിക്കുകയാണെന്നതു പോലെ ദേശീയ താൽപര്യം എന്ന വാക്കിന്റെ അർത്ഥം ഭരണവർഗങ്ങളുടെ താൽപര്യ സംരക്ഷണമെന്നാണ്. കഴിഞ്ഞ 62-കൊല്ലമായി ദേശീയ താൽപര്യങ്ങൾ സംരക്ഷിച്ചതിന്റെ ഫലം 100-കോടിയലധികം വരുന്ന ജനങ്ങളിൽ 80-കോടിക്കും പ്രതിദിനം 25-രൂപ പോലും വരുമാനമില്ലാത്തതാണെന്ന വസ്തുതയുടെ വെളിച്ചത്തിൽ ഇത്തരം വായ്ത്താരികളുടെ നിജസ്ഥിതി വ്യക്തമാണ്. ഇൻഡോ-അമേരിക്ക ആയുധ വ്യാപാര കരാർ ആണ് ഇക്കാര്യത്തിൽ ഏറ്റവും ശ്രദ്ധേയം. അമേരിക്കൻ വിദേശകാര്യ സെക്രട്ടറി ഹിലാരി ക്ലിന്റൺ ജൂലൈ 18- മുതൽ നടത്തിയ അഞ്ചുദിവസത്തെ ഇന്ത്യൻ സന്ദർശനവേളയിലാണ് യൂമ അഥവാ എൻഡ് യൂസർ മോണിട്ടറിംഗ് എഗ്രിമെന്റ് ഒപ്പുവെച്ചത്. കരാർ പ്രകാരം അമേരിക്കയിൽ നിന്നും വാങ്ങുന്ന യുദ്ധോപകരണങ്ങൾ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് പരിശോധിക്കുവാൻ അമേരിക്കക്ക് അനുവാദം നൽകുന്നതാണ് ഈ കരാറിലെ സുപ്രധാന വ്യവസ്ഥ. മുന്നറിയിപ്പുകളില്ലാത്ത ഇത്തരം പരിശോധനകൾക്കിടെ, അമേരിക്കൻ താൽപര്യങ്ങൾക്ക് വിരുദ്ധമായ നിലയിൽ എന്തെങ്കിലും കണ്ടെത്തിയാൽ തന്ന സാധനങ്ങൾ കണ്ടുകെട്ടുവാൻ സായിപ്പിന് അധികാരം നൽകുന്ന ഈ കരാർ ഒരു സുപ്രഭാതത്തിൽ പൊട്ടിമുളച്ചതല്ല. ഇന്ത്യയിലെ അധികാര രാഷ്ട്രീയത്തിൽ കഴിഞ്ഞ 10-വർഷത്തിലധികമായി ശക്തമായി പ്രകടമായിട്ടുള്ള അമേരിക്കൻ സ്വാധീനം കുടുതൽ ഉയർന്ന തലത്തിലേക്കു എത്തിയെന്നു മാത്രമാണ് ഇതിലൂടെ തെളിയുന്നത്. നരസിംഹ റാവു മന്ത്രിസഭയിൽ ധനമന്ത്രിയായി മൻമോഹൻ സംഗിനെ അവരോധിച്ചതിലൂടെ ഇന്ത്യയിലെ തങ്ങളുടെ സ്വാധീനത്തിന്റെ കൃത്യമായ സന്ദേശം അമേരിക്ക നൽകിക്കഴിഞ്ഞിരുന്നു. സോവിയറ്റുചേരിയുടെ തിരോധാനത്തോടെ പുനർ നിർവചിക്കപ്പെട്ട അമേരിക്കയുടെ ആഗോള മേധാവിത്ത പദ്ധതിയിൽ ഇന്ത്യക്ക് ഒരു ആശ്രിത സ്ഥാനം കണ്ടെത്തിയതാണ് ഈ മാറ്റങ്ങളുടെ തുടക്കം. അമേരിക്കൻ നയരൂപീകരണത്തിൽ നിർണ്ണായക പങ്കുവഹിക്കു ന്ന ചിന്താകേന്ദ്രങ്ങൾ 1990-കളുടെ അവസാനം മുതൽ തന്നെ ഇതിനു വേണ്ടിയുള്ള ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. 2001-ൽ അമേരിക്കയിലുണ്ടായ ആക്രമണങ്ങൾക്കു ശേഷം 'ഇസ്ലാമിക ഭീകരത' എന്ന പൊതുശത്രുവിനെതിരെ ഇരു രാജ്യങ്ങളിലെയും ഭരണവർഗങ്ങൾ നിലയുറപ്പിച്ചു. 2001-കാലയളവിൽ ഭരണത്തിലുണ്ടായിരുന്ന ബി.ജെ.പിയും പിന്നീട് അധികാരത്തിലെത്തിയ കോൺഗ്രസ്സും പിൻതുടരുന്നത് ഈയൊരു നയമാണ്. കൊല്ലം തോറും, ഒന്നരലക്ഷം കോടിരുപയുടെ ആയുധം വാങ്ങുന്ന ഇന്ത്യൻ വിപണിയുടെ സിംഹഭാഗവും കാലക്രമേണ കൈപ്പിടിയിലൊതുക്കാമെന്ന ആകർഷണീയതയും അമേരിക്കൻ നയകർത്താക്കൾക്ക് അവഗണിക്കാവുന്നതല്ല. അമേരിക്കൻ മുതലാളിത്തത്തിന്റെ നിലനിൽപ്പിൽ സൈനിക വ്യവസായ സമുച്ചയത്തിന്റെ പങ്ക് നിർണ്ണായകമായ സാഹചര്യത്തിൽ ഇത്തരം കച്ചവടങ്ങളുടെ പ്രാധാന്യം ഏറെയാണ്. ഇന്ത്യ, അമേരിക്കയുടെ ഒരു ജൂനിയർ പാർട്നർ ആകുന്നതിൽ ഭരണപക്ഷത്തിനും, പ്രതിപക്ഷങ്ങൾക്കും പ്രത്യേകിച്ച് വിയോജിപ്പുകൾ ഒന്നുമില്ല. തിരുത്തൽവാദ ഇടതുപക്ഷം പതിവുരീതിയിലുള്ള പ്രതിഷേധ പ്രസ്താവനകളുമായി തങ്ങളുടെ ചരിത്രപരമായ ദൗത്യം നിറവേറ്റിക്കഴിഞ്ഞു. ഇന്നാട്ടിലെ ജനങ്ങളുടെ പണം കൊണ്ടു വാങ്ങുന്ന ആയുധം എങ്ങനെ, ആർക്കെതിരെ ഉപയോഗിക്കണം എന്നു തീരുമാനിക്കാനുള്ള അവകാശം അത് വിറ്റവന് നൽകികൊണ്ടാണ് നമ്മുടെ ഭരണവർഗങ്ങൾ യജമാനഭക്തി പ്രകടിപ്പിക്കുന്നത്. തങ്ങളുടെ യജമാനഭക്തി ദേശീയ താൽപര്യമാണെന്ന് ആത്മാർത്ഥമായാണ് അവർ പറയുന്നത്. കാരണം അതൊരു വർഗ്ഗ ദൗത്യമാണ്..

ഒരുതരത്തിലും ന്യായീകരിക്കുവാൻ കഴിയാത്ത ഇൻഡോ-അമേരിക്കൻ ആയുധവ്യാപാരക്കരാറിന്റെ വിവാദക്കറ മായും മുമ്പാണ് ഈജിപ്തിൽ അരങ്ങേറിയ ചേരിചേരാ ഉച്ചകോടിക്കിടെ മൻമോഹൻ സിങ്ങും, പാക് പ്രധാനമന്ത്രി യൂസഫ് റസാ ഗിലാനിയും പുറപ്പെടുവിച്ച സംയുക്ത പ്രസ്താവന പുറത്തു വരുന്നത്. ഭീകര പ്രവർത്തനത്തെ നേരിടുമെന്ന പതിവുചേരുവകൾക്കൊപ്പം, ബലൂചിസ്ഥാനെക്കുറിച്ചുള്ള പരാമർശമാണ് വിവാദത്തിന്റെ കേന്ദ്രബിന്ദു.ഇന്ത്യയിലെയും, പാകിസ്ഥാനിലെയും ഭരണവർഗങ്ങളുടെ അമേരിക്കയോടുള്ള വിധേയത്വം തന്നെയാണ് ഇതിലും തെളിയുന്നത്. കാശ്മീരിലെ ജനങ്ങളുടെ സ്വയംഭരണാവകാശത്തെ ഇന്ത്യൻ ഭരണവർഗ്ഗങ്ങൾ അംഗീകരിക്കാത്തതു പോലെ, ബലൂചിസ്ഥാനിലെ ജനങ്ങളുടെ താൽപര്യം പാകിസ്ഥാനി ഭരണവർഗങ്ങളും വകവെച്ചു കൊടുത്തിട്ടില്ല. കാശ്മീരിലെ കുഴപ്പങ്ങൾക്കു പിന്നിൽ, പാകിസ്ഥാനാണെന്ന ഇന്ത്യൻ ഭരണാധികാരകളുടെ പ്രചാരണത്തിനു സമാനമാണ് ബലൂചിസ്ഥാനെക്കുറിച്ചുള്ള പാകിസ്ഥാൻ നിലപാടുകളും. ഇന്ത്യൻ രഹസ്യാന്വേഷണ ഏജൻസിയായ 'റോ' യാണ് ബലൂചിസ്ഥാനിലെ കുഴപ്പങ്ങളുടെ പിറകിലെന്നാണ് പാകിസ്ഥാന്റെ ഔദ്യോഗിക നിലപാട്. കാശ്മീരിലെയും, ബലൂചിസ്ഥാനിലെയും ജനങ്ങളുടെ ദേശീയ അഭിലാഷങ്ങളെ ഇരു രാജ്യങ്ങളിലെയും ഭരണവർഗങ്ങൾ അംഗീകരിക്കുന്നില്ല. അതിനു പകരം സൈനികമായ അടിച്ചമർത്തലാണ് നടത്തുന്നത്. 1947-ലെ അധികാരക്കൈമാറ്റം മുതൽ തുടരുന്ന ഈ തർക്കങ്ങളുടെ അവസരമുപയോഗിച്ചു കൊണ്ടാണ് മേഖലയിലെ അമേരിക്കൻ ഇടപെടലുകൾക്ക് പുതിയമാനം കൈവരുന്നത്. പാകിസ്ഥാനുമായുള്ള


> കാശ്മീരിലെ ജനങ്ങളുടെ സ്വയംഭരണാവകാശത്തെ ഇന്ത്യൻ ഭരണവർഗ്ഗങ്ങൾ അംഗീകരിക്കാത്തതുപോലെ, ബലൂചിസ്ഥാനിലെ ജനങ്ങളുടെ താൽപര്യം പാകിസ്ഥാനി ഭരണവർഗങ്ങളും വകവെച്ചു കൊടുത്തിട്ടില്ല. കാശ്മീരിലെ കുഴപ്പങ്ങൾക്കു പിന്നിൽ, പാകിസ്ഥാനാണെന്ന ഇന്ത്യൻ ഭരണാധികാരകളുടെ പ്രചാരണത്തിനു സമാനമാണ് ബലൂചിസ്ഥാനെക്കുറിച്ചുള്ള പാകിസ്ഥാൻ നിലപാടുകളും.



സംയുക്ത പ്രസ്താവനയിൽ ബലുചിസ്ഥാൻ പരാമർശമായതാണ് ഇപ്പോൾ വിവാദമായിരിക്കുന്നത്. ഇന്ത്യയുടെ ദേശീയ താൽപര്യങ്ങൾക്ക് വിരുദ്ധമാണ് ഈയൊരു പരാമർശം എന്നാണ് വിമർശനം. സംയുക്ത പ്രസ്താവനക്കെതിരെ നടക്കുന്ന മുഖ്യധാരാ വിവാദങ്ങളുടെ അടിത്തറ സങ്കുചിത ദേശീയതയാണ്. കാശ്മീരിൽ കുഴപ്പങ്ങളുണ്ടാക്കുന്നത് പാകിസ്ഥാനാണെന്നും, ബലുചിസ്ഥാനിലെ പ്രശ്നങ്ങൾക്കു കാരണം ഇന്ത്യയുമാണെന്നു സ്ഥാപിച്ചു കഴിഞ്ഞാൽ ഇരുപ്രശ്നങ്ങളും പരിഹരിക്കുവാൻ 'സത്യസന്ധനായ' മൂന്നാമന്റെ ആവശ്യം സ്വാഭാവികമാണ്. ഇന്നത്തെ ആഗോള സാഹചര്യത്തിൽ, അമേരിക്കയാണ് മൂന്നാമന്റെ റോളിൽ തിളങ്ങാൻ പോകുന്നതെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. പശ്ചിമേഷ്യ കഴിഞ്ഞാൽ, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തന്ത്രപരമായ നിയന്ത്രണം വ്യാപിക്കുന്ന പ്രധാന പ്രദേശമാണ് ഇന്ത്യനുപഭൂഖണ്ഡം. ഇന്ത്യാ-പാകിസ്ഥാൻ തർക്കമാണ് ഇതിനുള്ള ചവിട്ടുപടിയായി അമേരിക്കൻ സാമ്രാജ്യത്വം ഉപയോഗിക്കുന്നത്. സാമ്രാജ്യത്വ ഇടപെടൽ ഏതുവരെയാകാം എന്നതൊഴിച്ചാൽ ഇക്കാര്യത്തിൽ ഇരു രാജ്യങ്ങളിലെയും ഭരണവർഗങ്ങൾക്കു പ്രത്യേകിച്ച് എതിർപ്പുകൾ ഒന്നുമില്ല. പാകിസ്ഥാനിൽ, ഇതിനകം അമേരിക്ക നേരിട്ട് ആക്രമണങ്ങൾ നടത്തുന്നുണ്ട്. അത്തരം ഇടപെടലുകളുടെ യുക്തി ഒരു പ്രദേശത്തു മാത്രമായി ഒതുങ്ങുമെന്ന് കരുതാനാവില്ല. ഇന്ത്യയിലെയും, പാകിസ്ഥാനിലെയും ഭരണവർഗങ്ങൾക്ക് ഇക്കാര്യത്തിൽ മൗലികമായ എതിർപ്പുകൾ ഒന്നുമില്ല. ഇന്ത്യയിലെ ഇതു സംബന്ധിച്ച തർക്കങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും. ഇന്ത്യയുടെ വലിപ്പവും, പാകിസ്ഥാനെക്കാൾ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയും ഉപയോഗപ്പെടുത്തി പൂർണ്ണമായും അമേരിക്കൻ പക്ഷത്തു തന്നെ നിൽക്കണമെന്നാണ് ബി.ജെ.പിയുടെ കാഴ്ചപ്പാട്. പാകിസ്ഥാനെ, അമേരിക്ക പൂർണ്ണമായും ഉപേക്ഷിക്കുവാൻ തയ്യാറല്ലെങ്കിലും കിടച്ചതു ഭാഗ്യം എന്ന നിലയിലാണ് മൻമോഹൻ സിംഗും കൂട്ടരും കാര്യങ്ങൾ നീക്കുന്നത്. ചേരിചേരാ നയത്തിൽ നിന്നും വ്യതിചലിക്കുന്നുവെന്ന് വിലപിക്കുക മാത്രമാണ് തിരുത്തൽവാദ ഇടതുപക്ഷത്തു നിന്നുള്ള പ്രതികരണം.

സാമ്രാജ്യത്വസേവയുടെ പ്രത്യക്ഷത്തിലുള്ള ഈ നീക്കങ്ങളുടെ മറ്റൊരു പതിപ്പാണ് തെക്കു കിഴക്കേഷ്യൻ രാജ്യങ്ങളുമായിസ്വതന്ത്ര വ്യാപാര കരാർ ഒപ്പുവെക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം. ആസിയാൻ (അസ്സോസിയേഷൻ ഓഫ് സൗത്ത്-ഈസ്റ്റ് ഏഷ്യൻ നേഷൻസിന്റെ ചുരുക്കപ്പേരാണ് ആസിയാൻ) കരാർ ഏറ്റവുമധികം ദോഷകരമായി ബാധിക്കുവാൻ പോകുന്ന സംസ്ഥാനം കേരളമാണ്. ഭക്ഷ്യയെണ്ണ, സുഗന്ധവ്യഞ്ജനം, റബർ, തേയില, കാപ്പി, മൽസ്യമേഖല തുടങ്ങി സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിട വരുത്തുന്ന ഈ കരാറിന്റെ വിശദാംശങ്ങൾ ഇനിയും കേന്ദ്ര സർക്കാർ പുറത്തു വിട്ടിട്ടില്ല. ഇറക്കുമതി തീരുവ കുറയുന്നുവെന്ന മട്ടിലാണ് കേരളത്തിൽ ഈ വിഷയം പ്രധാനമായും ചർച്ചചെയ്യപ്പെടുന്നത്. കേരളത്തിൽ മാത്രമല്ല, ലോകമാകെ കാർഷിക രംഗത്ത് സംഭവിക്കുന്ന നിയോ-കൊളോണിയൽ ചൂഷണത്തിന്റെ പൊതു പശ്ചാത്തലത്തിൽ നിന്നും അടർത്തി മാറ്റി, ഒറ്റപ്പെട്ട നിലയിൽ വിഷയത്തെ സമീപിക്കുന്നതിൽ അർത്ഥമില്ല. കാർഷിക രംഗത്തെ നിയോ-കൊളോണിയൽ പിടിമുറുക്കൽ 2008-ൽ മുതലാളിത്ത ലോകത്തെ ഗ്രസിച്ച സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കൂടുതൽ തീവ്രമാകുമെന്ന കാര്യത്തിൽ സംശയമില്ല. കരാറിനെ സംബന്ധിച്ച ചർച്ചകളിൽ ഇതുവരെ ഉയർന്നു വരാത്ത പ്രശ്നവും ഇതു തന്നെയാണ്. നേരത്തെ സൂചിപ്പിച്ച കരാറുകളെപ്പോലെ, ആസിയാനുമായുള്ള ഇടപാടും പൊടുന്നനെ സംഭവിച്ചതല്ല. കഴിഞ്ഞ 5-6 വർഷങ്ങളായി ഇതു സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു. 2008-ൽ കരാറിന്റെ പൊതുചട്ടക്കൂട് അംഗീകരിക്കുകയും, 2009-ൽ തന്നെ അതിൽ ഒപ്പുവെക്കുകയും ചെയ്യുമെന്ന് തീരുമാനിച്ചിരുന്നു. ഇത്രയും കാലത്തിനിടെ, കരാർ കേരളത്തെ എങ്ങനെ ബാധിക്കുമെന്ന ഒരു ചർച്ചയും കേരളത്തിലെ ഇടതു-വലതു ചേരികളിലുള്ള ഭരണവർഗ കക്ഷികൾ നടത്തിയിട്ടില്ല. ബോധപൂർവമായ നിരുത്തരവാദിത്തമെന്നതിനുപരി ഭരണവർഗ കക്ഷികൾ നിയോ-കൊളോണിയൽ ചൂഷണ സംവിധാനത്തിന്റെ നടത്തിപ്പുകാരായതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കരാറിനെതിരെ ഉയരുന്ന വ്യാപകമായ ആശങ്കകളുടെയും, പ്രതിഷേധത്തിന്റെയും പശ്ചാത്തലത്തിൽ തൽക്കാലം ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള വിദ്യകൾ മാത്രമാണ് ഇടതു-വലതു മുന്നണികൾ തമ്മിൽ ഇക്കാര്യത്തിൽ നടക്കുന്ന പ്രസ്താവനായുദ്ധങ്ങൾ. പ്രസ്താവനകൾക്കപ്പുറം, ഇക്കൂട്ടരിൽ നിന്നും മറ്റൊന്നും പ്രതീക്ഷിക്കാനില്ലായെന്നു തിരിച്ചറിയുന്ന ജനങ്ങൾ സ്വന്തം വഴി കണ്ടെത്തുമെന്നാണ് ചരിത്രം നൽകുന്ന പാഠം. ■

## ഗവേഷണത്തിലെ പുത്തൻ കൊളോണിയലിസം





*'ഏറ്റവും നല്ല ഇന്ത്യൻ ഗവേഷണസ്ഥാപനങ്ങളുടെ ആരംഭദശയിൽ ഫോർഡ് ഫൗണ്ടേഷന്റെ ധനസഹായം അവയ്ക്ക് അകമ്പടി നൽകിയ കാര്യം ഇന്ത്യയിലുടനീളമുള്ള യാത്രകൾക്കിടയിൽ എനിക്ക് ശ്രദ്ധിക്കാനായി. റോക്ക്ഫെല്ലർ ഫൗണ്ടേഷനും ... കാർഷിക ഗവേഷണത്തിൽ ... വലിയ നേട്ടങ്ങൾ കൈവരിച്ചു. സഹായപദ്ധതികളുടെ ഒരു വലിയ കുറവ്, ഹ്രസ്വകാല ലക്ഷ്യത്തോടെ പ്രോജക്ട് അടിസ്ഥാനത്തിൽ മാത്രമുള്ള ധനസഹായം, പരിഹരിക്കാൻ ഇന്ന് ആഗോളതലത്തിൽ ഒരു പുതിയ നീക്കം അരങ്ങേറുകയാണ്. ... വികസ്വര ലോകത്തെ ഗവേഷണ സ്ഥാപനങ്ങളുടെ കാതലായ ശേഷികൾ പിന്തുണയ്ക്കാൻ 10 കോടി ഡോളറിന്റെ ... തിങ്ക് ടാങ്ക് (ചിന്താകേന്ദ്രം) മുൻകൈ.'*

**കനേഡിയൻ** അന്താരാഷ്ട്ര വികസനസഹായ സ്ഥാപനതലവന്റെ ഈ അഭിപ്രായത്തിൽ സത്യമുണ്ട് - നമ്മുടേതെന്ന് ധരിച്ച ഗവേഷണസ്ഥാപനങ്ങളുടെ അന്വേഷണങ്ങൾക്ക് ദിശ നൽകിയത് ഫോർഡ് ഫൗണ്ടേഷനെപോലുള്ള സാമ്രാജ്യത്വ ഫണ്ടുകളായിരുന്നു. അങ്ങനെയാണ് പുത്തൻകൊളോണിയൽ ചൂഷണത്തിന് കളമൊരുക്കിയത്. ആദ്യം തലപ്പത്ത്, ഗവേഷണകേന്ദ്രങ്ങളിൽ, പിടിമുറുക്കി. അവിടെനിന്നു പഠിച്ചുവന്നവർ പിന്നീട് വിവിധ മേഖലകളിലെ വിദഗ്ദ ഉപദേഷ്ടാക്കളായി. സാമ്രാജ്യത്വ ആശ്രിതത്വം ഇങ്ങനെ 'ദേശീയ' ശാസ്ത്ര-സാങ്കേതിക മുന്നേറ്റമായി വേഷംമാറി വന്ന് പിടിമുറുക്കി. ഇനി ആഗോളവൽക്കരണത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഈ സ്ഥാപനങ്ങളെ പുനർവാർത്തെടുക്കണം. അതിനാണ് 'ചിന്താകേന്ദ്ര'ങ്ങളെ തന്നെ വീണ്ടും ലക്ഷ്യമിടുന്നത്. ■

# പുത്തൻ വിദ്യാഭ്യാസം കാലാനുസാരിയോ ?

ഗീത



**വിദ്യാഭ്യാസത്തെകുറിച്ച്** ചിന്തിക്കുമ്പോൾ അതിൽ ഏറ്റവും പ്രധാനമാനം വിദ്യാഭ്യാസം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്നാണ്.

വിദ്യാഭ്യാസം ഒരു രാഷ്ട്രത്തിലെ ജനതയെ സാംസ്കാരികമായിട്ട് ഐക്യപ്പെടുത്തുവാനും, അവരെ ശാക്തീകരിക്കാനുമുള്ള സാംസ്കാരിക പ്രവർത്തനമാണ്. ആ തരത്തിൽ തന്നെയാണ് നമ്മുടെ പഴയകാല വിപ്ലവകാരികളും ചിന്തകരും വിദ്യാഭ്യാസത്തെ തിരിച്ചറിഞ്ഞിരിക്കുന്നത്. പക്ഷെ അടുത്ത കാലത്ത് ആഗോളീകരണം സംഭവിച്ചതിന് ശേഷം വിദ്യാഭ്യാസത്തെകുറിച്ചുള്ള കാഴ്ചപാടിൽ ലോകത്താകമാനം മാറ്റം ഉണ്ടായിട്ടുണ്ട്. ഒരു പക്ഷെ അതിന്റെ എല്ലാ തരത്തിലുമുള്ള പ്രവണതകളോടും കൂടി അതിനെ സ്വീകരിക്കാൻ സജ്ജമായിട്ടുള്ള ഒരു മൂന്നാം ലോക രാജ്യമാണ് ഇന്ത്യ. കാരണം എൻ.ഡി.എ സർക്കാരിന്റെ 2005 ലെ വിദ്യാഭ്യാസ നയരേഖ, പിന്നീട് വന്ന യു.പി.എ സർക്കാരിന്റെ നയരേഖ, ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിലെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള പോളിസികൾ മുതലായവ തമ്മിലുള്ള സാമ്യം, ഇവിടുത്തെ രാഷ്ട്രീയ പാർട്ടികളുടെയോ മറ്റു സംവിധാനങ്ങളുടെയോ അകത്ത് നടന്ന ചർച്ചയുടെ ഫലമല്ല ഇവയെന്ന് വ്യക്തമാക്കുന്നു. മറിച്ച് ബാഹ്യ ശക്തികൾ അടിച്ചേൽപ്പിക്കുന്ന ഒന്നാണ് കഴിഞ്ഞ 10 വർഷകാലത്ത് നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ. അത് പോലും യശ്പാൽ കമ്മിറ്റിയുടെ റിപ്പോർട്ടിനെക്കാൾ കൂടുതലായി ആശ്രയിച്ചിരിക്കുന്നത് അംബാനിയുടെ റിപ്പോർട്ടിനെയാണ്.

വിദ്യാഭ്യാസമിന്ന് കൺക്കറൻഡ് ലിസ്റ്റിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഉദാഹരണത്തിന്, 2005-ൽ ദേശീയ കരികുലം ഫ്രയിംവർക്ക് വന്നു. 2007-ൽ എൽ.ഡി.എഫ് ഭരണത്തിൽ വന്നശേഷം കേരള കരികുലം ഫ്രെയിം വർക്ക് വന്നു. ഇത് എൻ.സി.എഫ് നെ അതേ പടി പകർത്തിയിരിക്കുകയാണ്. അതായത് സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുക. ബോധനരീതിയും മൂല്യനിർണ്ണയരീതിയും പരിഷ്കരിച്ചത് പുതിയ കാലത്തിനനുസരിച്ച് എന്ന നാട്യത്തോടെയായിരുന്നു. ഇവിടെ ഉണ്ടായിരുന്ന വിദ്യാഭ്യാസ സമ്പ്രദായം അത്ര മെച്ചപ്പെട്ടതായിരുന്നില്ലെങ്കിലും ഇന്നത്തേതിനെ അപേക്ഷിച്ച് മെച്ചപ്പെട്ടതായിരുന്നു. പുതിയ പാഠ്യപദ്ധതി കാലത്തിനനുസരിച്ചല്ല നിർദ്ദേശിച്ചിരിക്കുന്നത് എന്ന് പ്രാഥമിക അവലോകനം പോലും ബോധ്യപ്പെടുത്തും. കെ.സി.എഫ് അനുസരിച്ച് ഭാഷ, സാഹിത്യം, മാനവികത എന്നിവയ്ക്കുള്ള പ്രാധാന്യം തീർത്തും ഇല്ലാതെയായിരിക്കുകയാണ്. കുട്ടികൾക്ക് തൊഴിൽ കിട്ടുവാൻ മേൽപറഞ്ഞ വിഷയങ്ങൾ പോരായെന്നാണ് ഇതിനുള്ള ന്യായം. യഥാർത്ഥത്തിൽ എന്താണ് കെ.സി.എഫ് ഉണ്ടാക്കിയ ഉന്നതൻമാരുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ആത്യന്തികമായ ചിന്ത എന്നതാണ് പ്രശ്നം. വിദ്യാഭ്യാസം എന്നത് കേവലം തൊഴിലിനുവേണ്ടിയുള്ള ഉപാധിയായാണ് ഇവർ കാണുന്നത്. തീർച്ചയായും തൊഴിൽ പ്രധാനം തന്നെയാണ്. പക്ഷെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും മറ്റു ഐച്ഛികാധിഷ്ഠിതമായ വിദ്യാഭ്യാസവും തമ്മിലുള്ള വ്യത്യസ്തത പരിഗണിക്കാതെയാണ് പൊതുവിദ്യാഭ്യാസമെന്നതിനെ തൊഴിലാക്കി ചുരുക്കിയിരിക്കുന്നത്. ഇതിന്റെ ഭാഗമായാണ് കുട്ടികൾക്ക് ഒന്നാം ക്ലാസ്സു മുതൽ കമ്പ്യൂട്ടർ പഠിക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ ഈ രീതിയിലൂടെ കുട്ടികളിൽ ഉണ്ടാകേണ്ട ആശയലോകം വരെ ഇല്ലായ്മ ചെയ്യപ്പെടുകയാണ്. ശാസ്ത്രത്തിന്റെ ആശയലോകം എടുത്ത് കളഞ്ഞ് സാങ്കേതികതയ്ക്ക് ഊന്നൽ നൽകുന്നു. ഫലത്തിൽ കുട്ടികളിൽ ഉണ്ടാകേണ്ടിയിരുന്ന ഗണിതത്തിന്റെയും, ചരിത്രത്തിന്റെയും തത്വചിന്തയുടെയും ആശയലോകം പൂർണ്ണമായി എടുത്ത്മാറ്റി അവരെ ശുദ്ധ പ്രായോഗിക വാദികളാക്കി മാറ്റുകയാണ്. അടിച്ചേല്പിക്കപ്പെടുന്ന ഈ പ്രയോഗ സാധ്യതകളാകട്ടെ കുട്ടികൾക്ക് തൊഴിൽ കിട്ടുവാൻ കൂടുതൽ ഉപകരിക്കുമെന്നാണ് ഇവരുടെ വാദം. ഇത് മനസ്സിലാക്കണമെങ്കിൽ അൽപ്പം പിന്നിലേക്ക് നോക്കേണ്ടിയിരിക്കുന്നു.

ദേശീയതലത്തിൽ വിദ്യാഭ്യാസം ഏകീകരിക്കേണ്ടത് ഇവർക്ക് ആവശ്യമായിരുന്നു. കാരണം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട പൊതുവിദ്യാഭ്യാസം കേരളത്തിലായിരുന്നു. ഇതിനെയാണ് നിരക്ഷരരായ സമൂഹത്തിലെ വിദ്യാഭ്യാസവുമായി ഏകീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ ഏകീകരണത്തിൽ ചില വൈരുദ്ധ്യങ്ങൾ കാണാം. ഇവർ ഉണ്ടാക്കുന്ന വിദ്യാഭ്യാസത്തിന്റെ ചുമതല തദ്ദേശീയസ്വയം ഭരണത്തിന്റെ കീഴിലായി മാറണം. വിദ്യാഭ്യാസ നട

ത്തിപ്പ് പഞ്ചായത്ത്, മുനിസ്സിപാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ കീഴിലാവും.പി.പി.പി. എന്നത് യഥാർത്ഥ വൈദേശിക താല്പര്യങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ളതല്ലെ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

ജനകീയാസൂത്രണത്തിന്റെ പേരിൽ പങ്കാളിത്ത ജനാധിപത്യത്തെ കൂട്ടുപിടിച്ച് രാഷ്ട്രീയ പ്രസ്ഥാനങ്ങളെ അപ്രസക്തമാക്കുകയും പകരം എൻ.ജി.ഒ സംഘടനകൾക്ക് പ്രാമുഖ്യം കൊടുക്കുകയുമാണുണ്ടായത്. ഇതിന്റെ പിന്നിലും ഇത്തരം ലക്ഷ്യങ്ങൾ തന്നെയാണുള്ളത്. ഒരു വികസന സങ്കൽപ്പത്തെ അതിന്റെ എല്ലാ പരിപ്രേക്ഷ്യങ്ങളിൽ നിന്നും അടർത്തി എടുത്ത് വളരെ പ്രതിലോമപരമായ തലത്തിലേക്ക് മാറ്റപ്പെടുകയാണ്.

ആന്തരിക ഘടനയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് അതിനെ വികസനത്തിന്റെ മാതൃകയായി ഉയർത്തിക്കാട്ടുകയാണിവർ

വളരെ ഉപരിപ്ലവമായിട്ടുള്ള ചില പുറം മോഡിയിലേക്ക് വിദ്യാലയങ്ങളെ മാറ്റികൊണ്ടിരിക്കുകയാണ്. ഇത് DPEP യുടെ ഭാഗമായി ലോകബാങ്കിന്റെ സഹായത്തോടുകൂടിയാണ് വന്നിട്ടുള്ളതെന്ന് സമൂഹത്തിനറിയാം. ഇതിന്റെ ഭാഗമായി വികേന്ദ്രീകരണം എന്ന വ്യാജേന പൊതുവിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്ത്വത്തിൽ നിന്ന് സർക്കാർ പിൻമാറുകയും പഞ്ചായത്തിന്റെ ചുമതലയിലേക്ക് വിദ്യാഭ്യാസത്തെ മാറ്റിയിരിക്കുകയുമാണ് ഉണ്ടായിരിക്കുന്നത്.

ഇതിനെല്ലാം പുറമേയാണ് ക്ലാസ്സുകളിലെ കൗമാരപ്രായക്കാരുടെ ലൈംഗീക വിദ്യാഭ്യാസം. എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ് 9, 10, 11 എന്നീ ക്ലാസ്സുകളിലെ ലൈംഗീക വിദ്യാഭ്യാസത്തെ കുറിച്ചുള്ള പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ലൈംഗീക വിദ്യാഭ്യാസം തെറ്റാണന്നല്ല. ഇതിന് വേണ്ടി ധാരാളം വിദേശ ഫണ്ടുകൾ ഇവിടേക്ക് വരുന്നുണ്ട്. എയ്ഡ്സ് കൺടോൾ സൊസൈറ്റി തയ്യാറാക്കിയ പാഠ്യപുസ്തകങ്ങളും അധ്യാപകൻ വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ ഉപയോഗിക്കുമ്പോൾ അതിൽ പ്രധാനമായിട്ട് സൂചിപ്പിക്കുന്നത് എയ്ഡ്സ് എങ്ങനെ തടയാം, നിങ്ങൾക്ക് എങ്ങിനെ സുന്ദരിയാകാം, വിയർപ്പിന്റെ നാറ്റം എങ്ങിനെ ഒഴിവാക്കാം തുടങ്ങിയവയാണ്. ഇതെല്ലാം കൗമാരമനസിന്റെ പ്രശ്നങ്ങളാണ്. നമ്മുടെ ഭരണഘടനാപ്രകാരം വിവാഹ പ്രായം 18 വയസ്സാണ്. പിന്നെയെന്തിനാണ് 9, 10, 11 ക്ലാസ്സിലെ കുട്ടികളെ ഇത് പഠിപ്പിക്കുന്നത്. മാത്രവുമല്ല വിവാഹപൂർവ്വ ലൈംഗികത പ്രോത്സാഹിപ്പിക്കാത്ത നാടാണ് നമ്മുടെത്. എന്നിരിക്കെ Aids Control Society ഗർഭനിരോധന ഉപാധികളെകുറിച്ച് 14,15,16 വയസ്സുള്ള കുട്ടികളെ പഠിപ്പിക്കേണ്ട ആവശ്യമെന്താണ്. ഇത് ടൂറിസ്സവുമായി ബന്ധപ്പെട്ട സംഗതിയാണെന്ന് ഇവിടെ വ്യക്തമാകുന്നു. ഇത്തരത്തിലുള്ള ഇൻഡസ്ട്രിയൽ തുടങ്ങുക എന്ന ഭരണാധികാരികളുടെ ലക്ഷ്യമാണ് ഇത്തരം പാഠപുസ്തകങ്ങളുടെ പിന്നിലുള്ളത്. ലൈംഗീകത ഒരു തൊഴിലാണ്. സെക്സ് ടൂറിസത്തിലൂടെ ഇതിനെ സാധൂകരിക്കുവാൻ കഴിയും. ഇതെല്ലാം വ്യവസായ പുരോഗതിയെന്നാണ് ഭരണാധികാരികളുടെ വാദം. അതായത് സെക്സ് ടൂറിസത്തിന് വലിയൊരു സാധ്യത തുറക്കുക എന്നതാണ് ഇതിന്റെ പിന്നിലെ ലക്ഷ്യം.

എന്തിനാണ് സാഹിത്യം പഠിക്കുന്നതെന്നാണ് ഉന്നത അധികാരികൾ ചോദിക്കുന്നത്. ഭാഷ എല്ലാവർക്കും അറിയാം പിന്നെയന്തിനാണ് പഠിക്കുന്നത്. നമ്മുക്ക് അറിയാം എന്തെല്ലാം പഠിക്കുമ്പോഴും നമ്മളെ സംസ്കരിച്ചെടുക്കുന്നത് ലബോറട്ടറികളല്ല. മറിച്ച് തലചോറ് ഉൾക്കൊള്ളുന്ന ആശയലോകമാണ്. അതിനെയാണ് നാം സംസ്കാരമെന്ന് പറയുന്നത്. അടുത്ത തലമുറയക്ക് പകർന്ന്കൊടുക്കുന്നതുമതാണ്. ഇപ്പോൾ കുട്ടികൾക്ക് ആകെ അറിയുന്നത് വിരലുകൾ കൊണ്ട് ബട്ടനുകൾ അമർത്തുവാനാണ്. വളരെ യാന്ത്രികമായിട്ട് പ്രവർത്തിക്കുന്ന ഭ്രമാത്മകമായ യുക്തി കൊണ്ടാണ് വിദ്യാഭ്യാസത്തെ നോക്കി കാണുന്നത്. സാങ്കേതികമായിട്ടുള്ള കാര്യങ്ങളെ ഡിസൈൻ ചെയ്യാനല്ല മറിച്ച് ഉപയോഗിക്കുവാൻ മാത്രമാണ് പഠിപ്പിക്കുന്നത്. അത്തരത്തിൽ സ്കൂൾ തല വിദ്യാഭ്യാസത്തെ പരിവർത്തനപ്പെടുത്തുന്ന നടപടികൾ പൂർത്തീകരിച്ചതിന് ശേഷമാണ് യശ്പാൽ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കുവാൻ പോകുന്നത്. അപ്പോൾ അതിന്റെ മുന്നോടിയായിട്ടാണ് സർവകലാശാലാ തലത്തിലുള്ള വൻ ഫീസ് വർദ്ധനവ്. ഡിഗ്രി തലം മുതൽ ഇത് സംഭവിക്കുന്നു. ഇത്രയും വമ്പിച്ച ഫീസ് എങ്ങിനെയാണ് പൊതുവിദ്യാഭ്യാസത്തിന് വേണ്ടി വരുന്നത്. കേരളത്തിന് അതിന്റെ ആവശ്യം എന്താണ്. സാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അംഗീകരിക്കുമ്പോൾ സർക്കാരിന്റെ നിയന്ത്രണങ്ങൾ അയഞ്ഞു പോകുകയാണ്. ഫീസ് കൊടുത്ത് പഠിക്കുക എന്നുള്ള ശീലത്തിലേക്ക് കുട്ടികളെ, ഒരു തലമുറയെ തന്നെ പതുക്കെപതുക്കെ പരിവർത്തനപ്പെടുത്തുന്നതിന്റെ കൂടി ഭാഗമായിട്ടാണ് ഫീസ് വർദ്ധനവിനെ നാം കാണേണ്ടത്.

ഏകീകൃത സർവ്വകലാശാല നിയമത്തിനെതിരെ സമരം ചെയ്തിട്ടുള്ള അതേ ഇടത്തുപക്ഷം ഭരിക്കുന്ന സംസ്ഥാനത്താണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ കൊണ്ട് എല്ലാ യൂണിവേഴ്സിറ്റികളെയും ഏകീകരിപ്പിക്കുന്ന വിധത്തിൽ സിലബസ് ഉണ്ടാകുന്നത്.

ഉന്നതവിദ്യാഭ്യാസ കൗൺസിലിനോട് ചോദിച്ചാൽ അവർ പറയും ദേശീയ വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശപ്രകാരമാണെന്ന്. അപ്പോൾ ഒരു വലതുപക്ഷ മന്ത്രിസഭ കൊണ്ടുവന്നിട്ടുള്ള പരിഷ്കാരങ്ങളെ അവരെ അതിശയിപ്പിക്കുന്ന രീതിയിലാണ് ഇടതുപക്ഷം എന്ന് അവകാശപ്പെടുന്നവർ കൊണ്ടുവന്നിരിക്കുന്നത്. വലത് പക്ഷത്തിന് നടപ്പിലാക്കുവാൻ കഴിയാത്ത പരിഷ്കാരങ്ങളാണ് ഇടതുപക്ഷം നടപ്പാക്കുന്നത്. ഇതിന് അവർ പറയുന്ന ന്യായം DPEP-യുടെ തുടർച്ച കിട്ടുവാൻ വേണ്ടിയാണ് ഇത്തരത്തിലുള്ള പരിഷ്കാരങ്ങളെന്നാണ്.

ഇനിമുതൽ ഡിഗ്രി കോഴ്സുകൾ ഇല്ല. പകരം 'പ്രോഗ്രാംസ്' ആണ്. ഈ 'പ്രോഗ്രാം' എന്ന വാക്ക് തന്നെ എവിടെ നിന്നാണ് വന്നത്. അരാഷ്ട്രീയപരമായ മുതലാളിത്ത അജണ്ടയിൽ നിന്ന്. ഇപ്പോൾ തന്നെ സ്കൂൾ തലത്തിൽ കുട്ടികൾക്ക് രാഷ്ട്രീയബോധം തീരെയില്ല. പകരം റിയാലിറ്റിഷോ മാതൃകകളാണ്. ഈ കുട്ടികൾ കോളേജിൽ വരുമ്പോൾ അവിടെ ചർച്ചയും കവിതയും രാഷ്ട്രീയവും അവതരിപ്പിച്ചതിന്റെ സ്ഥാനത്ത് ഇന്ന് അവർക്ക് പ്രകടിപ്പിക്കാനുള്ളത് യഥാർത്ഥമായ ലോകത്തിലുള്ള വിഷയങ്ങളല്ല.

ഇങ്ങിനെ അവരവരുടെ ലോകത്തിൽ ഒതുങ്ങികഴിയുന്നവരാക്കി കുട്ടികളെ മാറ്റുകയാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം. അത് തന്നെയാണ്, മൂല്യനിർണ്ണയ രീതികളിൽ ശുപാർശചെയ്യുന്നതും. ഇത് വിദ്യാർത്ഥികളെ അകക്കാമ്പ് ഇല്ലാത്തവരാക്കി മാറ്റുന്നു. ഫലത്തിൽ കുട്ടി നാളെ പ്രതികരണശേഷി ഇല്ലാത്തവനായി മാറും. സർക്കാർ വിദ്യാഭ്യാസ മേഖലയിൽ നിന്ന് വരുന്ന കുട്ടി മാറ്റി നിർത്തപ്പെടും. കാരണം ഈ കുട്ടിയ്ക്ക് ഭാഷയോ, വിജ്ഞാനമോ, ചരിത്രമോ ഒന്നും തന്നെ അറിയില്ല. പകരം കമ്പ്യൂട്ടർ പ്രവർത്തിക്കുവാൻ മാത്രമറിയും. അതുതന്നെ ഭാഗികമായി മാത്രം പ്രവർത്തിക്കുവാനേ അറിയൂ. കാരണം യാതൊരു സാങ്കേതികതയും പുറംലോകവും അറിയാത്തവർക്ക് അതിന്റെ പ്രയോക്താവാകാൻ കഴിയില്ല.

യുവതലമുറയുടെ എല്ലാ തരത്തിലുള്ള ശരീരഭാഷയും ലൈംഗീകമായ അശ്ലീല തരത്തിലുള്ള ചില സൂചനകൾ കൊടുക്കുന്ന രീതിയിൽ, ശരീര ചലനങ്ങൾ മാത്രമായി കുട്ടികളെ കൊണ്ടുപോകുന്നു. മറിച്ച് അദ്ധ്വാനത്തിന്റെയോ, സമരത്തിന്റെയോ തലത്തിലുള്ള ശരീരങ്ങൾ അപ്രത്യക്ഷമാകുകയും സാങ്കേതികതയുടെ ഭാഷയിലേക്ക് മാത്രം അയഞ്ഞുകിടക്കുന്ന ഒരു സ്ഥിതിയിലേക്ക് ഇവരെ യാതൊരു ചിന്തയുമില്ലാതെ വലിച്ചിഴച്ച് കൊണ്ടുപോകുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ■

*തയ്യാറാക്കിയത്*
**സുനിൽ**

# വിദ്യാഭ്യാസമേഖലയിൽ സംഭവിക്കുന്നത്...

**എൻ.സുബ്രഹ്മണ്യൻ**



**ഇന്ന് ഇന്ത്യപോലുള്ള** രാജ്യത്ത് വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന ഘടനാപരവും അക്കാദമികവുമായ പരിഷ്കാരങ്ങൾ വലിയൊരു ചർച്ചയായി മാറിയിട്ടുണ്ട്. പ്രത്യേകിച്ചും ഈയിടെ പാർലമെന്റിൽ അവതരിപ്പിച്ച 'വിദ്യാഭ്യാസ അവകാശബില്ലു'മായി ബന്ധപ്പെട്ട് ഇത് ഒന്നുകൂടി തീവ്രമാവുകയുണ്ടായി. ചില വിമർശനങ്ങളോടെതന്നെ പൊതുവിൽ പുരോഗമനപക്ഷത്ത് നിലയുറപ്പിച്ചിരുന്നവർപ്പോലും പ്രസ്തുത ബില്ലിനെ സ്വാഗതം ചെയ്യുകയായിരുന്നു.

സാധാരണയായി പുരോഗമന ശക്തികൾ വിദ്യാഭ്യാസരംഗത്തുള്ള പരിഷ്കരണങ്ങളെ വിമർശിക്കുന്നത് വിദ്യാഭ്യാസത്തിന്റെ ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാനങ്ങളിലേക്ക് കൈമാറി കൊണ്ട് ആ ഉത്തരവാദിത്തത്തിൽ നിന്നും സർക്കാർ പിൻമാറുന്നു എന്ന നിലയ്ക്കാണ്. സാമ്പത്തികതലത്തിലുള്ള ഇത്തരം വിമർശനങ്ങൾ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. എന്നാൽ വിമർശനം ഇവിടെ പരിമിതപ്പെടുമ്പോൾ യാഥാർത്ഥ്യത്തെ അത് ഉൾക്കൊള്ളുന്ന സങ്കീർണ്ണതകളോടെ തിരിച്ചറിയാൻ കഴിയാതെ പോകുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ആഗോളവൽക്കരണവുമായി ബന്ധപ്പെട്ടതാണ്. രണ്ട് തലങ്ങളിൽ നാമ്മിതിനെ പരിശോധിക്കേണ്ടതുണ്ട്. ഒന്ന് സോവിയറ്റ് യൂണിയന്റേയും മറ്റ് സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും തകർച്ചയ്ക്കു ശേഷമുള്ള സ്ഥിതിവിശേഷം മുതലാളിത്തത്തിന് അവരുടെ ചൂഷണപദ്ധതികൾ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയും അതുവഴി മൂലധനത്തിന്റെ വ്യാപനത്തിന് കൂടുതൽ സാധ്യത സൃഷ്ടിക്കാൻ കഴിയുകയും ചെയ്തിരിക്കുന്നു. മറ്റൊന്ന് വിദ്യാഭ്യാസരംഗത്തെ തകർച്ച ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ ഈ മേഖലയുടെ പരിഷ്കരണത്തിന്റെ വർദ്ധിച്ച ആവശ്യകതയെക്കുറിച്ച് മുതലാളിത്തശക്തികളെ ബോധ്യപ്പെടുത്തുകയുണ്ടായി.

ലോകബാങ്കുൾപ്പെടെയുള്ള സ്ഥാപനങ്ങൾ വഴി നമ്മടേത് പോലുള്ള രാജ്യങ്ങൾക്ക് തരുന്ന വായ്പ്പകൾ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ പുതിയതരം വികസനം സൃഷ്ടിക്കുന്നതിനോടൊപ്പം, ഇതിലൂടെ നമ്മെ കടക്കെണിയിൽ പെടുത്തി സാമ്പത്തികപരമായി ദീർഘകാലത്തേക്ക് അവരുടെ ചൂഷണത്തിനു വിധേയമാക്കുന്നു എന്ന തരത്തിലുള്ള വിമർശനങ്ങളിൽ മാത്രം ചുരുങ്ങി നിന്നിട്ടു കാര്യമില്ല. ഇന്ത്യപോലുള്ള രാജ്യത്ത് ഭരണകൂടങ്ങൾ കൂടുതൽ സുരക്ഷാ ഭീഷണിയായി കാണുന്നത് നക്സലെറ്റ് പ്രശ്നമാണ്. ഇതിനെ മുൻനാളുകളിലെ പോലെ സൈനികമായിട്ടുമാത്രം നേരിടാൻ കഴിയില്ല എന്ന വിചാരത്തിൽ ഭരണകൂടം എത്തിച്ചേർന്നിട്ടുണ്ട്.

ഏതു രാജ്യത്തായാലും സാമൂഹ്യ-രാഷ്ട്രീയ വിപ്ലവങ്ങളിൽ മധ്യവർഗ്ഗവിഭാഗങ്ങളുടെ വർദ്ധിച്ച സാന്നിദ്ധ്യം നമ്മുക്ക് കാണാം. വിദ്യാഭ്യാസം ലഭിച്ചു ഭൗതികമായി വളരേയെറെ മുന്നേറിയിട്ടുള്ള മധ്യവർഗ്ഗത്തിന്റെ നേതൃത്തത്തിലൂടെയാണ് മിക്കവാറും രാജ്യങ്ങളിൽ വിപ്ലവപ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. അതുകൊണ്ടു തന്നെ അടിസ്ഥാന ജനവിഭാ

ഗങ്ങളുമായി ഈ വിഭാഗം സഖ്യം ചേരുന്നത് തടയുക എന്ന ആവശ്യം ഇന്ന് മുതലാളിത്തം ആഗോളതലത്തിൽ തന്നെ നടപ്പിലാക്കുന്ന പരിഷ്കരണങ്ങളുടെ ലക്ഷ്യമാവുന്നുണ്ട്. അതിന്റെ ഭാഗമായി ഭരണകൂടം നേരത്തെ നിർവ്വഹിച്ചുകൊണ്ടിരുന്ന പല ദൗത്യങ്ങളും 80 കൾക്ക് ശേഷം ഗവൺമെന്റ് ഫണ്ടോടുകൂടി, എൻ.ജി.ഒ.കൾ വഴി നിർവഹിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണ് ഉള്ളത്. ഇപ്പോൾ സാമൂഹിക പ്രതിബന്ധതയുള്ള മധ്യവർഗ്ഗ വിഭാഗങ്ങളെത്തന്നെയാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് ഭരണകൂടം ഉപയോഗിക്കുന്നത്. ആരോഗ്യ വിദ്യാഭ്യാസ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ ഈ വിഭാഗത്തിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയുന്നു എന്നതു കൊണ്ടു തന്നെ ഇവരെ പ്രതിവിപ്ലവത്തിനായി ഉപയോഗിക്കാൻ ഭരണകൂടത്തിന് സാധിക്കുന്നുണ്ട്. മുമ്പ് ഇവരുടെ ചായ്‌വ് ഇവിടുത്തെ അടിച്ചമർത്തപ്പെടുന്നവരുടെ രാഷ്ട്രീയസംരംഭങ്ങളോടായിരുന്നുവെങ്കിൽ ഇന്ന് പ്രത്യക്ഷത്തിൽ ഭരണകൂടത്തിൽ നിന്ന് വ്യത്യസ്ഥമെന്ന് തോന്നിപ്പിക്കുന്ന സ്വതന്ത്രമായ എൻ ജി ഒ, തലത്തിലേയ്ക്ക് ആ പ്രതിബദ്ധത വികസിച്ചിരിക്കുന്നതായി നമ്മുക്ക് കാണാം. അതിന്റെ ഏറ്റവും തന്ത്രപ്രധാന മേഖല വിദ്യാഭ്യാസ മേഖല തന്നെയാണ്.

യശ്പാലിനെ പോലുള്ള ഇടതുപുരോഗമന പ്രസ്ഥാനങ്ങളുടെ സഹയാത്രികരായിരുന്നവർ ഇന്ന് ആഗോള തലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളുടെ ഉപജ്ഞാതാക്കളായും പ്രയോക്താക്കളായും മാറിയിട്ടുണ്ട്. ഇടത്പക്ഷ പുരോഗമനശക്തിയാണെന്ന് പൊതുവിൽ തോന്നലുളവാക്കുന്ന ഇത്തരം ആളുകളുടെയും സംഘടനകളുടേയും ഈ മേഖലയിലെ ഇടപെടൽ പൊതുവിൽ പുരോഗമനപരമായ വികാസമാണ് എന്ന തോന്നൽ ഉളവാക്കുകയും ചെയുന്നു. അതുകൊണ്ട് തന്നെ ഇന്ന് നടപ്പിലാക്കുന്ന പരിഷ്കാരങ്ങളുടെ രാഷ്ട്രീയ തലം കൂടി നാം വിശകലനം ചെയ്യേണ്ടതാണ്. ഒന്ന് ഭരണകൂട താൽപര്യങ്ങളുടെ, സാമ്പത്തികതലവും, മറ്റൊന്ന് അതിന്റെ രാഷ്ട്രീയതലവും.

മുതലാളിത്തത്തിന്റെ പരിഷ്കരണങ്ങൾ വിപണി താൽപര്യത്തിനു വേണ്ടിയാണ് എന്നത് മുതലാളിത്വത്തെകുറിച്ചുള്ള വിമർശനമേയല്ല. മുലധനത്തിന്റെ ലാഭത്തെ കേന്ദ്രീകരിച്ചുതന്നയാണ് മുതലാളിത്തം വികസിച്ചുവന്നിട്ടുള്ളത്. വിപണിയുടെ പ്രവർത്തനം വ്യാപിപ്പിച്ച് ലാഭം വർദ്ധിപ്പിക്കുമ്പോൾ ചില പുരോഗമനോന്മുഖമായ പരിഷ്കാരങ്ങൾക്കും അതിന് നേതൃത്വം വഹിക്കേണ്ടി വരുന്നുണ്ട്. ഇന്ന് പരിശോധിക്കുമ്പോൾ മുതലാളിത്തത്തിന്റെ ഈ പരിഷ്കരണ ശ്രമങ്ങൾ പൂർണ്ണമായും അവസാനിച്ചുവോ എന്ന ചോദ്യം നാം നേരിടുന്നുണ്ട്. ഇന്ത്യ പോലുള്ള ഫ്യൂഡലിസമായി സന്ധിചെയ്ത രാജ്യങ്ങളിൽ നേരത്തെ നിലനിന്നതിൽ നിന്ന് വ്യത്യസ്തമായി നാല് ദശകങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ദ്യതഗതിയിലുള്ള വികസന പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും പുരോഗതിയുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഉണ്ടായ പുതിയ സാമൂഹ്യപ്രശ്നങ്ങൾ-(പരിസ്ഥിതി പ്രശ്നം, സ്ത്രീ പ്രശ്നം, അടിച്ചമർത്തപ്പെട്ട ആദിവാസികളുടെ പ്രശ്നം, ദളിത് പ്രശ്നം) ഫ്യൂഡൽ ആധിപത്യ കാലഘട്ടത്തിൽ നിലനിന്നിരുന്നതിൽ നിന്ന് വ്യത്യസ്ഥമായി ഈ വിഭാഗങ്ങൾക്ക് ഉന്നയിക്കാൻ കഴിയുന്ന സാഹചര്യവും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

മുമ്പ് സവർണ്ണവിഭാഗങ്ങളിൽ മാത്രമാണ് അധികാരം കേന്ദ്രീകരിച്ചിരുന്നത്. ഇന്ന് ഈ വികാസം വ്യവസ്ഥാപിതമായിട്ടുള്ള രീതിയിലാണെങ്കിൽ പോലും അധികാരവിനിയോഗ മേഖലയിൽ ഒരിടം നിർമ്മിക്കേണ്ട ആവശ്യകതയെക്കുറിച്ച് പാർശ്വവൽകൃതവിഭാഗത്തെ ബോധ്യപ്പെടുത്തുന്നു. അതുകൊണ്ടു തന്നെ ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മുതലാളിത്ത വികാസം പുരോഗമനപരമായിട്ടുള്ള പങ്ക് വഹിക്കുന്നില്ലേ? എന്നുള്ളതും ഗൗരപൂർവ്വം പരിശോധിക്കേണ്ടതാണ്.

വിദ്യാഭ്യാസത്തെ ഒരു കച്ചടവമാക്കി മാറ്റാമെന്നുള്ളത് മാത്രമല്ല, വലിയ തോതിൽ ലാഭകരമാക്കി മാറ്റാനുള്ള സാധ്യത കൂടി വിദ്യാഭ്യാസ മേഖലയിൽ ഉണ്ട് എന്നത് ഇതിന്റെ വ്യാപനത്തിന് ഒരു ഘടകമാകുന്നുണ്ട്. ഇതിനോടൊപ്പം തന്നെ ഭരണകൂടം ഏറ്റവും താഴെ തട്ടിലുള്ള ഗ്രാമീണവും പിന്നോക്കവുമായ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതിനെ വ്യത്യസ്തമായി നേരിടുന്നതിനും സാദ്ധ്യമാകുമെന്നുള്ളതുകൊണ്ടുകൂടിയാണ് വിദ്യാഭ്യസത്തിന് ഭരണകൂടം ഊന്നൽ നൽകുന്നത്.

വിദ്യാഭ്യാസരംഗത്ത് ഇന്ന് ഉന്നയിക്കപ്പെടുന്ന ഘടനാപരമായ പ്രശ്നം കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ അതിന്റെ ചുമതലയിൽ നിന്ന് മാറുന്നു എന്നതാണ്. എന്നാൽ ഇതിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ തലം നാം പരിശോധിച്ചു നോക്കിയാൽ മുമ്പ് ഉദ്യോഗസ്ഥ വിഭാഗത്തിന്റെ ആധിപത്യത്തിൽ കീഴിൽ ഏത് തരത്തിലുള്ള ഫണ്ടുകളായാലും അത് താഴെ തട്ടിലേക്ക് എത്തിപ്പെടാറുണ്ടായിരുന്നില്ല. നല്ലൊരു പങ്ക് അഴിമതിയിലൂടെയും മറ്റു കവർച്ചകളിലൂടേയും അപ്രത്യക്ഷമാകാറാണ് പതിവ്. പലവിധ കവർച്ചകളും അപ്രത്യക്ഷമാവലുകളുമെല്ലാം ഇന്നുമുണ്ടെങ്കിലും ഫണ്ട് വിനിയോഗത്തിൽ ഒരു പങ്കാളിത്ത ബോധം ഉണ്ടാക്കാൻ ഇന്ന് താഴെത്തട്ടിലെ വിഭാഗങ്ങളെക്കൂടി ഉൾച്ചേർക്കുക വഴി, ഈ പദ്ധതി നിർവ്വഹണങ്ങൾക്ക് സാധ്യമായിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ വിഭാഗങ്ങളുടെ ജീവിതസ്ഥിതിയിൽ ഇതൊന്നും വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നില്ലെങ്കിലും അധികാരത്തെക്കുറിച്ചുള്ള ഒരു ബോധം, അല്ലെങ്കിൽ ഞങ്ങൾ കൂടി അധികാരികളാണെന്നുള്ള ഒരു രാഷ്ട്രീയബോധം ഇവരിൽ സൃഷ്ടിക്കുന്നതിൽ ഈ പരിഷ്കാരങ്ങൾ വലിയ പങ്കാണു വഹിക്കുന്നുണ്ട്.

ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് കുടുബശ്രീ പോലുള്ള കൂട്ടുസംഘങ്ങൾ. ഇതിന്റെ സാമ്പത്തികതലവും ചൂഷ്ണതലവും എന്തുതന്നെയായാലും, സ്ത്രീകളുടെ ഒരു തരത്തിലുള്ള മുന്നോട്ടുവരവ് ഇത്തരം പങ്കാളിത്തത്തിലൂടെ ഉണ്ടാകുന്നുണ്ട്.

ആദിവാസികളുടെയും, സ്ത്രീകളുടെയും, ദളിതുകളുടെയും സാമൂഹ്യമുന്നേറ്റം, വർഗ്ഗഐക്യം തകർക്കാനാണെന്നാണ് പരമ്പരാഗത ഇടത് കാഴ്ച്ചപ്പാട്. ഭരണകൂടത്തിന്റെ ആധിപത്യം നിലനിർത്തുവാനാണ് ഈ പരിഷ്കാരങ്ങൾ എന്ന


രജനി. എസ്. ആനന്ദ്

ഇടത് ബുദ്ധിജീവികൾ എന്ന് സ്വയം അവകാശപ്പെടുന്നവർ പുറത്ത് നിന്ന് വരുന്ന നിർദേശങ്ങളെയും സിദ്ധാന്തങ്ങളെയും മനസ്സിലാക്കാതെയും, തിരിച്ചറിയാതെയും, തട്ടിക്കൂട്ടി ഉണ്ടാക്കുന്ന പരിഷ്കാരങ്ങളിലേക്കാണ് പലപ്പോഴും പാഠ്യപദ്ധതി രൂപീകരണമായാലും പാഠപുസ്തകങ്ങളുടെ രൂപീകരണമായാലും നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഇക്കൂട്ടരുടെ ഹ്യസ്വകാലതാല്പര്യങ്ങളുടെ പ്രതിഫലനമാല്ലാതെ മറ്റൊന്നുമല്ല.

യാഥാർത്ഥ്യം നിലനിൽക്കെ ഇത്, ഈ വിഭാഗങ്ങളെ ബോധ്യപ്പെടുത്തുന്നതിന് പകരം അവർക്കിടയിലെ രാഷ്ട്രീയ ഇടപ്പെടലിൽ നിന്ന് അകലുവാനാണ് നാം ശ്രമിച്ചത്.

മുതലാളിത്തം അതിന്റെ പരിഷ്ക്കരണ ശ്രമങ്ങൾ എല്ലാ തരത്തിലും നടപ്പിലാക്കിയിട്ടുള്ളത് രാഷ്ട്രീയവും സാമ്പത്തികവുമായ ചൂഷണവുമായി ബന്ധപ്പെട്ടിട്ടാണ്. അതുകൊണ്ട് ചൂഷണം ചെയ്യുന്നുവെന്നുള്ളത് മുതലാളിത്തത്തിനെതിരെയുള്ള ഒരു വിമർശനമാവുന്നില്ല. മറിച്ച് അതിലൂടെ ഉണ്ടായ ചലനങ്ങൾ പൊതുവിൽ പുരോഗമനപരമോ–പിന്നോക്കപരമോ എന്നുള്ള വിലയിരുത്തലുകൾ കൊണ്ടു മാത്രമേ ഇത്തരം സാമ്പത്തിക ചൂഷണത്തിനെതിരെ ഫലപ്രദമായിട്ടുള്ള വിമർശനം മുന്നോട്ടുവെയ്ക്കുവാൻ പറ്റു. ഇന്ന് നടന്നുകൊണ്ടി



രിക്കുന്ന ആഗോളവൽക്കരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസമേഖലയിലും, മറ്റു സാമൂഹ്യമേഖലയിലും നടപ്പിലാക്കുന്ന ഘടനാപരമായ പരിഷ്കാരങ്ങളെ രാഷ്ട്രീയമായിട്ട് മനസ്സിലാക്കികൊണ്ട് ഈ പരിഷ്കരണങ്ങൾ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ എന്താണെന്ന് വിലയിരുത്തുന്ന ഒരു വിമർശന ശൈലി സ്വീകരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസമേഖലയിൽ പരിഷ്കാരങ്ങൾ ആവശ്യമുണ്ട്. പക്ഷെ ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അക്കാദമിക് പരിഷ്കാരങ്ങൾ ഒരു തുടർച്ചയില്ലാത്തതാണ്. ഇതിന്റെ പ്രധാനകാരണം ഒരു സ്ഥാപനമായി വിദ്യാഭ്യാസ സമ്പ്രദായത്തെ പരിഗണിച്ച് അതുമായി ബന്ധപ്പെട്ട വിദ്യാർത്ഥി,അദ്ധ്യാപകൻ, രക്ഷിതാവ്, സാമൂഹ്യാവസ്ഥ എന്നീ വിദ്യാഭ്യാസത്തിന്റെ പ്രധാന ഘടകങ്ങളെ പരിഗണിച്ചു കൊണ്ടുള്ള ഒരു പരിഷ്കാരണമാണ് യഥാർത്ഥത്തിൽ നടപ്പിലാക്കേണ്ടത്.

ജ്ഞാനത്തെക്കുറിച്ചുള്ള പുതിയ സിദ്ധാന്തങ്ങൾ, പരമ്പരാഗതവും ശാസ്ത്രീയ പരവുമായ പഠനത്തെകുറിച്ചുള്ള പുതിയ വിവരങ്ങൾ, ആ മേഖലയിലുള്ള വികാസത്തെ പരിഗണിച്ചുകൊണ്ടായിരിക്കണം വിദ്യാഭ്യാസ പരിഷ്കരണങ്ങൾ നടപ്പിലാക്കേണ്ടത്. ആഗോളവൽക്കരണത്തിന്റെ സാമ്പത്തിക–രാഷ്ട്രീയ ആവശ്യങ്ങളെ നേടിയെടുക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളിലാണ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് എന്നുള്ളത് വസ്തുതയാണ്. ഭാഷയുടെ കാര്യം മുതൽ കോളേജിന്റെ നിലവാരം വരെ ഈ പറയുന്ന പരിഷ്കരണത്തിൽ പെടുന്നതാണ്. ഇന്ന് ഡി.പി.ഇ.പി. തൊട്ട് ഡിഗ്രി തലം വരെ എത്തിനിൽക്കുന്ന പരിഷ്കരണം അടിസ്ഥാനപരമായിട്ട് ഒരേ സമീപ നം തന്നെയാണ് പിന്തുടരുന്നത്.

ഇന്ന് ഉത്താധുനികത എന്ന് വിശേഷിപ്പിക്കുന്ന ചില സിദ്ധാന്ത പദ്ധതികളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ അക്കാദമിക് പരിഷ്കരണങ്ങളും വന്നിട്ടുള്ളത്. നാം പറയുന്ന ഉത്തരാധുനികധാരകൾ നമ്മുടെ സാമൂഹ്യജീവിതത്തെയും അധികാരബന്ധങ്ങളെയും തിരിച്ചറിയുവാൻ ഒരു സംഭാവനയും നൽകുന്നില്ല എന്ന നിലയിലായിരിക്കരുത് വിമർശനം. കാരണം ചില സവിശേഷ സാമൂഹ്യമേഖലകളെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച്ച തരുന്ന ധാരാളം പഠനങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ നമ്മുടെ അക്കാദമിക് രംഗത്ത് ഇതിനെ ഉപയോഗപ്പെടുത്തുന്നത് കപടമായ രീതിയിലാണ്.

വിദ്യാർത്ഥികൾ അധ്യാപകർ രക്ഷിതാക്കൾ ഇവരെ ഏകമാന തരത്തിൽ കണ്ടു കൊണ്ടു കാര്യങ്ങൾ തീരുമാനിക്കാൻ കഴിയില്ല. കേരളത്തിലെ വിദ്യാഭ്യാസ സാഹചര്യത്തിൽ കുട്ടികളുടെ അവസ്ഥ, വിദ്യാഭ്യാസത്തിന്റെ മറ്റു ഘടകങ്ങളുടെ അവസ്ഥ, രക്ഷിതാക്കളുടെ നിലവാരം, തുടങ്ങിയവ പരിഗണിച്ച് കാര്യങ്ങളിൽ മാറ്റം ഉണ്ടാകുമ്പോൾ ഏതുതരത്തിലുള്ള സമീപനമാണ് സ്വീകരിക്കേണ്ടത് എന്നത് ഗൗരവപരമായി ആലോചിക്കേണ്ടതുണ്ട്. ഇടത് ബുദ്ധിജീവികൾ എന്ന് സ്വയം അവകാശപ്പെടുന്നവർ പുറത്ത് നിന്ന് വരുന്ന നിർദേശങ്ങളെയും സിദ്ധാന്തങ്ങളെയും മനസ്സിലാക്കാതെയും, തിരിച്ചറിയാതെയും, തട്ടിക്കൂട്ടി ഉണ്ടാക്കുന്ന പരിഷ്കാരങ്ങളിലേക്കാണ് പലപ്പോഴും പാഠ്യപദ്ധതി രൂപീകരണമായാലും പാഠപുസ്തകങ്ങളുടെ രൂപീകരണമായാലും നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഇക്കൂട്ടരുടെ ഹ്രസ്വകാലതാല്പര്യങ്ങളുടെ പ്രതിഫലനമാല്ലാതെ മറ്റൊന്നുമല്ല. ഇതുകൊണ്ട് തന്നെ കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ വലിയൊരു അരക്ഷിതാവസ്ഥ സൃഷ്ടിക്കപെട്ടിരിക്കുന്നു. ഇത്തരമൊരു അരക്ഷിതാവസ്ഥ പരിഷ്കരണങ്ങളുടെ ലക്ഷ്യമാണോ എന്നും സംശയിക്കേണ്ടിരിക്കുന്നു.

കേരളം പോലെ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമുള്ള പ്രദേശത്ത് വിദ്യാഭ്യാസ മേഖലയിൽ ഇത്തരത്തിൽ ഒരു അരക്ഷിതാവസ്ഥ ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞാൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കുട്ടികളുടെ ഒഴുക്ക് ഉണ്ടാകും എന്നുള്ളത് കഴിഞ്ഞ 10 വർഷത്തെ കണക്ക് പരിശോദിച്ചാൽ കാണാവുന്നതാണ്. ജനസംഖ്യ വർദ്ധനവിന്റെ തോത് കുറയുന്നുണ്ടെങ്കിലും, അതിന്റെ എത്രയോ വലിയ തോതിൽ പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നു. സ്വകാര്യ അൺ എയ്ഡഡ് വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സ്ഥിതിവിശേഷങ്ങളിലേക്കെത്തിപ്പെട്ടിരിക്കുന്ന കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ ഉള്ളപ്പോഴാണ് ഈ പരിഷ്കാരങ്ങൾ കൂടുതൽ മുന്നോട്ടു പോയിട്ടുള്ളത്. അവരുടെ എല്ലാ പൊതുജന സംഘടനകളുടെയും പിന്തുണയോടു കൂടിയാണ് ഈ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നത്. എന്നിട്ട് പോലും അത്തരം സംഘടനകളിൽ ഉള്ള ആളുകളുടെ അംഗീകാരം പോലും നേടാൻ ഈ പരിഷ്കാരങ്ങൾക്ക് കഴിയുന്നില്ല അതുകൊണ്ടു തന്നെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന അക്കാദമിക് പരമായ പരിഷ്കാരങ്ങൾക്ക് കേരളത്തിലെ പൊതു സമൂഹത്തിന്റെ സ്വീകാര്യത് നേടിയെടുക്കാൻ പറ്റുന്നില്ല എന്നത് ഗൗരവപൂർവ്വം കാണേണ്ടതാണ്. ■

# വെറും വിധേയനായ രണ്ടാം മുണ്ടശ്ശേരി

സുരേഷ്

**കേരളത്തിലെ** വിദ്യാഭ്യാസരംഗം ചികിത്സിച്ച് സുഖപ്പെടുത്താനാവാത്തവിധം മാരകമായ സ്ഥിതി പ്രാപിച്ചിരിക്കുന്നു. വൈറസ് ബാധയെക്കാൾ മാരകമാണിത്. പകർച്ചവ്യാധി സമൂഹത്തിന്റെ ആരോഗ്യത്തെയും അധ്വാനശേഷിയെയും തകർക്കുന്നു. എന്നാൽ വിദ്യാഭ്യാസ മേഖലയെ ബാധിച്ച രോഗം സമൂഹത്തിന്റെ നിലനിൽപ്പിനെയും കെട്ടുറപ്പിനെയും സാമൂഹ്യബോധത്തെ തന്നെയും തകർത്തെറിയുകയാണ്. ഒരു പക്ഷെ ആരോഗ്യരംഗത്തെക്കാൾ ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കുന്നത് വിദ്യാഭ്യാസരംഗത്തെ ഈ വിപൽക്കരാവസ്ഥയാണ്. മാർകിസ്റ്റ് സാമ്പത്തിക ശാസ്ത്രകാരനായ സമീർ അമീൻ പറയുന്ന നിയോലിബറൽ വൈറസാണ് ജീവിതത്തിന്റെ മറ്റെല്ലാ മേഖലയുമെന്നപോലെ വിദ്യാഭ്യാസരംഗത്തെയും കാർന്നെടുക്കുന്നത്.

മുൻകാലങ്ങളിൽ അധ:സ്ഥിതർക്കും ദരിദ്രർക്കുമെതിരെയാണ് വാതിലുകൾ കൊട്ടിയടച്ചതെങ്കിൽ ഇപ്പോൾ സമൂഹത്തിലെ ബഹുഭൂരിപക്ഷത്തെയും അത് പുറന്തള്ളുകയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇടത്തരക്കാർക്കും മധ്യവർഗത്തിനുമായി സംവരണം ചെയ്ത ഉന്നത വിദ്യാഭ്യാസ മേഖല സമ്പന്നർക്കും ഉപരി സമൂഹത്തിനുമായി തീറെഴുതപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ നിയോലിബറൽ ഫ്യൂഡലിസമാണ് നിലനിൽക്കുന്നത്. കേരളത്തിലിതിന് ചുക്കാൻ പിടിക്കുന്നത്, ഇടതുപക്ഷം എന്ന ലേബലിൽ അറിയപ്പെടുന്ന സി.പി.എം നേതൃത്വത്തിലുള്ള സർക്കാറാണെന്നതാണ് ഏറെ വിസ്മയകരമാകുന്നത്.

കേരളത്തിലെ വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിൽപോയി പ്രൊഫഷണൽ വിദ്യാഭ്യാസം നേടുന്നതിലെ കഷ്ടതകളും സാമ്പത്തിക നഷ്ടങ്ങളും നിരത്തിയാണ്. എ.കെ ആന്റണിയും യു.ഡി.എഫ് സർക്കാരും സ്വായാശ്രയ വിദ്യാഭ്യാസ നയത്തെ കേരളത്തിലേക്ക് കൈപിടിച്ചുകൊണ്ടുവന്നത്. 50:50 എന്ന അനുപാതം അവതരിപ്പിച്ച സ്വകാര്യ മേഖലയേയും സർക്കാർമേഖലയേയും തുലനപ്പെടുത്താൻ വേണ്ടി അന്ന് ആന്റണി സർക്കാർ നടത്തിയ ശ്രമങ്ങളും എതിർവാദങ്ങളും കലുഷിതമായ ഒരു രാഷ്ട്രീയ സാഹചര്യത്തിലേക്ക് കേരളത്തെ എത്തിക്കുകയും ഇതിന് മുൻകൈയെടുത്ത സി.പി.എം, സി.പി.ഐ അവരുടെ തന്നെ യുവജന-വിദ്യാർത്ഥിസംഘടനകളും അന്ന് പറഞ്ഞിരുന്നത് വിദ്യാഭ്യാസ രംഗം ജാതി മത ശക്തികൾ കാലാകാലങ്ങളായി കൈകാര്യം ചെയ്തതിന്റെ ഫലമാണിതെന്നും പുരോഗമന രാഷ്ട്രീയ നിലപാടുള്ള ദേശീയ കക്ഷികൾ വിദ്യാഭ്യാസ രംഗം ഏറ്റെടുക്കണമെന്നുമായിരുന്നു.

2006 ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ സി.പി.എം മന്ത്രിയെ തന്നെ വിദ്യാഭ്യാസമേൽപ്പിച്ച് കൈയടി നേടി. മാത്രമല്ല, സി.പി.എമ്മിലെ ബുദ്ധിജീവി പരിവേഷമുള്ള എം.എ ബേബി തന്നെയാണ് ചുമതലക്കാരനായി വന്നത്. ആദ്യ വർഷം തന്നെ യാതൊരു വകതിരിവുമില്ലാതെ പുതുസ്വാശ്രയ നിയമം അവതരിപ്പിച്ച് താരപരിവേഷം നേടിയെങ്കിലും കോടതിയിൽ പോയി തലകുത്തിവീണു. എന്നാൽ അതുമുതൽക്കിങ്ങോട്ട് മന്ത്രി നടത്തുന്ന അഭ്യാസങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ ശവപ്പറമ്പിൽ എത്തിച്ചിരിക്കുന്നു. എന്നാൽ ഇതൊന്നും യാദൃശ്ചികമായി സംഭവിച്ചതാണെന്ന് കരുതേണ്ട. വിദ്യാഭ്യാസ വകുപ്പ് നേരത്തെ കൈകാര്യം ചെയ്ത കേരളാ കോൺഗ്രസ്, മുസ്ലിം ലീഗ് കക്ഷികൾ ഇപ്പോൾ തല മറന്ന് ചിരിക്കുകയാണ്. കാരണം ബേബി ചെയ്തതിനോളം പിഴയൊന്നും ചെയ്യാത്ത അവർ കേട്ട പഴി ചില്ലറയായിരുന്നില്ല. അതുമത്രമല്ല, ആരെയാണോ തങ്ങൾ സേവിക്കാൻ ശ്രമിച്ചിരുന്നത് അവർക്കുവേണ്ടി തങ്ങളെക്കാൾ നന്നായി എതിരാളികളായി സി.പി.എം പാർട്ടിയുടെ മന്ത്രിതന്നെ സേവനം ചെയ്യുമ്പോൾ ലീഗ്, കേരളാ കോൺഗ്രസ് മന്ത്രിമാരും യു.ഡി.എഫും ഇന്ന് ആഹ്ലാദവാന്മാരാണ്. നിയോലിബറൽ നയങ്ങൾ നടപ്പാക്കാൻ അതിനെതിരെ പരസ്യപ്രഖ്യാപനം നടത്തുന്ന ഇടതുപക്ഷത്തെക്കാൾ യോഗ്യരല്ല വലതുപക്ഷം എന്ന് ആഗോള മൂലധന വക്താക്കൾ ഇന്ന് തിരിച്ചറിയുന്നു.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ മൂലധന താൽപര്യങ്ങളെ പോലെ തന്നെ പ്രത്യയശാസ്ത്രപരമായ ഇടപെടലുകളുടെയും മേഖലയാണെന്ന് കപട ഇടതുപക്ഷത്തെക്കാൾ നന്നായി ഇതിന്റെ നടത്തിപ്പുകാർക്ക് അറിയാം. അതുകൊണ്ടു തന്നെ വിപണിയിലെ മറ്റ് ലാഭകച്ചവടക്കാർക്ക് ആശയപരമായ അടിത്തറയും സാധൂകരണവും നൽകാൻ കൂടി വിദ്യാഭ്യാസകച്ചവടത്തെ കൊണ്ട് സാധിക്കും. ഇത്തരത്തിൽ ആഗോള മൂലധനശക്തികൾ വിഭാവനം ചെയ്യുന്ന ഭാവി സമൂഹത്തെയും അതിന്റെ പ്രത്യായശാസ്ത്ര അടിത്തറയെയും രൂപപ്പെടുത്താൻ കൂടി വിദ്യാഭ്യാസക്കച്ചവടത്തിലൂടെ സാധിക്കുന്നു.

പാഠ്യപദ്ധതിയിലെയും പരീക്ഷ നടത്തിപ്പിലെയും അഴിച്ചുപണികൾ തൊട്ട് ഉന്നത വിദ്യാഭ്യാസ മേഖലയുടെ സിലബസും സമ്പ്രദായങ്ങളും വരെ മാറ്റിയെടുക്കുന്നതിന്റെ ദിശയും ഇതു തന്നെയാണ്. ചരിത്രം, കല, സാമൂഹിക ശാസ്ത്രം തുടങ്ങിയ മാനവിക മേഖലകൾ വിദ്യാഭ്യാസത്തിൽ നിന്ന് പുറംന്തള്ളപ്പെടുകയും സാങ്കേതിക വിദ്യാഭ്യാസം അപ്രമാദിത്വം കൈവരിക്കുകയും ചെയ്യുന്നതിന്റെ പിന്നിൽ കൃത്യമായ ഗൂഢലക്ഷ്യങ്ങളുണ്ട്. പ്രതിഷേധിക്കാനും - പ്രതിരോധിക്കാനും വിദ്യാർത്ഥി-യുവജനസമൂഹത്തെ ഇനിയൊരിക്കലും പ്രാപ്തരാകാത്ത വിധം ഇന്നത്തെ വിദ്യാഭ്യാസമേഖല ഉടച്ചുവാർക്കപ്പെട്ടിട്ടുണ്ട്.

സ്വാശ്രയമടക്കമുള്ള വിദ്യാഭ്യാസ കച്ചവടത്തിൽ ജാതി-മത ശക്തികൾ ചെലുത്തുന്ന സ്വാധീനം ഈ അച്ചടക്കത്തിന്റെ പാഠമാണ് ഉല്പാദിപ്പിക്കുന്നത്. അരാജകമായ ആഗോള മൂലധനത്തിന്റെ വിദ്യാഭ്യാസകൊള്ളക്ക് ഈ അച്ചടക്ക സംഗീതങ്ങൾ മൂടുപടം ചാർത്തും. ജാതി-മത പ്രസ്ഥാനങ്ങൾക്കാണ് വിദ്യാഭ്യാസമേഖലയിലെ വ്യാപാരത്തിന് അഗോളമൂലധന ശക്തികൾ വാതിൽ തുറന്നു കൊടുത്തിരിക്കുന്നത് എന്നത് കാര്യങ്ങളെ വ്യക്തമായി തെളിയിക്കുന്നു.

വിദ്യാഭ്യാസം എന്നത് ജനതയെ സമൂഹമാകാനും തിരിച്ചറിവിലൂടെ മോചനത്തെ സാക്ഷാത്ക്കരിക്കാനും കഴിയുന്ന ഉപാധി എന്നതിൽ നിന്ന് കേവലം, തൊഴിൽ പരിശീലനം നേടാനും തൻകാര്യം നോക്കാനും, മത്സരത്തിൽ പങ്കാളിയാകാനും പരിശീലിപ്പിക്കുന്ന സംവിധാനമായി മാറുന്നത് ഇങ്ങനെയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമരുകളിലെ കപട ധാർമിക ഉദ്ബോധങ്ങൾ ഈ പ്രാകൃതത്വത്തെ മറക്കാനുള്ള കരിന്തുണികൾ മാത്രമാണ്.

സഭക്കും സാമുദായിക സംഘടനകൾക്കും ചൊടിയില്ലാതെ നോക്കാനാണ് വിദ്യാഭ്യാസ മന്ത്രിക്കും ഇടതുപക്ഷ സർക്കാരിനും ഏറ്റവും ശ്രദ്ധ. അധികാര ശക്തിയും, സാമുദായിക ശക്തികളും, മുലധന ശക്തികളും എങ്ങനെ കൈകോർത്തിരിക്കുന്നു എന്നതിന് തെളിവാണ് കേരളത്തിലെ ഇപ്പോഴുള്ള വിദ്യാഭ്യാസ അഭാസം. ■

# ‘വിം’ എതിർപ്പ് ന്യായമാണ്



പി.ജെ. മാനുവൽ

**സാമ്രാജ്യത്വാധിനിവേശങ്ങൾക്ക്** കൊച്ചി എന്നും പടിപ്പുരയായിരുന്നിട്ടുണ്ട്. പറങ്കിപ്പടയെ കൂട്ടുപിടിച്ച് ഒരു ദേശത്തെ വിദേശക്കോയ്മയിലേക്കെത്തിച്ചതിന്റെ പാരമ്പര്യം അതിന്നും തുടരുകയാണ്. പരാശ്രിതമായ സമ്പദ്ഘടനയെ ഊട്ടിയുറപ്പിക്കുന്നതിൽ ’57ലെ ‘കമ്മ്യൂണിസ്റ്റ്’ മന്ത്രിസഭയും, 2006ലെ ഇടതുപക്ഷമന്ത്രിസഭയും വ്യത്യസ്തമല്ല. ദല്ലാൾ ഭരണവർഗ്ഗതാൽപര്യങ്ങളുടെ നടത്തിപ്പുകാരായ ഇവർ തങ്ങളുടെ യജമാനന്മാർക്കു കടന്നുവരാൻ സുസാധ്യമായ ദുർബല കണ്ണിയെ കണ്ടെത്തി–കൊച്ചി. ഉപഭോഗതൃഷ്ണയും, വികസന വ്യാമോഹങ്ങളിൽ ആസക്തവും, മധ്യവർഗ്ഗ ചിന്താഗതി മേൽക്കൈ നേടിയതുമായ NGO കളുടെ ഈ സമരസ്ഥലി; ‘ടു–ബി മെട്രോ’ ഏതൊരു ദേശദ്രോഹ അജണ്ടയും നടപ്പിലാക്കിയെടുക്കുന്നതിന് സർവ്വഥാ യോഗ്യമാണെന്നവർക്കറിയാം. അങ്ങനെ ആഗോളനിക്ഷേപകമേളയ്ക്കു (ജിം) ശേഷം ഒരു ലോകനിക്ഷേപകമേള (വിം) കടന്നു വന്നിരിക്കുന്നു.

കപട ഇടതിനെ കുഴക്കിയിരുന്ന പ്രശ്നം തങ്ങളെങ്ങനെ ഇതിന്റെ പ്രത്യക്ഷ നടത്തിപ്പുകാരാകുമെന്നതായിരുന്നു? സാമ്രാജ്യത്വ മൂലധനത്തിന്റെ കൊലപ്പിടി പ്രകൃതിസമ്പന്നമായ കേരള ഗ്രാമങ്ങളിൽ ഉൽപാദനക്ഷമമല്ലാത്ത മേഖലകളിലെ മുതൽമുടക്കുകളായി എത്തിക്കുന്നതെങ്ങനെ? ‘പൊതു–സ്വകാര്യപങ്കാളിത്ത’ അജണ്ട മൻമോഹൻ സിംഗിന്റെ സ്വകാര്യവല്ക്കരണ–ഉദാരവല്ക്കരണ–ആഗോളവല്ക്കരണ പരിപാടി തന്നെയെന്നുപറഞ്ഞ് ജനങ്ങൾ പഴിച്ചു തുടങ്ങിയിരിക്കുമ്പോൾ? മൂന്നുശതകം പിന്നിട്ട ബംഗാളിലെ സിപിഎം ദുർഭരണം ബുദ്ധദേവിനെകൊണ്ട് ജനങ്ങൾക്കെതിരെ ആയുധമെടുപ്പിച്ചിരിക്കുമ്പോൾ? ഫിനാൻസ് മൂലധനം അതിന്റെ തന്നെ പറുദീസകളിൽ പ്രതിസന്ധി നേരിടുമ്പോൾ, ഊഹക്കുമിളകളായി പൊട്ടിത്തെറിക്കുമ്പോൾ? എങ്ങനെ?! അങ്ങനെയാണ് സ്വന്തം അമ്മനാടിനെ കൂട്ടികൊടുക്കുന്ന പണി നിർലജ്ജമായി നിർവഹിക്കാൻ തയ്യാറുള്ള ‘കേരള ചേംബർ ഓഫ് കോമേഴ്സ് & ഇന്റസ്ട്രി’യെന്ന പഴയ ആസ്പിൻവാൾ സായ്വിന്റെ പിൻമുറക്കാരായ വാണിജ്യമണ്ഡലക്കാരെ കണ്ടെത്തുന്നതും സംഘാടകചുമതലയേൽപിക്കുന്നതും.

2009 ജൂലൈ 24,25 തിയ്യതികളിൽ കൊച്ചി ഗേറ്റ് വേ ഹോട്ടലിൽ (ടാറ്റയുടെ പഴയ താജ്) വെച്ച് സാമ്രാജ്യത്വകഴുകന്മാർക്ക് നമ്മുടെ ഗ്രാമങ്ങളെ വിൽക്കുന്ന ലോകനിക്ഷേപകമേള നടത്തുവാൻ തീരുമാനമായി. കേരളത്തിലെ 999 ഗ്രാമപഞ്ചായത്തുകളിലെ നിക്ഷേപ സാധ്യതകളെ ലോകനിക്ഷേപകർക്കുമുന്നിൽ തുറന്നിടുകയാണ് ലക്ഷ്യമെന്ന് സംഘാടകർ പ്രസ്താവനയിറക്കി. ചോരയൂറ്റുന്ന രാജ്യാന്തര കുത്തകകളേ ‘ദൈവത്തിന്റെ സ്വന്തം സമൃദ്ധ കേരളത്തിലേക്ക് വരിക, ഞങ്ങൾ ഗ്രാമവാതിലുകൾ നിങ്ങൾക്കായി തുറന്നിട്ടിരിക്കുന്നു എന്ന് വ്യക്തമാക്കികൊണ്ട് ‘ഫോക്കസ് കേരള സമൃദ്ധ കേരളം 2009’ എന്നവർ മാമാങ്കത്തിന് പേര് നൽകി. ഊഹാതീതമായ ലാഭം അടിച്ചെടുക്കാവുന്ന ഉല്പാദനക്ഷമമല്ലാത്ത സർവ്വീസ് സെക്ടറുകളിലേക്കാണ് മുതൽമുടക്കിനുള്ള ക്ഷണങ്ങളെല്ലാം. ടൂറിസ്സം, വിദ്യാഭ്യാസം, ഗ്രാമപ്രദേശങ്ങളിലെ ചെറുകിടവ്യാപാര മേഖല, പൊതുസ്വകാര്യ പങ്കാളിത്തത്തോടെ അടിസ്ഥാനഘടനാ നിർമിതി, സ്വകാര്യവൈദ്യുതി സ്റ്റേഷനുകൾ, മാധ്യമരംഗം, ഭക്ഷ്യസംസ്ക്കരണം, അയുർവേദ മരുന്നുകൾ, ഐടി മേഖല, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നീരംഗങ്ങളിലേക്കാണ് മൂലധനം ആവശ്യപ്പെട്ടിട്ടുള്ളത്.

14 വയസ്സുവരെയുള്ളവർക്ക് സൗജന്യ വിദ്യാഭ്യാസം ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യപ്പെടുമ്പോൾ കിന്റർഗാർഡനിൽ പഠിക്കുന്ന ഒരു കുട്ടിക്ക് $1^1/_4$ ലക്ഷം മുതൽ 2 ലക്ഷം രൂപ വരെ വർഷത്തിൽ 3ഗഡു ഫീസ് വാങ്ങുന്ന ‘വിദ്യാഭ്യാസവ്യവസായ’ത്തിലേക്കുള്ള നിക്ഷേപ ലക്ഷ്യം അതിരുകളറ്റ ലാഭമാണ്. ഹോംസ്റ്റേയും ഉത്തരവാദടൂറിസ്സവും, എക്കോടൂറിസ്സവും, പ്ലാന്റേഷൻ ടൂറിസ്സവും, അഡ്വെഞ്ചർ ടൂറിസ്സവും മൂന്നാം ലോകരാ

ലോക മുതൽമുടക്ക് മേള:

# ജനകീയാസൂത്രണത്തിൽ നിന്ന് പഞ്ചായത്ത് വിൽപനയിലേക്ക്

**ജനങ്ങളുടെ** സർഗ്ഗശേഷി കെട്ടഴിച്ചുവിട്ട്, അവരുടെ ആവശ്യങ്ങളെ മുൻനിർത്തി, അവർ പങ്കാളികളായി നടപ്പാക്കുന്ന സ്വാശ്രിത, വികേന്ദ്രീകൃത വികസനമായാണ് ജനകീയാസൂത്രണത്തെ സിപിഎം നേതാക്കൾ പരിചയപ്പെടുത്തിയത്. പൊതുക്ഷേമ പ്രവർത്തനങ്ങളിൽ നിന്ന് സർക്കാർ പിൻവാങ്ങണമെന്ന് ആവശ്യപ്പെടുന്ന ആഗോളവൽക്കരണത്തിന് അനുയോജ്യമായി ലോക ബാങ്ക് ആവിഷ്കരിച്ച 'പങ്കാളിത്ത വികസന' പദ്ധതിക്ക് ജനകീയ പരിവേഷം നൽകി പുതിയൊരു വികസനവിപ്ലവത്തിന് നേതൃത്വം കൊടുക്കുന്നതായി ഭാവിക്കാം എന്നായിരുന്നു കണക്കുകൂട്ടൽ. വീതംവെയ്പിൽ നഷ്ടം വന്നവർ ഗർവിച്ചതും, അടുത്ത തെരഞ്ഞെടുപ്പിൽ തോറ്റതും, കൂടെയുള്ളവരിൽ ചിലർ ജനകീയാസൂത്രണത്തിലെ സാമ്രാജ്യത്വ അജണ്ട തുറന്നുകാട്ടിയതും ബാക്കിവെച്ച്, ആട്, കോഴി വിതരണവും ചില്ലറ റോഡ്-കാന പണികളുമായി അത് ഒടുങ്ങി. തുടർന്നത് കുടുംബശ്രീയും അയൽകൂട്ടങ്ങളുമാണ്. പണ്ട് സർക്കാർ-മുൻസിപ്പൽ ജീവനക്കാർ ചെയ്യാറുള്ള സർവ്വേ മുതൽ ശുചിത്വം വരെയുള്ള പണികൾ ഇവരെ എൽപിക്കുന്നു. പാട്ടകൃഷി നടത്തിക്കുന്നു. തിരിച്ചുകിട്ടുമെന്ന ഉറപ്പിൽ ഉയർന്ന പലിശയിൽ കടം വിതരണം ചെയ്യാനുള്ള ശൃംഗലയുമാണ് ഇവർ. ഇവിടംവരെ "ജനകീയ" പരിവേഷം നിലനിർത്തി വന്നെങ്കിൽ ഇനി അടുത്ത കാൽവെയപ്പ് വലിയൊരു കുതിച്ചുചാട്ടമാണ് – പഞ്ചായത്തുതലത്തിലെ വികേന്ദ്രീകൃത സാമ്രാജ്യത്വ-ദല്ലാൾ ചൂഷണത്തിലേക്ക്. കേരളത്തിലെ പഞ്ചായത്തുകളിൽ ലഭ്യമായ വിഭവങ്ങൾ, അദ്ധ്വാനശേഷി, പ്രകൃതിരമണീയത, ഇതൊക്കെ പൊതിഞ്ഞുകെട്ടി വിൽപനക്കുവെയ്ക്കാനുള്ള വേദിയായിരുന്നു ജൂലായ് 24, 25 തിയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച ലോക മുതൽമുടക്ക് മേള. ആന്റണിയുടെ ഭരണകാലത്ത് ആഗോള മുതൽമുടക്ക് മേള നടത്തിയപ്പോൾ അതിശക്തമായ സാമ്രാജ്യത്വ വിരുദ്ധ വികാരവും പ്രക്ഷോഭവും ഉയർന്നുവന്നത് ഓർമ്മിക്കുന്ന കപട ഇടത് സർക്കാർ ഇപ്രാവശ്യം വലിയ ഒച്ചപ്പാടുണ്ടാക്കാതെ, നേരിട്ട് രംഗത്തിറങ്ങാതെയാണ് മേളക്കുള്ള ഒരുക്കങ്ങൾ നടത്തിയത്. വലിയ മുതൽമുടക്ക് ആകർഷിക്കാമെന്ന പ്രതീക്ഷയിലുപരി, ക്ഷേമരാഷ്ട്ര മോഡൽ സാമൂഹ്യ-സാമ്പത്തിക ക്രമത്തിൽ നിന്ന് പ്രത്യക്ഷത്തിൽ തന്നെ തെറ്റിപിരിഞ്ഞ് സാമ്രാജ്യത്വ-ദല്ലാൾ കുത്തകകൾക്ക് തുറന്ന ആധിപത്യമുള്ള സ്വകാര്യവൽക്കരണ, ഉദാരവൽക്കരണത്തിന് രാഷ്ട്രീയാംഗീകാരം നേടിയെടുക്കുന്നതായിരുന്നു ആന്റണിമേളയുടെ ആശയശാസ്ത്ര ദൗത്യം. ബഹുരാഷ്ട്ര-ദല്ലാൾ കുത്തക മൂലധന മുതൽമുടക്കിനെ കേന്ദ്രീകരിച്ചുള്ള ഒരു സാമ്പത്തിക ക്രമം പഞ്ചായത്ത് തലത്തിൽ സ്വീകാര്യമാക്കൽ, അതിന് സൗകര്യം ചെയ്തുകൊടുക്കലാണ് വികസനദൗത്യം എന്ന് സ്ഥാപിച്ചെടുക്കൽ – ഇതാണ് വിഎസ് മന്ത്രിസഭയുടെ സജീവ സഹായത്തോടെ നടന്ന ലോക മുതൽമുടക്ക് മേളയുടെ ദൗത്യം. കുടംബശ്രീ പോലുള്ള ഒറിജിനൽ 'ജനകീയ' സംഘങ്ങളെ കൈയ്യൊഴിഞ്ഞല്ല പുതിയ സംരംഭകരെ സ്വാഗതം ചെയ്യുക. അവരെ സേവിക്കലാകും കുടുംബശ്രീക്കാരുടെ പണി. ഈ സംഘങ്ങൾക്ക് തൊഴിലായി, സ്ഥിരംതൊഴിൽശക്തിയെ നിലനിർത്തുന്ന ബാധ്യതയിൽ നിന്ന് സംരംഭകർക്ക് ഒഴിവുമായി.

ജ്യങ്ങൾക്കുതരുന്നത് സെക്സ് ടൂറിസ്സം മുഖ്യവരുമാനമാർഗ്ഗമാക്കിയിട്ടുള്ള തായ്ലന്റിന്റെയും, ജമൈക്കയുടേയും ജീർണ്ണമായ അധിനിവേശിത സംസ്ക്കാരത്തിൽ നനഞ്ഞോടുന്ന ഗ്ലോബൽ ടൂറിസ്സം വില്ലേജുകളെയാണ്. നഗരങ്ങളിൽ ചെറുകിടവ്യാപാരരംഗത്ത് വ്യാപിച്ചു കഴിഞ്ഞ വിദേശ നാടൻ കുത്തകകളെ ഇനി ഗ്രാമപ്രദേശങ്ങളിലേക്ക് ആനയിക്കുകയാണ്. അമേരിക്കൻ ജനത തന്നെ സ്വന്തം മണ്ണിൽ നിന്നും പിഴുതെറിയാൻ ശ്രമിക്കുന്ന ചെറുകിടവ്യാപാരരംഗത്തെ കുത്തകഭീമൻ 'വാൾ-മാർട്ട്' ഭാരതി മിറ്റൽ എന്ന ഇന്ത്യൻ കമ്പനിയിലൂടെ കൂടുവിട്ടുകൂടുമാറൽ വിദ്യയിലൂടെ പഞ്ചാബിലെത്തികഴിഞ്ഞിരിക്കുന്നു. ഇനിയിപ്പോൾ ഗ്രാമീണ വിളകൾ മാറ്റിവച്ച് പാക്കറ്റ് ചെയ്ത 'ജനറ്റിക്കലി മോഡിഫൈസ്' ഉല്പന്നങ്ങൾ രുചിതൊടാതെ വിഴുങ്ങി 'ചിക്കുൻ' എന്നോ 'പന്നി'യെന്നോ പേരിടേണ്ട മാരകരോഗങ്ങളുടെ വാഹകരാകാം. സാമ്പത്തിക പ്രതിസന്ധി ഔട്ട്സോഴ്സിങ്ങ് വിനിമയത്തെ തീരെക്കുറച്ചിരിക്കുന്നു.ഐടി വിദഗ്ദർ ചൊറികുത്തിയിരിപ്പാണ്. സ്മാർട്ട് സിറ്റി സംരംഭകർ ഒളിച്ചോടിക്കഴിഞ്ഞിരിക്കുന്നു. എന്നാലും, ഗ്രാമപഞ്ചായത്തുകൾ തോറും ഇൻഫോപാർക്കുകളുടെ ഭാർഗ്ഗവിനിലയങ്ങൾ പണിതീർത്തേ അടങ്ങു എന്നാണീ രാജ്യദ്രോഹികൾ പറയുന്നത്.

പൊതുസ്വകാര്യപങ്കാളിത്തത്തിന്റെ മറവിൽ രാജ്യാന്തര കുത്തക കരാറുകമ്പനികൾ അടിസ്ഥാന ഘടനാ വികസനത്തിന്റെ പേരിൽ റോഡുകളും, പാലങ്ങളും, റെയിലുകളും, വൈദ്യുതിനിലയങ്ങളും, ജലവിതരണകമ്പനികളും പണിതീർക്കും. നാടിന്റെ അവസാന തുള്ളിരക്തം വരെ അവർ ഊറ്റിയെടുക്കും. യുദ്ധകാലടിസ്ഥാനത്തിലുള്ള സ്ഥലമെടുപ്പുകൾ, കുടിയൊഴിപ്പിക്കലുകൾ, സ്വന്തം നാട്ടിൽ പ്രവാസി ജീവിതം നയിക്കാൻ വിധിക്കപ്പെടുന്ന മൂലമ്പിള്ളികൾ ഇനിയെത്ര. പ്രത്യേക സാമ്പത്തിക മേഖലകൾ ഗ്രാമങ്ങളിലെ വിഭവങ്ങൾ കൊള്ളയടിച്ചും അദ്ധ്വാനശേഷി ചൂഷണം ചെയ്തു കാൻസർ കോശങ്ങളെപ്പോലെ വളരും. സാമ്രാജ്യത്ത നിയന്ത്രിതമായ ഈ കോളനികളിൽ തൊഴിലവകാശനിയമങ്ങൾ നിയന്ത്രിക്കും, 'ട്രേഡ് യൂണിയൻ അതിപ്രസരം' തടയും, തൊഴിൽ നയങ്ങൾ മാനേജുമെന്റുകൾക്കനുകൂലമാകും. എഡിബി കല്പനകൾക്കനുസരിച്ച് വീടിനും കുടിവെള്ളത്തിനും വരെ ഭീമമായകരം ചുമത്തി ജനങ്ങളെ പിഴിയുന്ന സർക്കാർ എത്ര ഉദാരമായ സമീപനമാണ് നാടിനെ കൊള്ളയടിക്കാൻ വരുന്നവർക്ക് നല്കുന്നതെന്ന് നോക്കുക. വില്പനനികുതിയും പർച്ചേസ് ടാക്സും ഒഴിവാക്കുന്നു. സ്റ്റാമ്പ് ഡ്യൂട്ടിയും, രജിസ്ട്രേഷൻ ഫീസും വേണ്ടെന്നുവയ്ക്കുന്നു. ഇറക്കുമതി ചെയ്യുന്ന ഉപകരണങ്ങൾക്ക് കസ്റ്റംസ് ഡ്യൂട്ടിയും, എക്സൈസ് തീരുവയും ഇളവുചെയ്യുന്നു. പൊതുഖജനാവിൽ നിന്ന് 30% മുതൽ40% വരെ സബ്സിഡി നൽകുന്നു. വൈദ്യുതിയും വെള്ളവും ആവശ്യാനുസ്സരണം ഇടതടവില്ലാതെ നൽകാമെന്ന് ഉറപ്പുനൽകുന്നു. സ്വന്തം വീട്ടിലേക്ക് കൊള്ള സംഘത്തെ ക്വട്ടേഷൻകൊടുത്ത് ആനയിക്കയാണിന്ന്!

2003-ൽ ആഗോള മുതൽ മടക്കുമേളയുടെ പേരിൽ AK.ആന്റണി സർക്കാർ നടത്തിയ മാമാങ്കം നമ്മൾ കണ്ടതാണ്. മേളയ്ക്കു മുടക്കിയ പണം പോലും നിക്ഷേപമായി കേരളത്തിനു കിട്ടിയില്ല. DYFI സഖാക്കൾ അന്ന് സമരപ്രഖ്യാപനം നടത്തി. ADB ഓഫീസ് കടന്നാക്രമിച്ച പോരാട്ടത്തിന്റെ സഖാക്കൾക്കെതിരെ പോലീസ് മൃദുസമീപനമെടുത്തെന്ന് ആക്രോശിച്ച പിണറായിയെന്ന സാമ്രാജ്യത്ത സേവകന്റെ മുഖം കുടതൽ വിളങ്ങിയത്. (ജിം) മേളയ്ക്കനുകൂലമായി യുവജനസംഘടനയ്ക്കെതിരെ നില

യുറപ്പിച്ചപ്പോഴാണ്. അച്ചടക്കത്തിന്റെ ശരശയ്യയിൽ കിടന്നും ആശയസമരം തീരാതെ അധികാരത്തിനായി കടിപിടി കൂടുന്ന വി.സ്.അച്യുതാനന്ദനായിരുന്നു അന്ന് ജിം മേളയുടെ മുഖ്യ അഭിവാദ്യ പ്രാസംഗികൻ. ഇന്നിവർ ലോകനിക്ഷേപക മേളയുടെ അണിയത്തിരിക്കുന്നു; എളമരവും, ശർമ്മയും, കൊടിയേരിയുമെല്ലാം. അരങ്ങുനിറഞ്ഞ് ആടുകയാണ്. വികസന വിഭ്രാന്തി പടർത്തി വിനാശത്തിന്റെ വാരിക്കുഴികളിലേക്ക് നമ്മുടെ ഗ്രാമങ്ങളെ ഭരണകൂടം എടുത്തെറിയുമ്പോൾ കലാപം ചെയ്യാതിരിക്കാൻ ദേശാഭിമാനികൾക്ക് അവകാശമില്ല. ■

## കേരളത്തിലെ ഗ്രാമരങ്ങൾ

(തോമസ് ഐസക്കിന്റെ ഗ്രാമങ്ങളും നഗരങ്ങളും മിശ്രണം ചെയ്ത പ്രയോഗം) കൊണ്ട് ഈ മേളയെ സ്വീകരിപ്പിക്കാനൊരുങ്ങുന്ന വേളയിൽ, അതിനെതിരെ പുരോഗമന ദേശാഭിമാന ശക്തികളുടെ ഒരു മുന്നണി കെട്ടിപ്പടുക്കേണ്ട ആവശ്യകത മുൻനിർത്തി പോരാട്ടം ജനറൽ കൗൺസിലിന്റെ മുൻകൈയിൽ (11/7/09) –ന് വിദേശ മുലധന നിക്ഷേപ പ്രതിരോധസമിതി എന്ന പേരിൽ മുന്നണി രൂപീകരിച്ചിരുന്നു. വികസനത്തിന്റെ പേരിൽ നമ്മുടെ ഗ്രാമങ്ങളെ വില്പനയ്ക്കു വയ്ക്കുന്ന ലോകനിക്ഷേപ മേള തടയുക; വിദേശ മുലധനം വിനാശത്തിന് എന്നീ മുദ്രാവാക്യങ്ങളുയർത്തി കൊണ്ട് ജൂലൈ 24 ന് ഹൈക്കോടതി ജംഗ്ഷനിൽ മേളയ്ക്കെതിരെ പൊതുസമ്മേളനം നടത്തിക്കൊണ്ട് മേള നടക്കുന്ന ഗേറ്റ് വേ ഹോട്ടലിലേയ്ക്ക് ജനകീയ മാർച്ച് നടത്തുവാനത് തീരുമാനിച്ചു. (അഡ്വ:-P.A.പൗരൻ ചെയർപേഴ്സണും, ശ്രീ.T.K.വാസു, ശ്രീ.N സുബ്രഹ്മണ്യൻ എന്നിവർ വൈസ് ചെയർ പേഴ്സണർമാരും, സ.P.J.മാനുവൽ കൺവീനറും അഡ്വ. P.O.ജോൺ, സ: K.B.അജയൻ, ഡോ:റെന്നി ആന്റണി എന്നിവർ ജോയിന്റ് കൺവീനർമാരുമായി 27 പേരുടെ ഒരു കമ്മിറ്റിയെ തെരെഞ്ഞെടുത്തു. കൂടുതൽ സംഘടനകളേയും വ്യക്തികളേയും മുന്നണിയുമായി സഹകരിച്ചു പ്രവർത്തിപ്പിക്കുന്നതിന് അവരുമായി ചർച്ച ചെയ്യുന്നതിന് മൂന്നംഗ പ്രതിനിധി സംഘത്തെ നിയോഗിച്ചു. മേളയ്ക്കു ശേഷവും നിലനിൽക്കുന്നതും വിദേശമൂലധന നിക്ഷേപങ്ങൾക്കെതിരെ പ്രക്ഷോഭങ്ങൾ ഉയർത്തികൊണ്ട് വരുന്നതിനും, സംസ്ഥാന തലത്തിൽ വിദേശ മുതൽമുടക്കിനു പിന്നിലുള്ള സാമ്രാജ്യത്ത–ദല്ലാൾ ഗൂഢാലോചനകളെ തുറന്നുകാണിക്കാൻ പര്യാപ്തമായ സംവാദങ്ങൾ ഉയർത്തിക്കൊണ്ടുവരാനും തീരുമാനിച്ചു.) ■

# ലാവലിൻ വിഴ്ചയല്ല; കണ്ടതാണ് കുറ്റം

**ലാവലിൻ കേസ്** കോടതിയിൽ എത്താതിരിക്കാൻ കയ്യിൽകിട്ടാവുന്ന പഴമുറകൾ അത്രയും എടുത്ത് പ്രതിരോധിച്ച സി.പി.എം നേതൃത്വം സ്വന്തം അണികളെ തെറ്റിദ്ധരിപ്പിക്കാൻ സ്വന്തം പോളിറ്റ് ബ്യൂറോ അംഗവും രാജ്യസഭാ പാർട്ടിനേതാവുമായ ഇ.ബാലനന്ദനേയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കമ്മറ്റി റിപ്പോർട്ടിനെ പോലും അവമതിക്കുകയും അവഗണിക്കുകയും ചെയ്തു. എന്തിനായിരുന്നു ഇത്രയും പരാക്രമങ്ങൾ. കേസിനെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്ന് പ്രഖ്യാപിച്ചവർക്ക് രാഷ്ട്രീയമായി മറ്റൊരു നിലനിൽപ്പുമില്ലാത്തപ്പോൾ സ്വീകരിക്കേണ്ട കോപ്രായങ്ങളാണ് കേരളം കണ്ടത്. അവശേഷിക്കുന്നത് നിയമയുദ്ധമാണ്. കേസ് കോടതിയിൽ എത്തികഴിഞ്ഞ സ്ഥിതിക്ക് അത് ശിക്ഷിക്കപ്പെടുമെന്നുതന്നെയാണ് വിദഗ്ധരുടേയും സി.പി.എം നേതൃത്വത്തിന്റെയും ഉറച്ച വിലയിരുത്തൽ. അതുകൊണ്ടുതന്നയാണല്ലോ കേസ് കോടതിയിലെത്താതിരിക്കാനുള്ള പതിനെട്ട് അടവും പയറ്റിയത്.

അതിൽ വീണില്ലയെങ്കിലും അഴിമതിവിരുദ്ധനാണെന്ന പരിവേഷമെങ്കിലും നില നിറുത്താനും തന്റെ പ്രതിയോഗിയെ വീഴ്ത്താനായെങ്കിൽ അതിനുവേണ്ടി ഉറച്ചു നിന്നു എന്നതാണ് വി.എസ്. അച്ച്യുതാനന്ദൻ ചെയ്ത തെറ്റ്. അതിനുള്ള പ്രതിഫലം വി.എസി.ന് ലഭിക്കുകയും ചെയ്തു. പി.ബി യിൽ നിന്നും തരം താഴ്ത്തിക്കൊണ്ടുള്ള കടുത്ത താക്കീത്. ഒരു പാർട്ടിയിലെ അച്ചടക്കനടപടി തീർച്ചയായും അതിന്റെ മാത്രം പ്രശ്നമാണ്. എന്നാൽ അത് സമൂഹത്തിന്റെ പൊതു താൽപര്യം കൂടി ബന്ധപ്പെട്ട പ്രശ്നത്തിലാണെങ്കിൽ ആ നടപടിയിലെ തെറ്റും ശരിയും മൊത്തം സമൂഹത്തിനുകൂടി വ്യാകുലതയുണ്ടാകുന്ന ഒന്നായിമാറുന്നു.

രാഷ്ട്രീയമായും നിയമപരമായും മാത്രമല്ല സി.പി.എം നേതൃത്വം സംഘടനാപരമായും കൂടി നേരിടാൻ തയ്യാറായിരിക്കുന്നു എന്നാണ് പി.ബി.യുടെ ഭൂരിപക്ഷനടപടി വ്യക്തമാക്കുന്നത്. സമൂഹത്തിന് മൊത്തം താൽപ്പര്യമുള്ള ഒരു പ്രശ്നം കുറ്റാരോപിതനായി ഒരാൾ കോടതിയിലെത്തികഴിഞ്ഞാലെങ്കിലും അയാളെ പാർട്ടിനിലവിലുള്ള സ്ഥാനത്തുനിന്നും തൽക്കാലത്തേക്കെങ്കിലും മാറ്റി നിറുത്തുക എന്ന സാമാന്യബൂർഷ്വാ രാഷ്ട്രീയ സദാചാരമോ ധാർമ്മികതയൊ പോലും സി.പി.എം. നേതൃത്വം കാണിച്ചില്ല എന്നു മാത്രമല്ല ഒരു മുഖ്യമന്ത്രി എന്ന നിലയിൽ സ്വയം അംഗീകരിച്ചിട്ടുള്ള ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിച്ചു എന്നതിന്റെ പേരിൽ സംഘടനാതത്വങ്ങൾ ലംഘിച്ചു എന്ന് പറഞ്ഞുകൊണ്ട് വി.എസി. നെതിരെ സ്വീകരിച്ച അച്ചടക്കനടപടി തെറ്റും ശരിയും തമ്മിലുള്ള വിഭജന രേഖയെ ദുർബലമാക്കുക, അപ്രസക്തമാക്കുക, അവസാനം രണ്ടിനെയും കൂട്ടിക്കുഴക്കുക എന്ന ജുഗുപ്സാഹവും അപകടകരവുമായ ദൗത്യമാണ് നിർവ്വഹിക്കുന്നത്.

മാർക്സിസ്റ്റ് ആശയശാസ്ത്രവും രാഷ്ട്രീയവും കൈകൊഴിഞ്ഞ ഒരു തൊഴിലാളിവർഗ്ഗപാർട്ടി ജീർണ്ണവും ഫാസിസ്റ്റും ഉദ്യോഗസ്ഥ ബൂർഷ്വാ പ്രഭുത്വവുമായി മാറുന്നു എന്നതിന്റെ ഏറ്റവും പുതിയ തെളിവാണ് സി.പി.എം നടപടി. സമൂഹമോ സ്വന്തം പാർട്ടി അണികൾ പോലുമോ ഇവർക്ക് പ്രശ്നമല്ലാതാവുന്നതും, സംഘടനയും നേതൃത്വവും മാത്രമാണ് പ്രശ്നം എന്ന നിലപാടിലെത്തിചേരുന്നതും ഈ രാഷ്ട്രീയജീർണ്ണതയിലാണ്. ഒരു തരം കൊട്ടാര സേവകരെ സൃഷ്ടിക്കുക, അവരുടെ പിന്തുണയോടെ ഏത് അധാർമ്മികതയും നടപ്പാക്കി എടുക്കുക, അതിനെ ധർമ്മമെന്ന് സ്വയം വാഴ്ത്തുകയും മറ്റുള്ളവരോട് അംഗീകരിക്കാൻ ആജ്ഞാപിക്കുകയും ചെയ്യുകയെന്ന ഫ്യൂഡൽ രാജനീതിയിൽ നിന്നും ഇതെങ്ങിനെയാണ് വ്യത്യസ്ഥമാവുക? എല്ലാം നേതൃത്വം മുഴുവൻ അറിഞ്ഞുകൊണ്ടുള്ളൊരു ഇടപാടാകുമ്പോൾ മറ്റെന്താണ് ചെയ്യാനാവുക?

# എല്ലാം വിഴുങ്ങുന്ന റോഡുകൾ
## ഗതാഗത പ്രതിസന്ധിക്ക് മറുമരുന്നോ?

**സി.ആർ**

**എല്ലാ വികസനങ്ങൾക്കും** അതിന്റേതായ ഒരു രാഷ്ട്രീയമുണ്ടായിരിക്കും അത് ഒന്നുങ്കിൽ ചൂഷക വർഗ്ഗത്തെ സേവിക്കും; അല്ലാത്തപക്ഷം ജനനന്മയെ ലക്ഷ്യം വെച്ചുള്ളതായിരിക്കും. കഴിഞ്ഞ അറുപതിലേറെ വർഷക്കാലമായുള്ള ഇന്ത്യയിലെ വികസനങ്ങൾ അന്തിമമായി സേവിച്ചിട്ടുള്ളത് ഇന്ത്യയിലെ പിന്തിരിപ്പൻ ഭരണ വർഗ്ഗങ്ങളേയും സാമ്രാജ്യത്ത കുത്തകകളേയുമായിരുന്നു എന്നതിന് ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ തന്നെ മതിയായ സാക്ഷ്യമാണ്. ഇന്നവർക്ക് കേരളത്തിലായാലും ഇന്ത്യയിൽ ഒട്ടുമൊത്തത്തിലായാലും ഇനിയുള്ള വികസനത്തിന് വിദേശ മുതൽ മുടക്കു കൂടാതെ നിലവിലുള്ള പൊതുമേഖലകളെയും സ്വകാര്യ കമ്പനികൾക്ക് വിറ്റഴിക്കാതെയും നിർവ്വാഹമില്ല. കുടിവെള്ളം, വിദ്യാഭ്യാസം, പൊതു ആരോഗ്യം,



പൊതുമരാമത്ത് തുടങ്ങി നികുതി വാങ്ങുന്ന സർക്കാരിന്റെ കീഴിൽ വികസിക്കേണ്ട സേവനമേഖലകളിൽപ്പോലും സ്വദേശി വിദേശി മുലധനത്തിന്റ നീരാളിപിടുത്തം കൂടുതൽ ശക്തി ആർജ്ജിച്ചു കൊണ്ടിരിക്കുന്നത് ഇവിടുത്തെ വികസന രാഷ്ട്രീയത്തിന്റെ വർഗ്ഗസ്വഭാവത്തിലേക്കുള്ള ചൂണ്ടുപലകയാണ്. അത് തന്നെ ഇന്നത്തെ അതിന്റെ പ്രതിസന്ധിയിലേക്കും വിരൽ ചൂണ്ടുന്നു. കേവലം കൊള്ളയെ ലാക്കാക്കി മാത്രമുള്ള വികസനങ്ങൾ

ഈ പശ്ചാത്തലത്തിലാണ് ഗതാഗത പ്രതിസന്ധിയെക്കുറിച്ചും അത് പരിഹരിക്കാനുള്ള റോഡ് വിപുലീകരണത്തെക്കുറിച്ചും കൂറ്റൻ മേൽ പാലങ്ങളെക്കുറിച്ചുമുള്ള വികസന വിദഗ്ധ പ്രമാണിമാരുടെ പ്രഗത്ഭ പദ്ധതികളും പരിശോധിക്കേണ്ടത്. കേരളത്തെ സംബന്ധിച്ച് ഗതാഗത കുരുക്ക് പരിഹരിക്കാൻ അവരുടെ മസ്തിഷ്ക്കത്തിൽ എക്സ്പ്രസ് ഹൈവേയും (എതിർപ്പുകൾ ശക്തമായപ്പോൾ ഇതൊഴിവാക്കി ഇപ്പോൾ തെക്ക് വടക്ക് ഹൈവെ) മെട്രോ റെയിൽ, പാലക്കാട് കോഴിക്കോട് ഹൈവെ തുടങ്ങിയുള്ള നിർമ്മാണത്തിന്റേയും പുനർനിർമ്മാണത്തിന്റേയും വമ്പനും താരതമേന്യ ചെറുതുമായ പദ്ധതികളാണ് ഉള്ളത്. അത് നടപ്പിൽ വരുത്താൻ പൊതു സമൂഹവുമായി തന്നെ അവരിന്നൊരു പോരിന്നിറങ്ങി തിരിച്ചിരിക്കുകയുമാണ്.

ഇത്തരം വികസനം കൊണ്ട് എന്നെങ്കിലും ഇവിടുത്തെ ഗതാഗതത്തെ സുഗമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഗതാഗത കുരുക്കഴിക്കാൻ റോഡ് വികസനം, വീണ്ടും പെരുകുന്ന ഗതാഗത തിരക്ക്, അത് പരിഹരിക്കാൻ വീണ്ടും വികസനം അങ്ങിനെ "ചോറ് കൂടിയാൽ ചാറ്, ചാറ് കൂടിയാൽ ചോറ്" വീണ്ടും ചാറ് എന്ന രീതിയിലാണ് ഇന്നത്തെ റോഡ് വികസനത്തിന്റെ ആവശ്യകതയും. നഗര കേന്ദ്രീകൃതമായ ഏങ്കോണിപ്പോടുകൂടിയ വികസനനയം ആർത്തിയേയും കൊള്ളയേയും സേവിക്കുന്നത് കൂടിയാകുമ്പോൾ അതിലെ അശാസ്ത്രീയത ബീഭത്സസമായ ഒരു വർഗ്ഗസ്വഭാവം കൈവരിക്കുന്നതാണ്. ഈവക വികസനങ്ങളുടെ അനന്തരഭവിഷത്തുകളിൽ കാണാൻ കഴിയുന്നത്. കൊച്ചിനഗര വികസനത്തെ മാത്രം ഒരുദാഹരണമായി പരിശോധിക്കാം. നാൽപ്പതോ, അമ്പതൊ വർഷത്തിനുമുമ്പുള്ള കൊച്ചിയല്ല ഇന്നത്തെ കൊച്ചി. റോഡുകളുടെ കാര്യത്തിലും അങ്ങിനെയാണ്. റോഡുകൾ എന്ത് മാത്രം വിപുലീകരിക്കപ്പെട്ടു. പുതിയ ബൈപ്പാസുകൾ എത്ര എണ്ണം നിർമ്മിക്കപ്പെട്ടു. ഇതിനു വേണ്ടി കനാൽ വരമ്പുകളിലേക്കും കായലോരങ്ങളിലേക്കും ആട്ടി ഓടിക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം നിരവധിയാണ്. എന്നിട്ടോ? വൈറ്റിലയിൽ നിന്നും എം.ജി. റോഡിൽ എത്താൻ മാത്രം പലപ്പോഴും നാല്പതും അമ്പതും മിനിട്ടുകൾവേണം. കൊച്ചിയിലെ ഗതാഗത സ്തംഭനം പരിഹരിക്കാൻ ഈ വികസന വാദികൾക്ക് ഭൂഗർഭറെയിൽ അനുപേക്ഷണീയമായിത്തീർന്നിരിക്കുകയാണ്. ഇവിടം കൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുമോ? ഇതിനു വേണ്ടി കുടിയോഴിപ്പിക്കപ്പെടുന്നവരുടേയും, നിഷ്പ്രഭമാകുന്ന വാണിജ്യഭാഗങ്ങളുടേയും പ്രശ്നം വേറെയുമുണ്ടാകും. വികസനം അശാസ്ത്രീയവും ഏങ്കോണിപ്പോടു കൂടിയതും സമഗ്രമല്ലാത്തതും ലാഭത്തെ മാത്രം ലക്ഷ്യം വെച്ചുള്ളതുമാകുമ്പോൾ അതിന് സ്വഭാവികമായും മനുഷ്യമുഖം നഷ്ടമാകുകതന്നെ ചെയ്യും എന്നതിനുള്ള ഒരു ഉദാഹരണമാണ് ഇവിടുത്തെ

റോഡ് വികസനനയം. ഇത് പൊതുസമൂഹത്തിന് ഒരു ദ്രോഹമായിക്കൊണ്ടിരിക്കുകയാണ്.

ഭീമമായിക്കൊണ്ടിരിക്കുന്ന വാഹനപ്പെരുപ്പമാണ് ഇന്നത്തെ ദുരവസ്ഥക്ക് കാരണം. ഇത് പരിഹരിക്കാൻ റോഡ് വികസനമല്ലാതെ മറ്റെന്ത് മാർഗം? എന്നതാണ് ഈവികസന മുറിവൈദ്യന്മാരുടെ ചോദ്യം. ഗതാഗത ക്കുരുക്ക് ഇന്ന് എല്ലാ വികസിത നഗരങ്ങളുടേയും അതിന്റെ പ്രാന്ത പ്രദേശത്തേയും ഒരു ദുരന്തം തന്നെ യാണ്. മനുഷ്യന്റെ യാത്രാക്ലേശം ലഘൂകരിക്കാൻ സാങ്കേതിക വിദ്യ വളർത്തിയെടുത്തത് കൊണ്ടുണ്ടായ ഭവിഷ്യത്താണ് ഇന്നത്തെ യാത്രാ ദുരന്തം.? പട്ടണ കേന്ദ്രീകൃതമായ സന്തുലിതമല്ലാത്ത ഏങ്കോണിപ്പോടു കൂടിയ വികസനമല്ലെ ഇന്നത്തെ ദുരന്തത്തിനാധാരം?

കാർഷിക പ്രധാനമായ ഇന്ത്യയിലേയും കേരളത്തി ലേയും നാട്ടിൻ പുറങ്ങളിൽ കൃഷിക്ക് ഉന്നൽ നൽകി കൊണ്ടുള്ള ഒരു വികസനനയം സ്വീകരിക്കുക. അവി ടെത്തന്നെ കൃഷിയെയും ഗ്രാമീണജനതയുടെ അത്യാ വശ്യങ്ങളേയും സേവിക്കുന്ന ചെറുതും ഇടത്തരവുമായ



വ്യവസായങ്ങൾ വളർത്തിയെടുക്കുക അങ്ങിനെ സ്വാശ്രിത സമ്പ ദ്ഘടനയോടുകൂടിയ ഗ്രാമങ്ങളെ സൃഷ്ടിക്കാനും അവിടത്തു കാർക്ക് അതാത് ഗ്രാമപ്രദേശങ്ങളിലും അതിന്റെ വ്യവസായ കേന്ദ്ര ങ്ങളിലും ജോലി ഉറപ്പുവരുത്താനും ആവശ്യമായതെന്തും ലഭ്യ മാക്കാനുമുള്ള പദ്ധതികൾ ഉണ്ടായാൽ ഇന്നത്തെ പരക്കം പാച്ചിലും അത് അനിവാര്യമാക്കുന്ന വാഹനപ്പെരുക്കവും ഒഴി വാക്കാൻ കഴിയുകയില്ലായിരുന്നോ. സ്ഥലവിസ്തീർണ്ണത്തിൽ താര തമ്യേന വളരെ ചെറുതായ കേരളം ഇന്ന് റോഡും മതിലുകളും കെട്ടിടങ്ങളും കൊണ്ട് വീർപ്പുമുട്ടുന്നതിന്റെ അടിസ്ഥാനകാരണം ഇത്തരമൊരു ശാസ്ത്രീയവും സന്തുലിതവും മനുഷ്യമുഖത്തോ ടുകൂടിയ ഒരു വികസന സങ്കൽപ്പത്തിന്റെയും അതിനു നേതൃത്വം നൽകുന്ന രാഷ്ട്രീയത്തിന്റേയും അഭാവമാണ്. മാവോയിസ്റ്റുകളിൽ വിപ്ലവ ചൈനയിൽ ഗ്രാമീണ സ്വായാശ്രിതമായ കമ്മ്യൂണുകളും അതിനെ ശക്തിപ്പെടുത്തുന്ന വികസനവും തോളോടു തോൾ മുന്നേറിയപ്പോൾ ജനങ്ങൾക്ക് വിനോദയാത്രക്കും മറ്റുമല്ലാതെ ദീർഘദൂരം യാത്രചെയ്യേണ്ട ആവശ്യംതന്നെ ഇല്ലാതായി. അത് കൊണ്ട് സൈക്കളുകളെ മാത്രമാണ് ചൈനക്കാർ നിത്യജീവിത ത്തിൽ ആശ്രയിച്ചത്. ഇത് ഇന്ധനത്തെ ലാഭിപ്പിച്ചു എന്നു മാത്ര മല്ല പാരിസ്ഥിതിക മലിനീകരണത്തെ കൂടി ഒഴിവാക്കുകയും ചെയ്തു. മാവോയിസ്റ്റ് ചൈനയിൽ ആർക്കും തന്നെ സ്വന്തമായ മോട്ടോർ വാഹനത്തിന്റെ ആവശ്യംത്തന്നെ ഉണ്ടായിരുന്നില്ല. അത്കൊണ്ട് അവർക്കാർക്കും മോട്ടാർ വാഹനവും ഉണ്ടായില്ല. സർക്കാർ ഓഫീസുകൾ അതിന്റെ അത്യാവശ്യത്തിനു മാത്രമാണ് മോട്ടോർ വാഹനം ഉപയോഗിച്ചിരുന്നത്. മുതലാളിത്ത വികസിത സമൂഹം നേരിടുന്ന ഭീഷണമായ ഗതാഗതക്കുരുക്കും റോഡ് വിക സനത്തിന്റെ പ്രശ്നങ്ങളും ഇവയുമായി ബന്ധപ്പെട്ട പാരിസ്ഥി തിക പ്രശ്നങ്ങളും അത് കൊണ്ട് തന്നെ മാവോയ്സ്റ്റ് ചൈന യിൽ അന്യവുമായിരുന്നു. സ്വന്തം സ്വാതന്ത്ര്യത്തേയും പരമാധി കാരത്തേയും അടിയറവെച്ചുകൊണ്ടുള്ള അശാസ്ത്രീയവും ഏങ്കോ ണിപ്പോടുകൂടിയതുമായ വികസന സങ്കൽപ്പത്തോട് മാവോയ്സ്റ്റ് വികസനസങ്കൽപ്പം നിരന്തരം കലഹിച്ചു കൊണ്ടാണ് സോഷ്യ ലിസ്റ്റ് സാമൂഹ്യക്രമത്തെ അത് വളർത്തിയെടുത്തത്. എന്തിലും നേതൃത്വസ്ഥാനത്ത് തൊഴിലാളി വർഗ്ഗരാഷ്ട്രീയത്തെ സ്ഥാപിക്കുക എന്നത് മാവോയ്സ്റ്റ് ചൈനയുടെ മുദ്രാവാക്യമാ യിരുന്നു. എന്നാൽ വികസനത്തിൽ രാഷ്ടീയം കലർത്തരുതെന്ന് വാദിക്കുകയും മുതലാളിത്ത താൽപര്യങ്ങളേയും അതിനെ സേവി ക്കുന്ന രാഷ്ട്രീയത്തേയും മുറുകെ പിടിക്കുന്ന ഇവിടുത്തെ വിക സനസങ്കൽപ്പം ഇന്നത്തെ വികസനവാദികൾ നിലനിർത്താനും സേവിക്കാനും ഉദ്ദേശിക്കുന്ന സമൂഹവുമായി ബന്ധപ്പെട്ടതാണെ ന്നതാണ് യഥാർത്ഥ്യം. ഇവിടെ ഇന്ന് സാങ്കേതിക വികാസം തന്നെ മനുഷ്യവാസത്തിന് ഹാനികരമായിക്കൊണ്ടിരിക്കുന്നതും വിക സനത്തിലെ ചൂഷകരാഷ്ട്രീയത്തിന്റെ പ്രതിഫലനമാണ്. ■

## സ്വകാര്യവൽക്കര ണത്തിൽ അടുത്തത് - റോഡുനയം 2009-2021

പാർടിക്കുള്ളിലും പാർടികൾ തമ്മിലും പോര ടിക്കുന്നതിനിടയിൽ, മുറതെറ്റാതെ, വിഎസ് സർ ക്കാർ കുറെ നയങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്. അ പ്പംചുട്ടെടുക്കും പോലെ വരുന്നതെല്ലാം സ്വകാ ര്യവൽക്കരണത്തിന്! അതിൽപെട്ടതാണ് 'റോഡു നയം 2009-2021'. ഭവനനയം, വനിതാനയം എ ന്നിവയിലൊക്കെ അൽപം മറവെച്ചാണ് കപട ഇടതിന്റെ സ്വകാര്യവൽക്കരണ സേവ തലനീ ട്ടിയത്. ഈ നയത്തിൽ അങ്ങനെയേതുമില്ല. "വി പണിയിൽ നിന്ന് വിഭവങ്ങൾ സമാഹരിക്കുക.." , "വടക്ക്-തെക്ക് റോഡ് ഇടനാഴിയുടെ (പഴയ എക്സപ്രസ് ഹൈവെ) വികാസത്തിൽ സ്വകാ ര്യമേഖലയുടെ പങ്കാളിത്തത്തിന് സാധ്യത യുണ്ട്" , ... ബിഒടി, വാർഷിക കരാർ എന്നിങ്ങ നെ വിവിധ രൂപങ്ങളിൽ സ്വകാര്യ മേഖലയു ടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം. എന്നാൽ, ഏതു പിപിപിയുടെയും (സ്വകാര്യ-പൊതുമേ ഘല പങ്കാളിത്തം) അടിസ്ഥാനം വിഭവങ്ങളുടെ സമാഹരണവും ഭൂമി ലഭ്യമാക്കുന്നതിലെ സർ ക്കാറിന്റെ ശേഷിയുമാണ്..." എന്നിങ്ങനെ ഇ പ്പോൾ പച്ചക്കാണ് കാര്യങ്ങൾ. പിന്നെ ജനങ്ങ ളെ പിഴിയാനുമുണ്ട് കുറെ നിർദ്ദേശങ്ങൾ. എല്ലാ ഹൈവേകളിലും ടോൾ പിരിവ്, റോഡോരങ്ങ ളിലെ സ്ഥാപനങ്ങളിൽ നിന്ന് പിരിവ്, ട്രാഫി ക്ക് ഫൈൻ, ഇന്ധന സെസ്സ്, പ്രവേശന ഫീസ്, വൈദ്യുതിലൈൻ/വെള്ളമെത്തിക്കുന്ന കുഴൽ മുതലായവക്ക് വാടക - തൽക്കാലം അവർ ആ ലോചിച്ചെടുത്തത് ഇതൊക്കെയാണ്.




# ലാൽഗഢിലെ ചെറുത്തുനിൽപ്പ്

**കേന്ദ്ര സർക്കാരിന്റെ** സഹായത്തോടെ ബുദ്ധദേവ് സർക്കാർ സൈനികമായി കീഴടക്കിയ ലാൽഗഢിൽ ഇപ്പോൾ വികസന വാഗ്ദാനങ്ങളുടെ പ്രളയമാണ്. ബ്രിട്ടീഷ് കൊളോണിയലിസത്തിനെതിരെ പൊരുതിയ ആദിവാസി യോദ്ധാക്കൾ സിദ്ധു, കാനു, ബിർസ മുണ്ടയുടെ പേരുകളിൽ ഒരു സന്താളി സർവ്വകലാശാല സ്ഥാപിക്കാൻ പോകുന്ന കാര്യമാണ് ഒടുവിൽ കേട്ടത്. സന്താളി ഭാഷയിൽ ഉന്നതപഠനം നടത്താൻ കഴിയും, ഇതിനുള്ള നിയമം ഉടനെ തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കും എന്നൊക്കെ വിദ്യാഭ്യാസ മന്ത്രി പുലമ്പി. ഉറുമ്പുമുട്ടകൾ തിന്ന് വിശപ്പടക്കേണ്ടി വരുന്ന സന്താളിനെയാണ് കുറച്ചു ദിവസം മുമ്പ് ഈ പ്രദേശത്തേകുറിച്ചുള്ള ടിവി വാർത്തയിൽ കണ്ടത്! അവിടേക്കാണ് ഉന്നതപഠനത്തിനായി സർവ്വകലാശലയുമായി ബുദ്ധദേവ് സർക്കാർ പോകുന്നത്. എന്തായാലും അത് ഭാവിയിലെ കാര്യം. സ്ക്കൂൾക്കുട്ടികളുടെ പഠിപ്പും ഉച്ചയൂണും മുടങ്ങിനിൽക്കുന്നതാണ് ഇപ്പോൾ ആ പ്രദേശത്തെ ജനങ്ങൾ നേരിടുന്ന അടിയന്തിര പ്രശ്നം. സ്ക്കൂളുകളെല്ലാം ബുദ്ധദേവിന്റെ പോലീസും സിആർപിയും കൈയ്യടക്കിയിരിക്കുന്നു. ഇതിനെതിരെ പ്രതിഷേധിച്ച സ്ത്രീകളെയും കുട്ടികളെയും അടിച്ചോടിച്ച് സിപിഎം സർക്കാർ അവർക്ക് 'പ്രാഥമിക പഠനം' നൽകി. എന്നിട്ടും ചെറുത്തുനിൽപ്പ് തുടരുന്നു. ചെറുത്തുനിൽക്കുന്ന ജനങ്ങളോടൊപ്പം, അവരുടെ സംരക്ഷണത്തിൽ, ജനകീയ വിമോചന ഗറില്ലാ സൈന്യത്തിന്റെ (പിഎൽജിഎ) പോരാളികളും അവിടെ തന്നെയുണ്ട്.

സിപിഐ(മാവോയിസ്റ്റ്) നയിക്കുന്ന ജനകീയ യുദ്ധത്തെ എല്ലാ സന്നാഹങ്ങളോടും കൂടി കടന്നാക്രമിക്കാൻ യുഎസ് മാർഗദർശനത്തിൽ തയ്യാറാക്കിയ മൻമോഹൻ സർക്കാറിന്റെ പദ്ധതിക്ക് ഒരു ആദ്യ നീക്കമായിരുന്നു ലാൽഗഢ്. യുഎസ് നൽകിയ ഒരു പ്രത്യേകതരം മഷി ഹെലികോപ്ടറുപയോഗിച്ച് ആകാശത്തുനിന്ന് വിതറി, അങ്ങനെ അവിടെയുണ്ടായിരുന്നവരെയൊക്കെ അടയാളപ്പെടുത്തി എന്ന് ബംഗാളിപത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു (Latest Report from Lalgarh, Amit Bhattacharyya). മറ്റു പ്രദേശങ്ങളിലേക്ക് പിന്മാറുന്ന മാവോയിസ്റ്റ് പ്രവർത്തകരെ കണ്ടെത്താനാണത്രെ ഇതു ചെയ്തത്. ഇതുവരേയ്ക്കും ഇങ്ങനെ ആരെയെങ്കിലും പിടിച്ചവിവരമില്ലെങ്കിലും, ഇന്ത്യൻ ഭരണകൂടത്തിന്റെ പ്രതിവിപ്ലവ യുദ്ധത്തിലെ സാമ്രാജ്യത്വ സാന്നിദ്ധ്യവും, അവരുടെ യുദ്ധസാമഗ്രികൾ പരീക്ഷിക്കാൻ സിപിഎം തിരുത്തൽവാദികൾ ചെയ്തുകൊടുക്കുന്ന സൗകര്യവും സ്പഷ്ടമാകുന്നുണ്ട്.

(തിരുത്ത്: കഴിഞ്ഞ ലക്കത്തിലെ ലാൽഗഢ് ലേഖനത്തിൽ, "മേദിനീപൂർ ജില്ലയിൽ, ആദ്യം സിപിഎമ്മിനെതിരെ തൃണമൂലുമായും, പിന്നെ തൃണമൂലിനെതിരെ സിപിഎമ്മുമായും ഐക്യപ്പെട്ട്, ഒടുവിൽ പൂർവ്വശക്തി ആർജിച്ച സിപിഎം അഴിച്ചുവിട്ട അടിച്ചമർത്തലിൽ പിടിച്ചുനിൽക്കാനാവാതെ സിപിഐ(എം-എൽ) പീപ്പിൾസ് വാറിന് പിൻവാങ്ങേണ്ടി വന്ന അനുഭവും ബംഗാളിലുണ്ട്." എന്ന വരി 'മേദിനീപൂർ ജില്ലയിൽ, ആദ്യം തൃണമൂലിനെതിരെ സിപിഎമ്മുമായി ഐക്യപ്പെട്ട്, ഒടുവിൽ പൂർവ്വശക്തി ആർജിച്ച സിപിഎം അഴിച്ചുവിട്ട അടിച്ചമർത്തൽ നേരിടാൻ തൃണമൂലുമായി ഐക്യപ്പെട്ടിട്ടും പിടിച്ചുനിൽക്കാനാവാതെ സിപിഐ(എം-എൽ) പീപ്പിൾസ് വാറിന് പിൻവാങ്ങേണ്ടി വന്ന അനുഭവും ബംഗാ ളിലുണ്ട്." എന്ന് തിരുത്തി വായിക്കുക.

**വായന**




## നന്ദിഗ്രാം വഴി സിംഗൂരിൽ നിന്നും ലാൽഗഢ് വരെ

പ്രൊഫ. അമിത് ഭട്ടാചാര്യ
പേജ് 48, വില 20 രൂപ.

ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായ ഈ പുസ്തകം ലാൽഗഢ് ആദിവാസി ജനതക്കെതിരെ പശ്ചിമബംഗാൾ കപട ഇടത് സർക്കാർ വികസനാഭസത്തിന്റെ പേരിൽ നടത്തിയ കുടിയൊഴിപ്പിക്കലിന്റെയും ഭരണകൂട അടിച്ചമർത്തലുകളുടേയും അതിനെതിരായ ചെറുത്തുനിൽപ്പുകളുടേയും സചിത്ര വിവരണമാണ്. അത് നിങ്ങളെ ലാൽഗഢിലേക്ക് ഒരു ദൃക്സാക്ഷിയായി കൊണ്ടുപോകുന്നു.

നന്ദിഗ്രാമും സിംഗൂരും നൽകിയ നിഷേധാത്മക പാഠം, ലാൽഗഢ് ജനതയെ എങ്ങിനെ ജാഗരൂകരാക്കി?

കഴിഞ്ഞ 30 വർഷത്തെ കപടഇടത് ഭരണവും അവരുടെ മുതലാളിത്ത സാമ്രാജ്യത്വ സേവയും, ദരിദ്രരും ഭൂരഹിതരുമായ ആദിവാസികൾ അടക്കമുള്ള കാർഷിക ജനതയെ സ്വന്തം ആവാസ കേന്ദ്രത്തിൽ നിന്നും ജീവിതത്തിന്റെ ഓരത്തിലേക്ക്, അനാഥത്വത്തിലേക്ക് , അപമാനത്തിലേക്ക്, ഭരണകൂട ഭീകരതയിലേക്ക് ആട്ടിയോടിച്ചപ്പോൾ അതെങ്ങിനെ ജനങ്ങളുടെ പകയുടെ കത്തിയുയരുന്ന തീജ്ജ്വാലകളായി മാറി?

ഇത്തരം യാഥാർത്ഥ്യങ്ങളുടെ നേർരേഖയാണ് വിസ്ഥാപൻ വിരോധി ജന വികാസ് അന്തോളൻ പ്രസിദ്ധീകരിച്ച ഈ ലഘുപുസ്തകം. ഇത് കനൽ വിതരണം ചെയ്യുന്നു.

കോപ്പികൾക്ക് :
**മുന്നണിപ്പോരാളി, Door No. 365/A, പി.ഒ. പോന്നോർ, തൃശ്ശൂർ, കേരളം. പിൻ: 680552**

ഗോവർധൻ



# അറപ്പ

**പുഴ കടലിൽ ചേരുന്നിടത്തിന്** അഴിമുഖം എന്ന് പേർ. കടലിനോടടുത്ത സ്ഥലത്ത് പുഴയോട് ചേരാതെ മഴ വെള്ളം നേരിട്ടൊഴുകി കടലിൽ ചേരുന്നിടമാണ് "അറപ്പ". മഴക്കാലത്ത് ഈ ചെറുഅരുവികൾ കൊണ്ടുവരുന്ന മണ്ണും മണലും അറപ്പയിലടിഞ്ഞ് മൺതിട്ടയുണ്ടാവും. വേനൽകാലത്ത് ഒഴുകാൻ വെള്ളമില്ലാതെ ഈ അരുവികളും കടലുമായുള്ള ബന്ധം മുറിയും. അടുത്ത മഴക്കാലത്ത് വെള്ളമൊഴുകാൻ തുടങ്ങുമ്പോൾ  മൺതിട്ടയ്ക്കപ്പുറം കടക്കാനാവാതെ വെള്ളം പരിസരങ്ങളിലേക്ക് പടരും. ഇങ്ങനെ പരന്നൊഴുകുന്ന വെള്ളം സമീപത്തുള്ള വീട്ടുമുറ്റങ്ങളിലേക്കും എത്തും. ചിലപ്പോൾ മറ്റൊരു താഴ്ന്ന സ്ഥലത്തെ കണ്ടെത്തി കടലിലേക്കൊഴുകുകയും ചെയ്യാം. ഇങ്ങനെ ഒഴുകുന്നത് കൃഷിയിടങ്ങളെയും ചിലപ്പോൾ വീടുകളെതന്നെയും ഒഴുക്കിക്കളഞ്ഞുകൊണ്ടായേക്കാം. ഇങ്ങനെയുള്ള അനിഷ്ടങ്ങൾ ഒഴിവാക്കുവാനായി വെള്ളം ഉയരുമ്പോൾതന്നെ കാറ്റിനേയും മഴയേയും നോക്കി കുറിക്കപ്പെടുന്ന ഒരു ദിവസം സമീപവാസികളെല്ലാരും ചേർന്ന് അറപ്പ മുറിക്കും. ആഘോഷമാണത്. നാട്ടുകാരുടെ കൂട്ടായ്മയിൽ നടത്തപ്പെടുന്ന അറപ്പ മുറിക്കൽ അവസാനിച്ചിട്ട് കുറച്ച് വർഷങ്ങളായി. അയൽക്കാരൊക്കെ അസൂയാലുക്കളും ശത്രുക്കളും പരിചയമില്ലാത്തവരുമായതോടെ അറപ്പ മുറിക്കലിനാവശ്യമായ കൂട്ടായ്മ തകർന്നു. പ്രകൃതിയുടെ താളത്തിനനുസരിച്ച് മനുഷ്യരുടെ കൂട്ടായ്മ പ്രകൃതിയിലിടപെടുന്ന ഈ ആഘോഷമവസാനിച്ചതോടെ PWD യും പഞ്ചായത്തുമാണ് ഇപ്പോൾ അറപ്പ മുറിക്കുക. കൈക്കോട്ടുകൾക്ക് പകരം JCB ആണ് ആയുധം.

അറപ്പ മുറിക്കലില്ലാതായതിന്റെ രാഷ്ട്രീയ വ്യവക്ഷകളെന്തെല്ലാമാണ് ? പ്രാദേശികമായ കൂട്ടായ്മകളിലൂടെ നടന്നിരുന്ന അറപ്പ മുറിക്കൽ ഭരണകൂടം ഏറ്റെടുക്കുമ്പോൾ സാമൂഹികമായ എന്ത് മാറ്റമാണുണ്ടാവുന്നത് ? വീട്ടുമുറ്റത്ത് വെള്ളം കയറാതിരിക്കണമെങ്കിൽ ഭരണകൂടം ഇടപെടണമെന്ന അവസ്ഥ ഭരണകൂടത്തെ, മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങളിലൊന്നാക്കി മാറ്റുന്നുണ്ടോ ? അങ്ങനെയെങ്കിൽ ഭരണകൂടത്തിനെതിരായിട്ടുള്ള വിപ്ലവ പ്രവർത്തനങ്ങളെ ഏതേതു തലങ്ങളിലാണ് ഇത് ബാധിക്കുക?


ജനങ്ങൾ പിൻവാങ്ങുമ്പോൾ മാത്രമല്ല ഭരണകൂടം പ്രാദേശിക അറിവുകളെ ഏറ്റെടുക്കുകയും പരിവർത്തനം ചെയ്യുകയും ചിലപ്പോഴൊക്കെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നത്. ഈ പ്രക്രിയയുടെ ഏറ്റവും നല്ല ഉദാഹരണം ഹരിതവിപ്ലവമാണ്. ഭക്ഷ്യക്ഷാമം നേരിട്ടിരുന്ന കാലങ്ങളിൽ അമേരിക്കയിൽ നിന്നും ഗോതമ്പ് ഇറക്കുമതി ചെയ്തും മരചീനി കൃഷിയെ പ്രോത്സാഹിപ്പിച്ചും വനഭൂമി കൃഷിയാവശ്യത്തിനായി വിട്ട് കൊടുത്തും ആണ് ഇന്ത്യൻ ഭരണകൂടം അതിനെ മറികടക്കാൻ ശ്രമിച്ചത്. ഇത്തരം താൽക്കാലിക ആവശ്യങ്ങൾക്കപ്പുറത്തേക്ക് ദീർഘദൃഷ്ടിയോടെ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രമിച്ച ഭരണകൂടത്തിന് മുന്നിൽ രണ്ട് പദ്ധതികളാണ് സമർപ്പിക്കപ്പെട്ടത്. അദ്യത്തേത് റിച്ചാറിയ എന്ന ശാസ്ത്രജ്ഞന്റേയും രണ്ടാമത്തേത് M.S. സ്വാമിനാഥന്റേയും. റിച്ചാറിയ മുന്നോട്ട് വെച്ച പദ്ധതി വിസ്തൃതമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഓരോ പ്രദേശത്തിന്റേയും മണ്ണിനും കാലാവസ്ഥയ്ക്കും അനുസൃതമായി ഉരുവം കൊണ്ട തദ്ദേശ വിളയിനങ്ങളുപയോഗിച്ച് കൊണ്ട് പ്രാദേശിക തലത്തിൽ തന്നെ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുക എന്നതായിരുന്നു. നൂറിലേറെ ഇനങ്ങളുള്ള നെല്ലിന്റേയും ഗോതമ്പിന്റേയും വിശാലമായ ജനിതക വൈവിദ്ധ്യത്തെ നില നിർത്തുവാനും രാസവളങ്ങളുടെയും കീടനാശിനകളുടേയും ഉപയോഗം വളരെ കുറച്ച് മാത്രം വേണ്ടതുമായ പദ്ധതിയായിരുന്നു അത്. സ്വാമിനാഥൻ മുന്നോട്ട് വെച്ച പദ്ധതിയാകട്ടെ അത്യുൽപാദനശേഷിയുള്ള സങ്കരഇനങ്ങളെ ഉപയോഗിച്ച് കൊണ്ട് കേന്ദ്രീകൃതമായി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമാക്കിയത്. ധാരാളം വെള്ളവും വളവും കീടനാശിനികളും ആവശ്യമുള്ള ഈ പദ്ധതിയാണ് കൂത്തകകമ്പനികളുടേയും നെഹ്രുകുടുംബവുമായുള്ള ചങ്ങാത്തത്തിലൂടെയും നടപ്പിലാക്കപ്പെട്ടത്. ധാരാളം ഡാമുകളും കൃത്രിമവള, കീടനാശിനി കമ്പനികളും നിർമ്മിക്കപ്പെട്ടു. അതോടൊപ്പം വിവിധ തരത്തിലുള്ള തദ്ദേശവിളയിനങ്ങൾ അപ്രത്യക്ഷമാവാൻ തുടങ്ങുകയും ചെയ്തു. ഇവയോടൊപ്പം തന്നെ ആ കൃഷിരീതികളുമായി ബന്ധപ്പെട്ട അറിവുകളും.

കൃഷിയിൽ മാത്രമൊതുങ്ങുന്നില്ല അറിവിന്റെ ചോർച്ച. വനവിഭവമായ തേക്ക് കൃഷി ചെയ്യുവാൻ ഉള്ള അറിവ് ഒന്നരനൂറ്റാണ്ടായി കേരളത്തിലുണ്ട്. ഈ അറിവിനെ മാറ്റിക്കൊണ്ടാണ് ഈ നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ റൂട്ട് ട്രെയിനർ ടെക്നോളജി നടപ്പിലാക്കപ്പെട്ടത്. മണ്ണിന് പകരം കമ്പോസ്റ്റ് ഉപയോഗിച്ച് കൊണ്ട് തേക്ക് വളർത്തുവാൻ പ്രത്യേക പാത്രങ്ങൾ ആവശ്യമായി വരുന്ന ഈ ടെക്നോളജി നടപ്പിലാക്കപ്പെട്ടത് വേൾഡ് ബാങ്കിന്റെ പണം കൊണ്ടാണ്. ആരോഗ്യരംഗത്താകട്ടെ പ്രാദേശികമായ അറിവുകളിന്ന് തുലോം ദുർല്ലഭമാണ്. പേപ്പറിലേഴുതിയും കമ്പ്യൂട്ടറിലാക്കിയും ഈ അറിവുകളെ സൂക്ഷിച്ച് വെക്കുക എന്നതാണ് ഭരണകൂടത്തിന്റെ രീതി. എന്നാൽ ഈ പാരിസ്ഥിതിക അറിവുകളെല്ലാം തന്നെ അതിന്റേതായ സാംസ്കാരിക പാശ്ചാത്തലത്തിലല്ലാതെ നില നിർത്താനാവില്ലെന്നതാണ് സത്യം. നെൽകൃഷി ഇല്ലാത്തിടത്ത് നെൽകൃഷിയുമായുള്ള അറിവുകൾക്ക് നിലനിൽക്കാനാവില്ല തന്നെ.

ആദിവാസി ജീവിതത്തിലേക്കുള്ള ഭരണകൂടത്തിന്റെ കടന്ന് കയറ്റവും ഈ പ്രശ്ന പരിസരത്താണ് ചർച്ച ചെയ്യേണ്ടത്. ചുറ്റുപാടിനെ ഏറ്റവും നന്നായി മനസ്സിലാക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ഈ ജനതയുടെ അമൂല്യമായ അറിവാണ് പലപ്പോഴും വികസന പ്രക്രിയയിലൂടെ നഷ്ടമാവുന്നത്. ജനങ്ങൾ ഒഴിഞ്ഞ് മാറിയും ഭരണകൂടം അടിച്ചേല്പിച്ചും- രണ്ട് തരത്തിലും സംഭവിക്കുന്നത് മനുഷ്യൻ അവന്റെ പാരിസ്ഥിതിക ചുറ്റുപാടുകളിൽ നിന്നും അകലുക എന്നതാണ്. ഈ അകലലിനെ ധ്യുദമാക്കുന്ന പ്രവർത്തനങ്ങൾ തിരിച്ചറിയുകയും അവയോട് ക്രിയാത്മകമായി പ്രതികരിച്ച് കൊണ്ട് മാത്രമേ സമഗ്രമായ രാഷ്ട്രീയപ്രവർത്തനം കെട്ടിപ്പടുക്കാനാവുകയുള്ളു. ■

കവിത

അരുൺ



# സ്വാതന്ത്ര്യം?

**മൂന്നു കല്ലുകൾ** കൂട്ടിയ അടുപ്പിൽ
ജീവിതം വേവുന്നു.
വിത്തെടുത്തു കൂത്താൻ
അടിയാൻ പുരകൾ തേടുന്ന
മാടമ്പി വാഴ്ച.
പൂച്ച കണ്ണുകൾ ചർദ്ധിച്ച
ഉച്ചീഷ്ഠത്തിൽ
തീർത്ത കോയ്മതൻ
ചങ്ങലയിൽ പിടയുന്ന
ചൂണ്ടു വിരൽ മഷിപാടിൻ
തെളി പറ്റമായോർക്ക്
വർണ്ണ കടലാസിൽ പൊതിഞ്ഞ
വില കുറഞ്ഞ മധുരത്തിനൊപ്പം.
വർഷത്തിൽ രണ്ടുതവണ
അവർ
സ്വാതന്ത്ര്യം വിളമ്പുന്നു!
കടം കൊണ്ട പണകിഴിക്കു
പണയമൊരുക്കാൻ
തന്ത്രമുഖങ്ങളായവർ,
ദല്ലാൾ പുരകളിൽ
ഒത്തു കൂടുന്നു.
ഇത് സ്വാതന്ത്രത്തിൻ
മുഖകാഴ്ച്ചകൾ

## ഡോങ് പിങ് ഹാൻ






അറിയപ്പെടാത്ത സാംസ്കാരിക വിപ്ലവം – 7

# ഗ്രാമീണ സാമ്പത്തിക വികാസം

ഡോങ്പിങ് ഹാൻ തന്റെ പിഎച്ച്ഡി തീസിസിനെ ആധാരമാക്കി തയ്യാറാക്കിയ 'അറിയപ്പെടാത്ത സാംസ്കാരിക വിപ്ലവം' എന്ന കൃതിയുടെ (ഇന്ത്യൻ പതിപ്പ് കോർണർസ്റ്റോൺ പബ്ളിഷേർസ്, ഖരഖ്പൂർ, 2007) ഈ സംഗ്രഹം മുന്നണിപ്പോരാളിയുടെ 125–ാം ലക്കം മുതൽ പ്രസിധീകരിച്ചുവരുന്നു. സാംസ്കാരിക വിപ്ലവത്തിന്റെ ആവേശകരമായ അനുഭവങ്ങളും, അതിനുമുമ്പുള്ള 17 വർഷങ്ങളിലെ, പ്രത്യകിച്ചും മഹത്തായ കുതിച്ചുചാട്ട കാലഘട്ടത്തിലെ, ചൈനീസ് നാട്ടിൻപുറവും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ സങ്കീർണതകളും പരിചയപ്പെടാൻ ഈ കൃതി ഉപകരിക്കും. തൊഴിലാളിവർഗ നേതൃത്വത്തിലുള്ള സാമൂഹ്യ സൃഷ്ടിക്കായി വീണ്ടും ഒരവസരം നേപ്പാളിൽ വാതിൽക്കൽ മുട്ടവിളിക്കുന്ന ഇന്ന്, ശരിയായ ദിശ പിൻപറ്റുന്നതിന്റെ പ്രാധാന്യവും, ഒപ്പം അതിലെ സങ്കീർണതയും, അത് ഓർമിപ്പിക്കുന്നു. ആറാം അദ്ധ്യായത്തിന്റെ ആദ്യഭാഗമാണ് ഈ ലക്കത്തിൽ – **മുന്നണിപ്പോരാളി**

### ഗ്രാമീണ സാമ്പത്തിക വികാസം

**സാംസ്കാരിക വിപ്ലവ ദശകത്തിൽ** ജിമോ കൗണ്ടിയിലെ കാർഷിക ഉൽപാദനം ഇരട്ടിയിലധികമായി. 1966നു മുമ്പ് ജിമോ സമ്പദ്ഘടനയിൽ നാമമാത്രമായിരുന്ന വ്യവസായം 36 ശതമാനമായി. സാധാരണ ഗ്രാമീണരെ അധികാരപ്പെടുത്തുകയും കൂട്ടായസംരംഭങ്ങളുടെ സംഘാടനം മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ട് രാഷ്ട്രീയ സംസ്കാരത്തിൽ ഉണ്ടായ മാറ്റവും, ആധുനിക സാങ്കേതികവിദ്യയുടെ സ്വാംശീകരണം സാധ്യമാക്കിയ വിദ്യാഭ്യാസരംഗത്ത് ദ്യുതഗതിയിൽ ഉണ്ടായ നിലവാരവർദ്ധനവും ആണ്, എന്റെ അഭിപ്രായത്തിൽ, ഇതിന് വഴിവെച്ച രണ്ട് സുപ്രധാനഘടകങ്ങൾ. സാംസ്കാരിക വിപ്ലവത്തിന്റെ ഉൽപ്പന്നങ്ങളായിരുന്നു ഇവ.

അധികാരപ്പെടുത്തലിനെ കുറിച്ച് ഇതിനുമുമ്പ് പറഞ്ഞതാണ്. കേൾക്കുമ്പോൾ അമൂർത്തമായ ഈ വാക്കിന്റെ പ്രായോഗിക അർത്ഥം കാര്യങ്ങൾ ചെയ്യുന്നതിലുണ്ടായ മാറ്റമാണ്. ഉൽപാദന ടീം നേതാക്കളെ മുകളിൽ നിന്ന് നിയമിക്കുന്ന പതിവിനു പകരം തെരഞ്ഞെടുക്കാൻ തുടങ്ങി. 1967 മാർച്ച് 11ന്, പുതുതായി രൂപംകൊണ്ട ബഹുജന രാഷ്ട്രീയ സംഘ നേതാക്കളുടെ ഒരു യോഗം ജിമോ കൗണ്ടി ഉൽപാദന ഓഫീസ് സംഘടിപ്പിച്ചു. അടുത്ത വർഷത്തെ ഉൽപാദന പദ്ധതികളായിരുന്നു ചർച്ചാവിഷയം. വസന്തകാല ആരംഭത്തിൽ ഇങ്ങനെയുള്ള യോഗത്തിൽ വെച്ച് ആ വർഷത്തെ ഉൽപാദനലക്ഷ്യങ്ങളും പദ്ധതികളും ചർച്ചചെയ്ത് തീരുമാനിക്കുന്നത്

പിന്നീട് പതിവായി. നാട്ടുഭാഷയിൽ പതിനായിരങ്ങളുടെ യോഗം അല്ലെങ്കിൽ നാലു തരം കേഡർമാരുടെ യോഗം എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്. കൗണ്ടി മുതൽ ഉൽപാദന ടീം വരെയുള്ളവർ, ഏതാണ്ട് പതിനായിരം പേർ, ഈ യോഗങ്ങളിൽ പങ്കെടുത്തിരുന്നു. സാംസ്കാരിക വിപ്ലവത്തിന്റെ ജനാധിപത്യ ദിശയുടെ പ്രകാശനമായിരുന്നു അത്. സാംസ്കാരിക വിപ്ലവത്തിലെ കലാപകാരികളായ നേതാക്കൾ പഴയ പോലെ കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിച്ചിരുന്നില്ല. ഉൽപാദന ടീം നേതാക്കളെ ആസൂത്രണ പ്രക്രിയയുടെ ഭാഗമാക്കാനും, വാർഷിക ഉൽപാദനലക്ഷ്യങ്ങളും പദ്ധതികളും സംബന്ധിച്ച് ഗ്രാമീണരുമായി അതുവഴി ആശയവിനിമയം നടത്താനുമായിരുന്നു ശ്രമം. അതുവരെ നിഷ്ക്രിയ അനുയായികൾ മാത്രമായിരുന്ന ജനങ്ങളെ ഈ ചെറിയ നടപടി സജീവ പങ്കാളികളാക്കി മാറ്റി. അനുഭവങ്ങളും പ്രത്യാശകളും, മെച്ചപ്പെട്ട കാർഷികരീതികളെ കുറിച്ചുള്ള അറിവും, കൈമാറാനുള്ള വേദികൂടിയായി ഈ വാർഷിക സംഗമം.

മുമ്പ് മഹത്തായ കുതിച്ചുചാട്ട കാലത്ത് നടപ്പാക്കാൻ ശ്രമിച്ച വമ്പൻ പദ്ധതികൾ ജിമോയിലെ ഗ്രാമീണ കൂട്ടായ്മകൾ സാംസ്കാരിക വിപ്ലവ കാലത്ത് വീണ്ടും ഏറ്റെടുത്തു. ഇപ്രാവശ്യം പക്ഷെ, തീരുമാനങ്ങളെടുത്തത് പുതിയരീതിയിലാണ്. മേലധികാരികളുടെ ഉൽപാദന സംബന്ധമായ തീരുമാനങ്ങൾ കീഴോട്ട് അറിയിക്കുന്നതായിരുന്നു അന്നത്തെ പതിവ്. പ്രവിശ്യാ തലവന്മാർ കൗണ്ടി നേതാക്കളെ അറിയിക്കും. കൈമാറി കിട്ടിയ ഉൽപാദനലക്ഷ്യവും വികസന പദ്ധതികളും അവർ കൗണ്ടികളെ അറിയിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ എന്താണ് ചെയ്യേണ്ടതെന്ന് കൗണ്ടി തലവന്മാർ കമ്മ്യൂൺ ഭാരവാഹികളോട് നിർദ്ദേശിക്കും. തിക്കുംതിരക്കും കൂട്ടി ജനങ്ങളെകൊണ്ട് ഇത് നടപ്പാക്കിയെടുപ്പിക്കുന്നതാണ് അവരുടെ ചുമതല. വിളവെടുപ്പാകുമ്പോൾ, ഗ്രാമീണരുമായി ഒരാലോചനയുമില്ലാതെ, സർക്കാർ സംഭരണം എത്രവേണമെന്ന് ഉദ്യോഗസ്ഥർ തീരുമാനിക്കും. മഹത്തായ കുതിച്ചുചാട്ട കാലത്ത് ജിമോയിൽ മൂന്ന് വലിയ ജലസംഭരണികൾ പണിതു. ഇതിന്റെ ആസൂത്രണത്തിൽ അവിടത്തെ ജനങ്ങൾക്ക് ഒരു പങ്കുമുണ്ടായിരുന്നില്ല. ചെയ്യുന്ന പണിയുടെ ആവശ്യമെന്താണെന്ന് അറിയിക്കാതെ നിർബന്ധിതമായി അവരെകൊണ്ട് പണിയെടുപ്പിക്കുകയായിരുന്നു.

സാംസ്കാരിക വിപ്ലവ കാലത്ത് പ്രാദേശിക ജനകീയ മുൻകൈയ്യിന് മുമ്പില്ലാത്തവിധം കൂടുതൽ പ്രാധാന്യം ലഭിച്ചു. ഉൽപാദക ടീമുകൾക്കും ഉൽപാദക ബ്രിഗേഡുകൾക്കും തങ്ങളുടെ വിഭവങ്ങളുടെ മേൽ കൂടുതൽ നിയന്ത്രണം കൈവന്നു. ഉദാഹരണത്തിന്, എവിടെ, എങ്ങനെ വേണമെന്ന ജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്താണ് തെക്കൻ നദി ഗ്രാമത്തിൽ ഒരു വൻകിട ജലസേചന പദ്ധതി നടപ്പാക്കിയത്. കൂട്ടായെടുത്ത ആ തീരുമാനത്തിന്റെ നേർഫലം ഗ്രാമീണർക്ക് പ്രതീക്ഷിക്കാമായിരുന്നു. രാഷ്ട്രീയ സംസ്കാരത്തിലെ ഈ മൗലിക മാറ്റം ജിമോ കർഷകർ തങ്ങളുടെ പണികളിൽ പ്രകടിപ്പിച്ച ഉത്സാഹത്തിൽ വലിയ പങ്കുവഹിച്ചു.

സാസ്കാരിക വിപ്ലവ ദശകത്തിലെ പുതിയ രാഷ്ട്രീയ സംസ്കാരത്തിൽ രാഷ്ട്രീയ ക്യാമ്പേനുകൾ ഒരു പ്രധാന ഘടകമായി. നിർദ്ദിഷ്ട രാഷ്ട്രീയ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും സൃഷ്ടികളായ ഇത്തരം ക്യാമ്പേനുകൾ തീർത്തും പ്രായോഗികമായ, കൂട്ടുസംരംഭങ്ങളിൽ ഉത്സാഹം ജനിപ്പിക്കുന്ന, ഫലം നൽകി.

1973-74ൽ ലിൻ പ്യാവോവിനെയും കൺഫ്യൂഷ്യസിനെയും വിമർശിക്കാനുള്ള ക്യാമ്പേൻ ഇതിന് നല്ല ഉദാഹരണമാണ്. സാധാരണക്കാരുടെ ജീവിതവുമായി ഇവർക്കെന്തു ബന്ധമാണുള്ളത്? ഉന്നത നേതാക്കൾ തമ്മിലുള്ള അധികാര മത്സരത്തിലോ, നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ച ഒരു ദാർശനികന്റെ പ്രബോധനങ്ങളിലോ ജനങ്ങൾക്കെന്താണ് കാര്യം? ആയിരകണക്കിന് വർഷങ്ങളായി ചൈനീസ് കർഷകരുടെ ജീവിതം തീർത്തും അരാഷ്ട്രീയമായിരുന്നു.അപൂർവ്വമായിട്ടേ അവർ രാഷ്ട്രീയത്തിൽ ഇടപെട്ടിട്ടുള്ളു. അതുകൊണ്ട്, സാധാരണക്കാരെ, വിദ്യാഭ്യാസം ലഭിച്ച വരേണ്യരുടെ ദൃഷ്ടിയിൽ അക്ഷരാഭ്യാസമില്ലാത്ത വിവരദോഷികളെ, രാഷ്ട്രീയ കാര്യങ്ങളിൽ പങ്കാളികളാക്കണം എന്ന് മാവോയും മറ്റു സാംസ്കാരിക വിപ്ലവനേതാക്കളും കരുതിയതു തന്നെ വിപ്ലവകരവും ജനാധിപത്യപരവുമായിരുന്നു. നാട്ടിൻപുറക്കാർ മണ്ടന്മാരല്ലെന്ന സന്ദേശമായിരുന്നു ലിൻ പ്യാവോവിനെയും കൺഫ്യൂഷ്യസിനെയും വിമർശിക്കാനുള്ള ക്യാമ്പേനിന്റെ കേന്ദ്രപ്രമേയങ്ങളിൽ ഒന്ന്. കർഷകരെ അധികാരപ്പെടുത്തുന്ന തികച്ചും വ്യത്യസ്തമായ രാഷ്ട്രീയമായിരുന്നു ഇത്.

വിദ്യാഭ്യാസം ലഭിച്ച വരേണ്യരിൽ പലർക്കും ഈ ക്യാമ്പേൻ വളരെ അമൂർത്തവും അവ്യക്തവുമായി തോന്നിയപ്പോൾ, ജനങ്ങൾ അതിന്റെ അർത്ഥം കൃത്യമായി മനസിലാക്കി. ചൈനീസ് സംസ്കൃതിയുടെ വരേണ്യഭാവത്തിന്റെ വിമർശനമായിരുന്നു ക്യാമ്പേനിലെ പ്രധാന ധാര. വരേണ്യർ ബഹുമാനിക്കപ്പെടേണ്ടവരും സാധാരണക്കാർ മണ്ടന്മാരുമാണ് എന്ന കൺഫ്യൂഷ്യൻ ദാർശനിക വീക്ഷണത്തെ അത് തള്ളിപ്പറഞ്ഞു. ചരിത്രത്തിന്റെ ചാലകശക്തി ബഹുജനങ്ങളാണെന്നും, വരേണ്യർ ചിലപ്പോൾ അബദ്ധം കാട്ടാറുണ്ടെന്നും, അദ്ധ്വാനിക്കുന്ന ജനങ്ങൾ ബുദ്ധിശാലികളാണെന്നുമുള്ള മാവോയുടെ ആശയങ്ങളെ അത് പ്രകീർത്തിച്ചു. നടുനിവർത്തി നിന്ന് തങ്ങളുടെ വിലയും നിലയും തിരിച്ചറിയാൻ നാട്ടിൻപുറത്തെ ജനങ്ങളെ ഈ ക്യാമ്പേൻ പ്രോത്സാഹിപ്പിച്ചു.

സാംസ്കാരിക വിപ്ലവം "സോഷ്യലിസ്റ്റ്" വികസന ലൈനിനെ പ്രോത്സാഹിപ്പിക്കുകയും ല്യൂ ഷഔചി, ഡെങ്ങ് സ്യാഓപിങ്ങ് എന്നിവരുടെ "ബൂർഷ്വാ" വികസന ലൈനിനെതിരെ അതിനെ പ്രതിസ്ഥാപിക്കുകയും ചെയ്തു. വാസ്തവം പറഞ്ഞാൽ, ഈ രണ്ട് ലൈനുകളും തമ്മിലുള്ള വ്യത്യാസങ്ങൾ ഒരിക്കലും തികച്ചും സ്പഷ്ടമാക്കിനിർവചിച്ചിരുന്നില്ല. ഈ അവ്യക്ത പക്ഷെ, വ്യത്യാസം എന്താണെന്ന് സ്വയം ആലോചിച്ച് കണ്ടെത്താൻ പ്രാദേശിക ജനങ്ങൾക്ക് ഇടം നൽകി. കൂട്ടുസംരംഭങ്ങളോടുള്ള കൂറും അതിനുള്ള ഉത്തേജനവുമായിരുന്നു ഗ്രാമീണ ജിമോയിലെ 'സോഷ്യലിസ്റ്റ്' വികസന ലൈനിന്റെ അർത്ഥം. ഇങ്ങനെയുള്ള ഉത്തേജനം ഇല്ലായിരുന്നെങ്കിൽ കാർഷിക സഹായഘടനയും യന്ത്രവൽക്കരണവും ഗ്രാമീണവ്യവസായവും വികസിപ്പിക്കാനുള്ള പരിശ്രമങ്ങൾ കഠിനമായേനെ. കൂട്ടുസംരംഭങ്ങളുടെ സംഘാടനത്തെ ആശ്രയിച്ചാണ് ഇവയെല്ലാം തന്നെ നിലനിന്നത്.

പുതിയൊരു ഉത്സാഹത്തോടെയാണ് ജിമോ കർഷകർ ഈ കാലത്ത് വിവിധ കൂട്ടുദ്യമങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയത്. സാംസ്കാരിക വിപ്ലവം അവരുടെ ദൃഷ്ടിയെ ഉന്നതങ്ങളിൽ എത്തിച്ചു. തങ്ങളുടെ ദൈനംദിന പ്രാരാബ്ദങ്ങൾക്കപ്പുറം മറ്റെന്തോ മഹത്തായ കാര്യത്തിനു വേണ്ടി ജീവിക്കുകയും പണിയെടുക്കുകയും ചെയ്യുന്നതായി അവർക്കു തോന്നി. ഉദാഹരണത്തിന്, 1972ൽ കൗണ്ടിയുടെ വടക്കുഭാഗത്ത് വലിയൊരു ജലസേചന പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചപ്പോൾ

മുതിർന്നവരിൽ പലരും ആ പണിയിൽ പങ്കുചേർന്നു. ഈ അവസരത്തിൽ, പദ്ധതിപ്പണിക്ക് ആളുപോയ വീടുകളിൽ കുടിവെള്ളം എത്തിക്കാൻ സ്കൂൾകുട്ടികൾ പതിവിലും നേരത്തെ എഴുനേറ്റിരുന്നു. ആരും നിർബന്ധിച്ചിട്ടല്ല അവരിത് ചെയ്തത്. വിപ്ലവത്തിന് തങ്ങളാൽ കഴിയുന്നത് ചെയ്യണം എന്നവർ ആഗ്രഹിച്ചു. സന്നദ്ധസേവനം സാംസ്കാരിക വിപ്ലവ കാലത്ത് വ്യാപകമായിരുന്നു. കുട്ടികളും മുതിർന്നവരും, കർഷകരും തൊഴിലാളികളും, സർക്കാർ ജീവനക്കാരും അദ്ധ്യാപകരും, എല്ലാവരും പങ്കാളികളായി. മുമ്പ്, മഹത്തായ കുതിച്ചുചാട്ടം പരാജയപ്പെട്ടപ്പോൾ, കമ്മ്യൂണിന് വേണ്ടി ഇനി ഒരു പണിയുംചെയ്യില്ല എന്നാണ് ജിമോയിലെ പല കർഷകരും പറഞ്ഞത്. അന്നത്തെ ഭക്ഷ്യക്ഷാമം അവരെ അങ്ങേയറ്റം വെറുപ്പിച്ചു. പിന്നെങ്ങനെയാണ് സാംസ്കാരിക വിപ്ലവ ഘട്ടത്തിൽ ഈ മനോഭാവത്തിൽ മാറ്റമുണ്ടായത്? കേഡർമാർ ഉൽപാദനപ്രക്രിയയിൽ പങ്കെടുക്കുന്ന പുതിയ രീതി വലിയ പ്രോത്സാഹനമായി എന്നാണ് ചില കർഷകരും തൊഴിലാളികളും പറഞ്ഞത്.

ഗ്രാമത്തിലെ പാർടി നേതാക്കന്മാർ സാംസ്കാരിക വിപ്ലവത്തിനു മുമ്പ് 'വേറിട്ട ഒരു വർഗം'തന്നെയായിരുന്നു. മറ്റു കർഷകരെ പോലെ അവർ വെയിലുകൊണ്ട് പണിയെടുത്തിരുന്നില്ല. ഇവരെ ധിക്കരിച്ച് മുമ്പോട്ടു വന്ന പുതിയ നേതാക്കൾ അത് തിരുത്തി. സാംസ്കാരിക വിപ്ലവ സംഘർഷങ്ങളിലൂടെ രാഷ്ട്രീയ ധൈര്യം നേടുകയും പുതിയ സ്കൂളുകളിൽ നിന്ന് പഠിച്ചിറങ്ങുകയും ചെയ്ത ഗ്രാമീണ യുവജനങ്ങൾ, സാധാരണക്കാരോടൊപ്പം പണിയെടുക്കാത്ത നേതാക്കളെ ചോദ്യംചെയ്യാൻ സന്നദ്ധമായതാണ് ഏറ്റവും പ്രധാനം. തെക്കൻ നദി ഗ്രാമത്തിലെ നേതാക്കൾക്കിടയിൽ എഴുപതു വയസിനുമേൽ പ്രായമായ ലി ഡെഴിയും ക്സ്യു ഴിഫുയും മാത്രമാണ് കായിക അദ്ധ്വാനത്തിൽ നിന്ന് ഒഴിവായത്. ഉൽപാദന ടീം സമിതി അംഗങ്ങൾ മറ്റു കർഷകരെക്കാൾ നേരത്തെ എഴുന്നേൽക്കുകയും എറ്റവും അവസാനം മാത്രം വീട്ടിലേക്കു മടങ്ങുകയും ചെയ്തു. ഇങ്ങനെ മറ്റുള്ളവരെക്കാൾ കഠിനമായി നേതാക്കൾ പണിയെടുത്തതിന് കാരണമുണ്ട്. മടിയന്മാരെ ജനങ്ങൾ ഒട്ടും സഹിച്ചില്ല. നേതാക്കൾ പണിയെടുത്തില്ലെങ്കിൽ അവരും പണിയെടുക്കില്ല. ഉൽപാദനം കുറയും, ജീവിത നിലവാരവും കുറയും. വർഷാവസാനം പണിയെടുക്കാൻ മടിയില്ലാത്ത ആരെയെങ്കിലും പുതിയ നേതാവായി തെരഞ്ഞെടുക്കും.




മറ്റ് രംഗങ്ങളിൽ ശോഭിച്ചാലും പണിയുടെ കാര്യത്തിൽ പുറകോട്ടാണെങ്കിൽ അന്ന് ജനങ്ങൾക്കിടയിൽ ഒരു വിലയുമുണ്ടായിരുന്നില്ല. ഉദാഹരണത്തിന്, സൈന്യത്തിൽ നിന്ന് മടങ്ങിവന്ന ഷാങ് ക്സൂഷെങിനെ യുവജനങ്ങൾക്ക് വലിയ ബഹുമാനമായിരുന്നു. കമ്മ്യൂണിസ്റ്റ് യൂത്ത് ലീഗ് സെക്രട്ടറിയായി ഷാങിനെ തെരഞ്ഞെടുക്കുകയും ചെയ്തു. പക്ഷെ, ശ്രമകരമായ കായികാദ്ധ്വാനത്തിൽ അയാൾ പുറകിലാണെന്ന് തെളിഞ്ഞതോടെ ബഹുമാനമെല്ലാം പോയി. ആളൊരു "നാഒഷെങ്ങ്" (കഴിവില്ലാത്തവൻ) ആയി. അടുത്ത വർഷം തെരഞ്ഞെടുപ്പിൽ തോൽക്കുകയും ചെയ്തു.

1950കളിലെ ഭൂപരിഷ്കരണത്തിനു ശേഷം ഗ്രാമീണരെ നിർവചിച്ച വർഗലേബലുകളെ രാഷ്ട്രീയ പ്രേരിതമായ ഈ തൊഴിൽസംസ്കാരം മറികടന്നു. ഭൂപരിഷ്കരണത്തിന്റെ വിഭജനങ്ങൾ സാക്ഷ്യപ്പെടുത്തിയ ഈ വർഗലേബലുകൾ അവയെ തുടർന്നു ബലപ്പെടുത്തുകയും ചെയ്തു. തങ്ങളുടെ കുട്ടികൾ മുൻ ഭൂപ്രഭുക്കളുടെയും ധനിക കർഷകരുടെയും മക്കളെ വിവാഹം ചെയ്യുന്നത് ജിമോയിലെ ദരിദ്ര കർഷക കുടുംബങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. ഇങ്ങനെ സംഭവിച്ചാൽ, പിന്നീട് ജനകീയ സേനയിലോ പാർടിയിലോ ചേരാൻ വലിയ ബുദ്ധിമുട്ടാകും എന്നവർ ഭയപ്പെട്ടു. ഇതല്ലാതെ വർഗലേബലിന്റെ കാര്യത്തിൽ അവർക്ക് മറ്റു ചിന്തകളൊന്നും ഉണ്ടായിരുന്നില്ല. അദ്ധ്വാനികളായവരെ, വർഗലേബൽ പരിഗണിക്കാതെ, അവർ ബഹുമാനിച്ചു. നേരെമറിച്ച്, ടീമിൽ 'നാഒഷെങ്ങ്' എന്ന പേരു വീണാൽ നല്ല വർഗലേബൽ ഉണ്ടായിട്ടും ഒരു കാര്യവുമുണ്ടായിരുന്നില്ല. വർഗലേബൽ പ്രധാനമാണ്, പക്ഷെ ഒരു വ്യക്തിയെ വിലയിരുത്താൻ അതു മാത്രമല്ല പരിഗണിക്കേണ്ടത് എന്നായിരുന്നു അക്കാലത്തെ ചൈന കമ്മ്യൂണിസ്റ്റ് പാർടി നയം. തീർച്ചയായും, സാംസ്കാരിക വിപ്ലവ കാലത്തും അതിനുമുമ്പും ചീത്ത വർഗലേബൽ വലിയൊരു പ്രാരാബ്ധമായിരുന്നു. ഇത്തരം പശ്ചാത്തലമുള്ള യുവജനങ്ങളെ സൈന്യത്തിൽ ചേർക്കുന്ന പ്രശ്നമേയുണ്ടായിരുന്നില്ല. ഏതെങ്കിലും രാഷ്ട്രീയ സംഘടനയിൽ ചേരുന്നതും വലിയ ബുദ്ധിമുട്ടായിരുന്നു.

ഗ്രാമീണ ജിമോയിൽ സാധ്യമായ സാമ്പത്തിക വികാസത്തിൽ സാംസ്കാരിക വിപ്ലവഘട്ടത്തിലെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കും വലിയ പങ്കുണ്ടായിരുന്നു. ഒന്നാമത്, പതിനായിരകണക്കിന് ഗ്രാമീണ യുവജനങ്ങൾക്ക് മിഡിൽ, ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭ്യമായി. കോളേജ് പ്രവേശന പരീക്ഷയിലെ പരിഷ്കാരം വഴി അഭ്യസ്തവിദ്യർ നഗരങ്ങളിലേക്ക് ചേക്കേറുന്നത് തടയാൻ കഴിഞ്ഞു. കൂടാതെ നഗരങ്ങളിൽ നിന്ന് ധാരാളം യുവാക്കൾ ഇങ്ങോട്ടെത്തി. ഇങ്ങനെ, വലിയ സംഖ്യയിൽ തന്നെ, അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ സാന്നിദ്ധ്യമില്ലാ

യിരുന്നെങ്കിൽ, നാട്ടിൻപുറങ്ങളിൽ അന്നു നടന്ന വിപുലമായ കാർഷിക പരീക്ഷണങ്ങളും യന്ത്രവൽക്കരണവും അചിന്തനീയമായിരുന്നു. രണ്ടാമത്, പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തിയ, പ്രായോഗികതയിൽ കുറേകൂടി ഊന്നുന്ന, പാഠ്യപദ്ധതി നടപ്പായി. സ്വന്തം ഗ്രാമത്തിലേക്ക് മടങ്ങി പോകുമ്പോൾ പ്രയോഗിക്കാൻ കഴിയുന്ന കാർഷിക, സാങ്കേതിക, വ്യാവസായിക അറിവുകൾ കുട്ടികൾക്ക് ലഭിച്ചു. നിരക്ഷരരായ തങ്ങളുടെ മുൻഗാമികളെ അപേക്ഷിച്ച്, നാട്ടിൻപുറത്തെ ഉൽപാദനം ആധുനികവൽക്കരിക്കനുള്ള സാങ്കേതിക ധാരണ അഭ്യസ്തവിദ്യരായ പുതിയ കർഷകർക്കുണ്ടായിരുന്നു.

മാറുന്ന രാഷ്ട്രീയ സംസ്കാരവും നാട്ടിൻപുറ വിദ്യാഭ്യാസ പരിഷ്കാരങ്ങളും കർഷകരുടെ ധാരണകളെ വിശാലമാക്കി. പുതിയ കാർഷിക രീതികളും വിത്തുകളും അവർ പരീക്ഷിക്കാൻ തുടങ്ങി. 1966 ജിമോയിലെ 1016 ഉൽപാദന ബ്രിഗേഡുകളിൽ 244 എണ്ണം ഇതിനായി പരീക്ഷണ സംഘങ്ങൾ രൂപീകരിച്ചു. 1972 ആയപ്പോഴേക്കും ഇത് 695 ആയി. 4043 പേർ ഇവയിൽ പ്രവർത്തിച്ചിരുന്നു. 1974ൽ സംഘങ്ങളുടെ എണ്ണം 851 ആയി. 1015 ഉൽപാദന ടീമുകളും ഇതിനകം പരീക്ഷണസംഘങ്ങൾ സ്ഥാപിച്ചു കഴിഞ്ഞിരുന്നു. ഇത്തരം സംഘങ്ങൾ പല പരീക്ഷണങ്ങളും നടത്തി. ജിമോയിൽ 1 മൂവിന് 2–2.5 കിലോ ഗോതമ്പു വിത്തുവിതക്കുന്നതായിരുന്നു പതിവ്. ഇതിനുപകരം, മെച്ചപ്പെട്ട ജലസേചിത ഭൂമിയിൽ 4–5 കിലോയും, ശരാശരി ജലസേചിത ഭൂമിയിൽ 5–6 കിലോയും, ജലസേചനമില്ലാത്ത മലമ്പ്രദേശങ്ങളിൽ 7.5–8 കിലോയുമാണ് ഉചിതമെന്ന് അവ കണ്ടെത്തി. ചോളകൃഷിയിൽ, ഞാറുപാകിയുള്ള കൃഷിയുൾപ്പെടെ പല പുതിയ രീതികൾ കണ്ടെത്തി. ഇതുമൂലം വളർച്ചാസമയം വർദ്ധിച്ചതുകൊണ്ട് ഉൽപാദനം കൂടി. സാംസ്കാരിക വിപ്ലവ കാലത്ത് ജിമോയിലെ പരീക്ഷണസംഘങ്ങൾ 1000ത്തിലധികം വിത്തുകൾ പരീക്ഷിക്കാൻ 10,000ത്തിലേറെ പരീക്ഷണങ്ങൾ നടത്തി ഗോതമ്പ്, ചോളം, മധുരക്കിഴങ്ങ്, നിലക്കടല, മുത്താറി, പയറ്, ബാജ്റ, നെല്ല് എന്നീ വിളകളിൽ അധികോൽപാദനശേഷിയുള്ള നിരവധി വിത്തിനങ്ങൾ കണ്ടെത്തി. വടക്കൻ ചൈനയിൽ ചണച്ചെടിയിൽ വിത്തുണ്ടാകാറില്ല. ഇതിനൊരു പരിഹാരം കണ്ടെത്താനുള്ള ശ്രമത്തിൽ ക്വിങ് ഷെങ്ബു ഉൽപാദന ബ്രിഗേഡിലെ പരീക്ഷണസംഘം സൂര്യാസ്തമയത്തിനു മുമ്പ് ചെടികൾ മൂടിവെച്ച് അവയ്ക്ക് കിട്ടുന്ന സൂര്യപ്രകാശത്തിന്റെ അളവ് കുറച്ചു. അതോടെ അവ കായ്ക്കാൻ തുടങ്ങി.

ജലസേചന രംഗത്തുണ്ടായ വികാസമാണ് മറ്റൊരു പ്രധാനനേട്ടം. 1950കൾ മുതൽ വരൾച്ചയും വെള്ളപൊക്കവും നേരിടാനുള്ള പദ്ധതികൾ നടപ്പാക്കിയിരുന്നെങ്കിലും അതൊന്നും വേണ്ടത്ര ഫലം ചെയ്തില്ല. സാംസ്കാരിക വിപ്ലവഘട്ടത്തിൽ ഈ കാര്യത്തിലും വലിയ മാറ്റമുണ്ടായി. തൂമ്പയും കൊട്ടയും കൈവണ്ടികളും, പിന്നീട് ട്രാക്ടറുകളും, ഉപയോഗിച്ച് ജിമോക്കാർ 1966നും 1976നുമിടയിൽ പണിത ജലസംഭരണികളും കനാലുകളും സാംസ്കാരിക വിപ്ലവദശകത്തിന് മുമ്പും അതിനു ശേഷവുമുള്ള വർഷങ്ങളിൽ പണിതീർന്നവയെക്കാൾ അധികമായിരുന്നു. 1970 ഏപ്രിൽ മുതൽ ജൂൺ വരെ 1636 കിണറുകളും, കുളങ്ങളും, ചെറിയ അണകെട്ടുകളും പണിത് ജിമോ കൗണ്ടിയിലെ കാർഷിക ഭൂമിയിൽ കാൽഭാഗം വരുന്ന 400,000 അയി ജലസേചിത ഭൂമി വർദ്ധിപ്പിച്ചു. വൈദ്യുതി, ഡീസൽ മോട്ടറുകളുടെ ഉപയോഗം സാംസ്കാരിക വിപ്ലവ ഘട്ടത്തിൽ കുത്തനെ വർദ്ധിച്ചു. 1969ലാണ് തെക്കൻ നദി ഗ്രാമം വൈദ്യുതി മോട്ടർ ഉപയോഗിക്കുന്ന ആദ്യത്തെ വലിയ കിണർ കുഴിച്ചത്. ആ പ്രദേശത്തെ ഒരു ഫാക്ടറി സംഭാവന നൽകിയതായിരുന്നു മോട്ടർ. ഇതുവഴി 450 മുയിൽ ജലസേചനം നടത്താൻ കഴിഞ്ഞു. മുമ്പ് ചെറിയ കിണറുകളിൽ നിന്ന് തേക്കുകൊട്ടപോലുള്ള ഉപകരണങ്ങൾ വഴി ഒരു ദിവസം കഷ്ടിച്ച് 1 മൂവാണ് നനക്കാൻ കഴിഞ്ഞത്. ഇവിടത്തെ വിപ്ലവ സമിതി കിണറുകുഴിക്കാൻ മാത്രം ഒരു ജലസേചനസംഘത്തിന് രൂപംകൊടുത്തു. മറ്റു പണികളിൽ ഏർപ്പെട്ടിരുന്ന കർഷകരും, സർക്കാർ ഉദ്യോഗസ്ഥരും, പീടികത്തൊഴിലാളികളും, സംയുക്ത മിഡിൽ സ്ക്കൂൾ അദ്ധ്യാപകരും രാത്രികാലങ്ങളിൽ ഇവരെ സഹായിക്കാൻ എത്തുമായിരുന്നു. മധ്യവയസ്കയായ ഒരു അദ്ധ്യാപിക തന്റെ 6–ാം ക്ലാസ് വിദ്യാർത്ഥികളെ കൂട്ടി രണ്ടു മണിക്കൂർ ശ്രമദാനം ചെയ്തു. ഇവർക്ക് അത്രയധികമൊന്നും പണിയെടുക്കാൻ കഴിഞ്ഞില്ലെങ്കിലും അവരുടെ പങ്കാളിത്തം മറ്റുള്ളവർക്ക് ആവേശം പകർന്നു. ഗ്രാമത്തിന്റെ ഉൽപാദനത്തിൽ നിന്ന് നേരിട്ട് നേട്ടമൊന്നും കിട്ടാത്തവർപോലും അതിന്റെ പണിയിൽ ഉത്സാഹിച്ചതു വഴി പൊതുതാൽപര്യത്തിനു വേണ്ടി ഒത്തുശ്രമിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു.

ജലസേചനത്തിന്റെ പ്രയോജനം പൂർണ്ണമായി ലഭ്യമാകാൻ ഭൂമിയുടെ നിരപ്പും ചരിവും ശരിയാക്കേണ്ടിയിരുന്നു. കൂടുതൽ ശ്രമകരമായ ഈ കടമ കാർഷിക പണികൾ കുറവായ ശൈത്യത്തിലും, വസന്തകാലാരംഭത്തിലുമാണ് നടപ്പാക്കിയത്. 1966നും 1976നുമിടയിൽ ആയിരകണക്കിന് കർഷകർ ഇതിൽ ഏർപ്പെട്ടു. 1971ൽ മാത്രം ഒരു ലക്ഷം കർഷകരാണ് ജിമോ കൗണ്ടിയുടെ വടക്കുപടിഞ്ഞാറുള്ള ചതുപ്പുനിലങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ പങ്കെടുത്തത്. ആ വർഷത്തെ ശൈത്യകാലത്ത് അവർ മൊത്തം 300 കിലോമീറ്റർ ദൈർഘ്യം വരുന്ന 63 നീർവാർപ്പ് ചാലുകളും, 645 ജലസേചനകനാലുകളും പണിതു. ഇതിനായി 13 ലക്ഷം ഘന മീറ്റർ മണ്ണാണ് നീക്കേണ്ടിവന്നത്. ഉപ്പുരസമുള്ള മേൽമണ്ണ് നീക്കി മറ്റൊരു സ്ഥലത്തുനിന്ന് കൊണ്ടുവന്ന 300 കൈവണ്ടി നല്ല മണ്ണ് അവിടെ നിരത്തി 57,000 മു ഭൂമി കൃഷിയോഗ്യമാക്കി. ഉൽപാദനക്ഷമത 30 ശതമാനം വർദ്ധിപ്പിക്കാൻ ഇതുവഴി കഴിഞ്ഞു. 1975ൽ ഭൂമിമെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കായി അവർ ചെലവഴിച്ചത് 1,90,000 പ്രവൃത്തി ദിവസങ്ങളാണ്.

(തുടരും)



*നാട്ടിൻപുറത്തെ ഭൂപ്രഭുക്കളുടെ സാമ്പത്തിക കുത്തക മാത്രമല്ല, സാമൂഹ്യ–സാംസ്കാരിക ആധിപത്യവും കീഴ്മേൽ മറിച്ച ഭൂപരിഷ്കരണത്തിലെ ഒരു സുപ്രധാന നടപടിയായിരുന്നു ജനങ്ങളുടെ വർഗപശ്ചാത്തലത്തെ മുൻനിർത്തി നടത്തിയ തിട്ടപ്പെടുത്തൽ. ചൂഷക വർഗപശ്ചാത്തലം പ്രതികൂലവും ചൂഷിത വർഗപശ്ചാത്തലം അനുകൂലവുമായി പരിഗണിക്കപ്പെട്ടു.

ചർച്ച

# മാവോയിസ്റ്റ് പാർടി –2

അജിത്ത്



**ചൈനീസ് വിപ്ലവത്തിന്റെയും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും അനുഭവങ്ങളിൽ നിന്ന് പഠിച്ച്, പാർടിയെ സംബന്ധിച്ച ഒട്ടേറെ കാര്യങ്ങളെ കുറിച്ച് മാവോ പ്രതിപാദിച്ചിട്ടുണ്ട്. പാർടിയും ജനങ്ങളും തമ്മിലും, നേതൃത്വവും അണികളും തമ്മിലുമുള്ള ബന്ധങ്ങളിൽ അധീശമനോഭാവവും സമീപനങ്ങളും തടഞ്ഞ് ജനങ്ങളെ സേവിക്കുന്ന കമ്മ്യൂണിസ്റ്റ് ബോധം ഉറപ്പിച്ചെടുക്കുന്നതിലെ ഊന്നൽ ഇതിലുടനീളം കാണാം. നേതൃത്വത്തിന്റെ പങ്കോ, പ്രാധാന്യമോ ഇത് നിഷേധിക്കുന്നില്ല. ഇതിനെയൊക്കെ കേവലമായി ചിത്രീകരിച്ച്, ഇതിന്റെയൊക്കെ പങ്കിനെ പർവ്വതീകരിച്ച്, ബഹുജനങ്ങളെയും അണികളെയും 'അനുയായികൾ' ആക്കുന്ന, മെരുങ്ങിയ ഉപകരണങ്ങളാക്കുന്ന, സമീപനങ്ങളെ ഖണ്ഡിക്കുകയായിരുന്നു മാവോ. കേഡർമാർ എത്രതന്നെ അത്യാവശ്യമാണെങ്കിലും, പണിയെടുക്കുന്നത് ബഹുജനങ്ങളാണ്, അതുകൊണ്ട് കേഡർമാരുടെ നേതൃത്വപരമായ പങ്ക് പെരുപ്പിച്ചുകാണരുത് എന്ന് മാവോ ഓർമ്മപ്പെ ടുത്തി.**

**പാർടി പ്രശ്നത്തിലെ** മാവോയുടെ സമീപനവ്യത്യാസം ആദ്യകൃതികളിൽ തന്നെ കാണാം. 1927ലെ ഹുനാൻ കർഷക പ്രസ്ഥാനത്തെകുറിച്ചുള്ള റിപ്പോർട്ടിൽ, കലാപകാരികളായ കർഷകർക്ക് നേതൃത്വം കൊടുക്കാൻ തയ്യാറായില്ലെങ്കിൽ ഏതൊരു വിപ്ലവ പാർടിയും പിന്തള്ളപ്പെടും എന്ന് മാവോ നിരീക്ഷിച്ചു. മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ പിന്നാക്കരായ കർഷകർ തൊഴിലാളിവർഗ പാർടിയുടെ വിപ്ലവസ്വഭാവം പരീക്ഷിച്ച് നിശ്ചയിക്കുമെന്ന് പറയുമ്പോൾ, കീഴ്മേൽമറിയുന്നത് കമ്മ്യൂണിസ്റ്റ് പാർടിയുടെ നേതൃസ്ഥാനം സംബന്ധിച്ച കേവലധാരണകളാണ്. തൊഴിലാളിവർഗത്തിന്റെ ചരിത്രപരമായ നേതൃസ്ഥാനവും, മുന്നണിപ്പട സങ്കൽപനവും പ്രശ്നവൽക്കരിക്കാനുള്ള ഇടമാണിത് നൽകിയത്.

മുതലാളിത്തത്തെ (ഇന്ന് അതിന്റെ ഉന്നതഘട്ടമായ സാമ്രാജ്യത്വത്തെ) നശിപ്പിക്കുന്ന ചരിത്രമുന്നേറ്റത്തിൽ മറ്റു വർഗങ്ങളും സാമൂഹ്യവിഭാഗങ്ങളും പ്രധാനപങ്കാളികളാവുമെങ്കിലും ഇവർക്ക് നേതൃത്വപരമായ പങ്കുവഹിക്കാനാവില്ല. കാരണം ഇവരുടെയെല്ലാം മോചനവിഷയങ്ങൾ – ഭൂരഹിത കർഷകർക്ക് ഭൂനിഷേധം, ദളിതർക്ക് ജാത്യാധിപത്യം, ആദിവാസികൾക്ക് വംശാധിപത്യം, സ്ത്രീകൾക്ക് പുരുഷാധിപത്യം, ജനതകൾക്ക് ദേശീയമർദ്ദനം എന്നിങ്ങനെ – സവിശേഷവും, അതുകൊണ്ട് ഭാഗികവുമാണ്. മുതലാളിത്തത്തിന്റെ സൃഷ്ടിയായ തൊഴിലാളിവർഗത്തിന്റെ സ്ഥിതി ഇതല്ല. ജാതി–ജന്മിത്തം പോലുള്ള മുൻചൂഷക വ്യവസ്ഥകളിൽ നിന്ന് വ്യത്യസ്തമാണ് മുതലാളിത്ത ബന്ധനം. വയറിന്റെ വിളിയല്ലാതെ മറ്റൊരു നിർബന്ധവും അത് തൊഴിലാളികൾക്കുമേൽ ചുമത്തുന്നില്ല. തത്വത്തിൽ അവർ സ്വതന്ത്രരായതുകൊണ്ട് പ്രത്യേകമായൊരു മോചനം സാധ്യമല്ല. എല്ലാവിധത്തിലുമുള്ള ചൂഷണവും ആധിപത്യവും അവസാനിപ്പിക്കണം. മുഴുവൻ മാനവരാശിയുടെയും മോചനം ഈ വർഗത്തിന്റെ മോചനത്തിനുള്ള മുന്നുപാധിയാകുന്നു. ചൂഷണരഹിതമായ ഒരു ലോകം യാഥാർത്ഥ്യമാകുന്നതുവരെ പോരാട്ടം തുടരാൻ ബാധ്യസ്ഥമാകുന്ന ഇങ്ങനെയുള്ള വസ്തുനിഷ്ഠ സാമൂഹ്യസ്ഥാനത്തിൽനിന്ന് സിദ്ധമാകുന്നതാണ് തൊഴിലാളിവർഗത്തിന്റെ നേതൃത്വസ്ഥാനം.

തൊഴിലാളിവർഗനേതൃത്വം സംബന്ധിച്ച മാർക്സിസ്റ്റ് ധാരണ കേവലമാക്കിയാൽ തീർച്ചയായും വിഗ്രഹവൽക്കരണമാകും ഫലം (സന്ദീപൻ, മുന്നണിപ്പോരാളി 131). സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ (ഇന്നും), തൊഴിലാളിവർഗം = വിപ്ലവം, കമ്മ്യൂണിസ്റ്റ് പാർടി = മുന്നണിപ്പട എന്ന യാന്ത്രിക സമവാക്യങ്ങളിലൂടെ ഇത് കടന്നുവന്നു. മറുവശത്ത്, ഈ വർഗത്തിന്റെ മേൽത്തട്ടിൽ പലപ്പോഴും കാണുന്ന സാമ്പത്തികവാദ പ്രേരണകളും, അതിനെ ബലപ്പെടുത്തുന്ന തിരുത്തൽവാദ, പരിഷ്കരണവാദ രാഷ്ട്രീയങ്ങൾ സൃഷ്ടിക്കുന്ന സാമൂഹ്യനിർജീവതയും, തൊഴിലിന്റെയും തൊഴിലിടങ്ങളുടെയും സ്വഭാവത്തിൽ വന്നിരിക്കുന്ന മാറ്റവും, തൊഴിലാളിവർഗനേതൃത്വ സങ്കൽപത്തെ തന്നെ കൈയ്യൊഴിയുന്ന വീക്ഷണങ്ങൾക്കും വഴിവെച്ചു. സ്വത്വവാദ തള്ളിച്ചയിൽ മതിമറന്ന്, ഇത്തരം പ്രസ്ഥാനങ്ങൾക്കാകും ഇനി സാമൂഹ്യമാറ്റത്തിന് നേതൃത്വം നൽകാനാവുക എന്ന് ഇവർ ധരിക്കുന്നു.

ഒരുവശത്ത് തൊഴിലാളിവർഗത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർടിയുടെയും വിഗ്രഹവൽക്കരണം, അതിന്റെ മറവിൽ ഇവരുടെ ഏതു താൽക്കാലിക ആവശ്യവും പൊതുതാൽപര്യമായി ന്യായീകരിക്കുന്ന സ്വാർത്ഥം. മറുവശത്ത്, ചൂഷണരഹിത ലോകം എന്ന ഉദാത്ത ലക്ഷ്യത്തിനുപകരം, അതൊക്കെ വെറും മിഥ്യയാണെന്ന് ധരിപ്പിച്ച് ഭാഗികമായതിലേക്ക് ദൃഷ്ടി ചുരുക്കുന്ന ഉദാസീനത. മാവോയിസം ഈ വിഷമവൃത്തത്തെ ഭേദിച്ചു. തൊഴിലാളിവർഗത്തിന്റെ നേതൃസ്ഥാനവും അതിനെ പ്രതിനിധീകരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർടിയുടെ മുന്നണിപ്പട പദവിയും ചരിത്രസാഹചര്യങ്ങൾ പേറുന്ന സംഭാവ്യതകളാണ്. ഒരു നിർദ്ദിഷ്ട സമൂഹത്തിലെ ചരിത്രമുഹൂർത്തത്തിൽ സൃഷ്ടിപരമായി ഇടപെടുമ്പോൾ മാത്രമെ അത് യാഥാർത്ഥ്യവൽക്കരിക്കാൻ കഴിയു. മറ്റെല്ലാ പ്രതിഭാസങ്ങളെയുംപോലെ ഇവയും വിപരീതങ്ങളുടെ ഐക്യമാണ്. ഇതാണ് ഹുനാൻ റിപ്പോർട്ടിൽ മാവോ നൽകിയ താക്കീത്.

ഇതിന് ഏതാണ്ട് 50 വർഷങ്ങൾക്ക് ശേഷം, സോവിയറ്റ് യൂണിയനിലെ മുതലാളിത്ത പുനർസ്ഥാപനത്തിന്റെയും ചൈനയിൽ അത് തടയാൻ കെട്ടഴിച്ചുവിട്ട സാംസ്കാരിക വിപ്ലവത്തിന്റെയും അനുഭവങ്ങളിൽ നിന്ന് മാവോ എത്തിചേർന്ന "ബൂർഷ്വാസി പാർടിക്കുള്ളിൽതന്നെയാണ്" എന്ന നിഗമനത്തിൽ ഇതിന്റെ തുടർച്ച കാണാം. സ്റ്റാലിന്റെ ഏകശിലാ പാർടി സങ്കൽപനത്തിന് ഇത് ഉൾക്കൊള്ളാനാവില്ല.



ബൂർഷ്വാ ഏജന്റുകൾ പാർടിയിലേക്ക് നുഴഞ്ഞുകയറാനും പാർടിയംഗങ്ങളെ ദുഷിപ്പിക്കാനുമുള്ള, ലെനിനും സ്റ്റാലിനും ശുദ്ധീകരണത്തിലൂടെ നേരിടാൻ ശ്രമിച്ച, സാധ്യതയല്ല മാവോ ശ്രദ്ധയിൽപ്പെടുത്തിയ ബൂർഷ്വാസി. പുതിയ ബൂർഷ്വാസിയുടെ കാര്യമാണിത്. സോഷ്യലിസത്തിലെ ബൂർഷ്വാ അവകാശംപോലുള്ള അവശിഷ്ട മുതലാളിത്ത ഉൽപാദനബന്ധങ്ങളുടെയും തൊഴിലാളിവർഗ സർവ്വാധിപത്യത്തിലെ കമ്മ്യൂണിസ്റ്റ് പാർടിയുടെ രാഷ്ട്രീയ/ഭരണ നേതൃത്വസ്ഥാനത്തിന്റെയും ഉൽപന്നം. സോഷ്യലിസത്തിന്റെ ഒരു അനിവാര്യ അംശം. വിപ്ലവം തുടരുന്നതിന്റെ ബഹുമുഖ കടമകൾ കൈകാര്യം ചെയ്യുന്ന ശരിയായ ആശയശാസ്ത്ര-രാഷ്ട്രീയ ലൈനും അതിന്റെ വികാസവും ആണ് ഇതിനെ നേരിടുന്നതിൽ നിർണ്ണായകമാവുക. തിരുത്തൽവാദ ലൈൻ നേതൃത്വത്തിൽ പിടിമുറുക്കിയാൽ പാർടിക്കുള്ളിലെ ബൂർഷ്വാസി ആധിപത്യം ഉറപ്പിക്കും. പാർടിയുടെയും ഭരണകൂടത്തിന്റെയും നിറം മാറും. കമ്മ്യൂണിസ്റ്റ് പാർടി മുന്നണിപ്പടസ്ഥാനത്തിന്റെ മറ്റൊരു വൈരുദ്ധ്യാത്മകതയാണ് ഇത് ഉന്നയിക്കുന്നത്. മുഖ്യമായും ബാഹ്യസ്വാധീനങ്ങളിലല്ല, സ്വയം നയിച്ച വിപ്ലവത്തിന്റെ, അതിലൂടെ സൃഷ്ടിക്കപ്പെട്ട സമൂഹത്തിന്റെ, മറ്റൊരു രീതിയിൽ പറഞ്ഞാൽ അതിന്റെ വിജയപൂർവ്വമായ മുന്നണിപ്പട പങ്കിന്റെ, ഫലമായി ഉരുത്തിരിയുന്ന വിപരീതങ്ങളുടെ ഐക്യത്തിൽ തന്നെയാണ് ഈ അപകടസംഭാവ്യത കുടികൊള്ളുന്നത്. കമ്മ്യൂണിസത്തിലേക്കുള്ള മുന്നേറ്റത്തിന് നേതൃത്വം കൊടുക്കാം എന്ന സംഭാവ്യതയുടെ വിപരീതം. ഒരു നിർദ്ദിഷ്ട സോഷ്യലിസ്റ്റ് സമൂഹത്തിൽ ഇതിലേത് യാഥാർത്ഥ്യമാകുമെന്നത് പാർടിയിലും സമൂഹത്തിലും ഓരോ സമൂർത്ത ചരിത്രമുഹൂർത്തത്തിലും നടക്കുന്ന വർഗസമരമാണ് നിശ്ചയിക്കുക. ഇങ്ങനെ, പാർടിയെ വിപരീതങ്ങളുടെ ഐക്യമായി ഗ്രഹിക്കുന്നിടത്താണ് മാവോയിസ്റ്റ് പാർടി സങ്കൽപം തത്വത്തിലും പ്രയോഗത്തിലും ഉറപ്പിക്കാൻ കഴിയുക.

ചൈനീസ് വിപ്ലവത്തിന്റെയും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും അനുഭവങ്ങളിൽ നിന്ന് പഠിച്ച്, പാർടിയെ സംബന്ധിച്ച ഒട്ടേറെ കാര്യങ്ങളെ കുറിച്ച് മാവോ പ്രതിപാദിച്ചിട്ടുണ്ട്. പാർടിയും ജനങ്ങളും തമ്മിലും, നേതൃത്വവും അണികളും തമ്മിലുമുള്ള ബന്ധങ്ങളിൽ അധീശമനോഭാവവും സമീപനങ്ങളും തടഞ്ഞ് ജനങ്ങളെ സേവിക്കുന്ന കമ്മ്യൂണിസ്റ്റ് ബോധം ഉറപ്പിച്ചെടുക്കുന്നതിലെ ഊന്നൽ ഇതിലുടനീളം കാണാം. നേതൃത്വത്തിന്റെ പങ്കോ, പ്രാധാന്യമോ ഇത് നിഷേധിക്കുന്നില്ല. ഇതിനെയൊക്കെ കേവലമായി ചിത്രീകരിച്ച്, ഇതിന്റെയൊക്കെ പങ്കിനെ പർവ്വതീകരിച്ച്, ബഹുജനങ്ങളെയും അണികളെയും 'അനുയായികൾ' ആക്കുന്ന, മെരുങ്ങിയ ഉപകരണങ്ങളാക്കുന്ന, സമീപനങ്ങളെ ഖണ്ഡിക്കുകയായിരുന്നു മാവോ. കേഡർമാർ എത്രതന്നെ അത്യാവശ്യമാണെങ്കിലും, പണിയെടുക്കുന്നത് ബഹുജനങ്ങളാണ്, അതുകൊണ്ട് കേഡർമാരുടെ നേതൃത്വപരമായ പങ്ക് പെരുപ്പിച്ചുകാണരുത് എന്ന് മാവോ ഓർമ്മപ്പെടുത്തി. കേന്ദ്രസമിതിയും കീഴ്ഘടകങ്ങളും തമ്മിലും, സോഷ്യലിസ്റ്റ് ഭരണകൂടവും ജനങ്ങളും തമ്മിലുമുള്ള ബന്ധത്തിലും ഇതേ സമീപനം ആവർത്തിക്കുന്നത് കാണാം. കീഴെ നിന്ന് വിവരങ്ങൾ ലഭിക്കുന്നില്ലെങ്കിൽ കേന്ദ്രനേതൃത്വത്തിന് ശരിയായ തീരുമാനങ്ങളിൽ എത്താനാവില്ല; ചിലപ്പോൾ കീഴ്തലത്തിൽ തന്നെ പരിഹാരങ്ങൾ കണ്ടെത്തിയേക്കാം അപ്പോൾ അത് ദേശവ്യാപകമായി പ്രചരിപ്പിക്കുന്നതാണ് കേന്ദ്രസമിതിയുടെ കടമ എന്നൊക്കെയുള്ള നിരീക്ഷണങ്ങളിൽ കേന്ദ്രനേതൃത്വത്തിന്റെ അപ്രമാദിത്വത്തെ കുറിച്ചുള്ള ധാരണകളാണ് തകിടംമറിയുന്നത്. ജനാധിപത്യ കേന്ദ്രീകരണം എന്ന സംഘടനാതത്വവും അറിവ് സമ്പാദിക്കുന്ന രീതിയെ സംബന്ധിച്ച മാർക്സിസ്റ്റ് സിദ്ധാന്തവും തമ്മിലുള്ള ബന്ധവും ഇതിലൂടെ വ്യക്തമാക്കി. സോഷ്യലിസത്തിലെ വർഗസമരത്തിൽ ബൂർഷ്വാസിയുമായുള്ള സമരം മാത്രമല്ല പ്രശ്നം, സോഷ്യലിസ്റ്റ് ഭരണകൂടവും ജനങ്ങളും, പാർടിയും ജനങ്ങളും തമ്മിൽ നിലനിൽക്കുന്ന വൈരുദ്ധ്യങ്ങളും ഇതിൽ ഉൾപ്പെടുന്നുവെന്ന് മാവോ ചൂണ്ടികാട്ടി. അധികാരംകിട്ടിയ സ്ഥിതിക്ക് ഇനി സ്വേഛാധിപതികളായി വിലസാമെന്ന് കരുതുന്നവരെ ജനങ്ങൾ ഒരു പാഠം പഠിപ്പിക്കും, പണിമുടക്കാനും പ്രതിഷേധിക്കാനും ജനങ്ങളെ അനുവദിക്കണം, കമ്മ്യൂണിസ്റ്റ് പാർടി ഒരു പാഠം പഠിക്കേണ്ടതുണ്ട് എന്നൊക്കെ 1950കളിൽ തന്നെ നിരീക്ഷിച്ച മാവോ, അടിയിൽ നിന്നുള്ള സമരത്തിന്, ജനങ്ങളുടെ സ്വമേധയാ ഉള്ള മുൻകൈയ്യിന് കൽപിച്ച പ്രാധാന്യമാണ് ശ്രദ്ധിക്കേണ്ടത്. മുകളിൽനിന്നുള്ള ബോധപൂർവ്വമായ ഇടപെടലും അടിയിൽ നിന്നുള്ള സ്വയോത്ഭവ സമ്മർദ്ദവും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധത്തെകുറിച്ചുള്ള തിരിച്ചറിവ്, ഇടക്കാലത്ത് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നഷ്ടപ്പെട്ട ഈ ലെനിനിസ്റ്റ് സമീപനം, വീണ്ടെടുക്കുകയും മുതലാളിത്ത പുനർസ്ഥാപനമെന്ന പുതിയ വെല്ലുവിളിയുമായി ബന്ധിപ്പിച്ച് അതിനെ ഉയരങ്ങളിലേക്ക് എത്തിക്കുകയുമായിരുന്നു. വ്യക്തികളുടെ സമീപന

വ്യത്യാസങ്ങൾക്ക് നിരപേക്ഷകമായി ഉറച്ച ആശയശാസ്ത്ര-രാഷ്ട്രീയ അടിസ്ഥാനങ്ങളിൽ മാവോ പുതിയ പാർടി സങ്കൽപത്തെ സ്ഥാപിച്ചു.

മാവോ നയിച്ച ചൈന കമ്മ്യൂണിസ്റ്റ് പാർടിക്ക് പുതിയതിനെ എത്രത്തോളം സ്വാംശീകരിക്കാൻ കഴിഞ്ഞു? പ്രസക്തമാണ് ഈ ചോദ്യം. 1960കളിൽ മാവോ ചിന്തയുടെ പ്രചോദനത്തിൽ രൂപംകൊണ്ട സാർവ്വദേശീയ പ്രസ്ഥാനത്തിന്, 1990കളിൽ കൂടുതൽ വ്യക്തത ആർജിച്ച് മുന്നേറുന്ന മാവോയിസ്റ്റുകൾക്ക്, മാവോയിസ്റ്റ് പാർടിസങ്കൽപം എത്രത്തോളം ഉൾക്കൊണ്ട് പ്രാവർത്തികമാക്കാനായി എന്ന ചോദ്യത്തിലേക്കുള്ള പ്രവേശികയാണത്. ചൈനീസ് പാർടിയെ സംബന്ധിച്ചിടത്തോളം, കോമിന്റേൺ മൂശയിൽ വാർത്തെടുത്ത, നീണ്ടകാലം അതിന്റെ ധാരണകൾക്കും സമീപനങ്ങൾക്കും അനുസൃതമായി പ്രവർത്തിച്ച പശ്ചാത്തലം അവഗണിക്കാനാവില്ല. നാം കണ്ടതുപോലെ മാവോ ആരംഭം മുതൽക്കുതന്നെ ഇതിൽ നിന്ന് തെറ്റിമാറുന്നുണ്ട്. പക്ഷെ, ചൈന പാർടിയിൽ ഈ പുതിയ സമീപനം ശരിക്കും സ്ഥാപിക്കപ്പെടുന്നത് സാംസ്കാരിക വിപ്ലവത്തിലൂടെയാണ്. പാർടിയെ സംബന്ധിച്ച മാവോയുടെ നിരീക്ഷണങ്ങൾ ചിട്ടയായി സമാഹരിക്കപ്പെടുന്നതുതന്നെ 1973ലാണ്, 'എ ബേസിക്ക് അണ്ടർസ്റ്റാൻഡിംഗ് ഓഫ് ദ ചൈന കമ്മ്യൂണിസ്റ്റ് പാർടി' എന്ന കൃതിയിലൂടെ. (മൂന്നു വർഷങ്ങൾക്കു ശേഷം സൈനിക അട്ടിമറിയിലൂടെ അധികാരം പിടിച്ചടുത്ത മുതലാളിത്തപാതക്കാരുടെ ആദ്യ നടപടികളിൽ ഒന്നായിരുന്നു ഈ പുസ്തകത്തിന്റെ നിരോധനം!) മാവോയിസ്റ്റ് സമീപനത്തിന് അനുസൃതമായി പുനർവാർക്കപ്പെടുന്ന പ്രക്രിയയിലൂടെ കടന്നുപോകുന്ന, എന്നാൽ അതിൽതന്നെ ഒട്ടേറെ അസമാനതകളുള്ള, ഒന്നായിരുന്നു ചൈന കമ്മ്യൂണിസ്റ്റ് പാർടി എന്ന് സാമാന്യമായി നിരീക്ഷിക്കാം. വിപ്ലവപ്രയോഗത്തിന്റെ ഭാഗമായി ആ പ്രക്രിയയെ നയിച്ചും, ഒപ്പം അതിലെ അനുഭവങ്ങളിൽ നിന്ന് പുതിയ തിരിച്ചറിവുകൾ നേടിയുമാണല്ലോ പുതിയ സമീപനം വികസിച്ചത്.



എന്നാൽ, സാഹചര്യത്തിന്റെ ഈ പരിമിതി മാത്രം കണ്ടാൽ പോര. കോമിന്റേൺ സമീപനങ്ങളിൽ നിന്ന് വേർപെടാതിരുന്നതിന്റെ പ്രശ്നവും ആ അനുഭവത്തിലുണ്ട്. മാവോയെ കേന്ദ്രീകരിച്ച് സൃഷ്ടിക്കപ്പെട്ട വ്യക്തിപൂജയാണ് ഇതിൽ എടുത്തുപറയേണ്ട ഒന്ന്. ലെനിന്റെ സമീപനത്തിന് കടകവിരുദ്ധമായി സ്റ്റാലിനാണ് വ്യക്തിപൂജയുടെ ഈ ഏർപ്പാടിന് തുടക്കമിട്ടത്. ഇതിനെ നിരാകരിക്കുന്നതിന്റെ മറവിൽ സ്റ്റാലിനെ അപ്പാടെ നിഷേധിച്ച് സോവിയറ്റ് പാർടി തലവൻ ക്രൂഷ്ചേവ് മുതലാളിത്ത പുനർസ്ഥാപനത്തിന് ആശയശാസ്ത്ര പശ്ചാത്തലമൊരുക്കിയ സന്ദർഭത്തിൽ മാവോ സ്റ്റാലിനെ പരിരക്ഷിക്കുന്നുണ്ട്. ഇതു പക്ഷെ, സ്റ്റാലിന്റെ തെറ്റുകളെ മാർക്സിസ്റ്റ് കോണിൽ നിന്ന് വിമർശിച്ച്, സ്വീകരിക്കേണ്ടതും പരിത്യജിക്കേണ്ടതും വ്യക്തമാക്കിയാണ് ചെയ്തത്. ആ കൂട്ടത്തിൽ സ്റ്റാലിന്റെ വ്യക്തിപൂജയും വിമർശിച്ചിരുന്നു. എന്നാൽ ഇത് പൂർണ്ണമായിരുന്നോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. മാർക്സിസ്റ്റ് വീക്ഷണത്തിൽ ഒരു അർത്ഥത്തിലും നീതീകരിക്കാനാവാത്ത വ്യക്തിപൂജയെ അടിസ്ഥാനപരമായി നിരാകരിക്കുന്നതിനു പകരം അതിന്റെ അതിരുകടന്ന പ്രകടനങ്ങളെ മാത്രമാണ് മാവോ എതിർത്തത്. ചൈനയിലെ വർഗസമരത്തിന്റെ സങ്കീർണ്ണ സാഹചര്യം ഉന്നയിച്ച് ഇത് ന്യായീകരിക്കാറുണ്ടെങ്കിലും തത്വത്തിൽതന്നെ അത് സ്വീകാര്യമല്ല. ആത്മപ്രശംസയുടെ അളവോ, പ്രശംസിക്കാൻ മാത്രം ഏതെങ്കിലും വ്യക്തി അർഹനാണോ എന്നൊന്നുമല്ല വിഷയം. ബന്ധപ്പെട്ട വ്യക്തിയുടെയും, ആ നേതൃത്വത്തിന്റെയും, പരോക്ഷമായി ആ പാർടിയുടെയും അപ്രമാദിത്വത്തെകുറിച്ചുള്ള, മാവോയിസം ഖണ്ഡിച്ച, ബോധമാണ് വ്യക്തിപൂജ പരിപോഷിപ്പിക്കുക. ചൈനീസ് പാർടിയുടെ ''ഒരിക്കലും തെറ്റുപറ്റാത്ത'' എന്ന വിശേഷണത്തിൽ ഇതാണ് പ്രതിഫലിച്ചത്. മാവോയെ ചാരി തങ്ങളുടെ വ്യക്തിപൂജകളെ ന്യായീകരിക്കുന്ന ചില മാവോയിസ്റ്റ് പാർടികളുടെ സമകാലീന ഉദാഹരണങ്ങൾ ഈ പ്രശ്നത്തിൽ ഇനിയും ആർജിക്കേണ്ട വ്യക്തതയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.

പൊതുവിൽതന്നെ, പാർടി വിഷയത്തിലുള്ള കോമിന്റേൺ സങ്കൽപനത്തിൽ നിന്ന് മാവോയിസ്റ്റുകൾക്ക് എത്രത്തോളം തെറ്റിപിരിയാൻ കഴിഞ്ഞു, അവർ നയിക്കുകയും കെട്ടിപ്പടുക്കുകയും ചെയ്യുന്ന പാർടികൾ വാസ്തവത്തിൽ എത്രത്തോളം മാവോയിസ്റ്റാണ്? ജനങ്ങളുടെ ഒപ്പം നിന്ന് അവരെ സേവിക്കുന്ന അവസ്ഥയിൽ നിന്ന് അവർക്കുമേലെ നിന്ന് അവരെ 'ഭരിക്കുന്ന' സ്ഥാനത്തേക്കുള്ള മാറ്റം സിദ്ധാന്തമാക്കി ന്യായീകരിക്കാൻ ആരും ശ്രമിക്കില്ലെങ്കിലും അത് പലയിടത്തും കാണാം. രാഷ്ട്രീയത്തെ കേന്ദ്രീകരിച്ചുള്ള പാർടിക്കൂറിന്റെ സ്ഥാനത്ത് പാർടിഭക്തിയും, നേതൃത്വത്തിന്റെ അപ്രമാദിത്വത്തെകുറിച്ചുള്ള അന്ധമായ വിശ്വാസവും വ്യക്തിപൂജയും, എതിർപ്പുകളോടും വിമർശനങ്ങളോടുമുള്ള അസഹനീയതയും, പാർടിക്കും വിപ്ലവത്തിനും വേണ്ടിയാണെങ്കിൽ ഏത് മാർഗവും സ്വീകരിക്കാമെന്ന പ്രയോഗമാത്രവാദവും - ഇങ്ങനെയൊക്കെയുള്ള കോമിന്റേണിസ്റ്റ് സ്വാധീനമാണ് പ്രവർത്തനരീതികളിലും സമീപനങ്ങളിലും പലപ്പോഴും കാണുന്നത്. സ്റ്റാലിന്റെ മാത്രം തെറ്റല്ലാത്തതുകൊണ്ടും, ഒരു മുഴുവൻ കാലഘട്ടത്തിന്റെയും പ്രശ്നം ഉള്ളടങ്ങിയതുകൊണ്ടുമാണ് കോമിന്റേണിസ്റ്റ് എന്ന് പറഞ്ഞത്. ലോകത്തുടനീളം കമ്മ്യൂണിസ്റ്റ് ആശയങ്ങൾ എത്തിക്കുകയും കമ്മ്യൂണിസ്റ്റ് പാർടികളുടെ രൂപീകരണത്തെ ഉത്തേജിപ്പിക്കുകയും, അങ്ങനെ ആദ്യമായി ശരിക്കും സാർവ്വദേശീയമായ ഒരു വിപ്ലവ തൊഴിലാളിവർഗ പ്രസ്ഥാനത്തിന് ജന്മം കൊടുക്കുകയും ചെയ്ത കോമിന്റേൺ കാലഘട്ടത്തിന്റെ അനുകൂലാംശത്തെ കൈവിടാതെ, അത് ബാക്കിവെച്ച പ്രതികൂലാംശത്തെ തിരസ്കരിച്ചതാണ് മാവോയിസത്തിന്റെ ഒരു സുപ്രധാന കുതിപ്പ്. ഇന്നത്തെ മാവോയിസ്റ്റ് പാർടികൾ മുൻകാല കമ്മ്യൂണിസ്റ്റ് പാർടികളുടെ തുടർച്ചതന്നെയാണ്. പക്ഷെ, പാർടിയെ സംബന്ധിച്ച അന്നത്തെ ധാരണയും പ്രവർത്തനരീതികളുമല്ല, മുന്നണിപ്പടസങ്കൽപനത്തിൽ മാവോയിസം എത്തിച്ചേർന്ന ഉന്നതങ്ങളാക്കണം അടിസ്ഥാനം. *(അവസാനിച്ചു)*

# ഇങ്ങനെ പഠിക്കരുത്

അജ്മൽ



*“അഞ്ജനമെന്നത് ഞാനറിയും
അത് മഞ്ഞൾപോലെ വെളുത്തിരിക്കും.”*

**“തൊഴിലാളി വർഗ്ഗബോധത്തിന്** ഏതെങ്കിലും തരത്തിലുള്ള ജാതി, ലിംഗ, വംശ, തദ്ദേശീയ മതബോധങ്ങളുമായി സഹവസിക്കാൻ കഴിയില്ല. ഈ വർഗ്ഗബോധം വസ്തുനിഷ്ഠമായ വർഗ്ഗ അസ്തിത്വത്തിൽനിന്ന് സ്വയം സൃഷ്ടമാകുന്ന ഒന്നല്ല. തൊഴിലാളി വർഗ്ഗത്തിന്റെ അസ്തിത്വവും രണ്ടായി വിഭജിക്കുന്നു. വർഗ്ഗങ്ങളെയും എല്ലാവിധ ചൂഷക–ആധിപത്യബന്ധങ്ങളെയും ഇല്ലാതാക്കുന്ന വർഗ്ഗം എന്ന ചരിത്രസ്ഥാനത്തോടൊപ്പം, വർഗ്ഗചൂഷണത്തിന്റെ ഉപാധികളായ ജാതിയും ലിംഗവും വംശവും ദേശവും മതവുമൊക്കെ അതിനെ വിഭജിച്ചിരിക്കുന്ന അവസ്ഥയും അതിന്റെ വസ്തുനിഷ്ഠമായ നിലനിൽപ്പിന്റെ ഭാഗമാണ്. അതുകൊണ്ട് ഇത്തരം വൈരുദ്ധ്യങ്ങളുമായിട്ടു കൂടി മല്ലിട്ടാൽ മാത്രമേ വർഗ്ഗചൂഷണത്തെ എതിരിടുന്ന തൊഴിലാളി വർഗ്ഗബോധം വികസിപ്പിക്കാൻ കഴിയൂ. മർദ്ദക–മർദ്ദിത വിഭാഗങ്ങളെയും അവരുടെ ബോധത്തെയും കണിശമായി വേർതിരിച്ചുകണ്ടും, മർദ്ദിതരുടെ സമരപാരമ്പര്യവുമായി കണ്ണിചേർന്നും, ആ പാരമ്പര്യത്തിന്റെ സമരാനുഭവങ്ങളെ സങ്കലനം ചെയ്ത് വർഗ്ഗബോധത്തിന്റെ തലത്തിലേക്ക് ഉയർത്തിയും മാത്രമേ തൊഴിലാളി വർഗ്ഗത്തിന് സ്വന്തം ചരിത്രദൗത്യം തിരിച്ചറിയുന്ന വർഗ്ഗബോധം ആർജ്ജിക്കാനും പഴയതിനെതിരെ കലാപം ചെയ്യുന്ന എല്ലാ ധാരകളെയും വിപ്ലവത്തിന്റെ മഹാപ്രവാഹത്തിൽ ഉൾച്ചേർക്കാനും കഴിയു. അപ്പോൾ മാത്രമേ അതിന്റെ പാർട്ടിക്ക് യഥാർത്ഥ മുന്നണിപ്പടയുടെ രാഷ്ട്രീയ–സാമൂഹ്യ–സാംസ്കാരിക സ്ഥാനം നേടിയെടുക്കാൻ കഴിയൂ.” (കെ.മുരളി സ്ത്രീ പ്രശ്നത്തെപ്പറ്റി. ലേഖന സമാഹാരം പേജ് 41) സ്വത്വബോധവും തൊഴിലാളി വർഗ്ഗബോധവും തമ്മിലുള്ള വ്യതിരി


ക്തതയും സ്വത്വബോധത്തിൽനിന്ന് തൊഴിലാളി വർഗ്ഗബോധത്തിലേക്കുള്ള കുതിച്ചുചാട്ടം എങ്ങനെ സാധിക്കുമെന്നുമുള്ള കാഴ്ചപ്പാടാണ് ഈ ഉദ്ധരണിയിൽ ഉള്ളടങ്ങിയിരിക്കുന്നത്. പക്ഷെ, തൊഴിലാളി വർഗ്ഗബോധത്തിന് മറ്റൊരു ബോധവുമായി സഹവസിക്കാൻ കഴിയില്ലെന്ന് പറയുന്നതും ഇത്തരം വൈരുദ്ധ്യങ്ങളുമായിട്ടുകൂടി മല്ലിട്ടാൽ മാത്രമെ തൊഴിലാളിവർഗ്ഗബോധം വികസിപ്പിക്കാൻ കഴിയൂ എന്നു പറയുന്നതും അശാസ്ത്രീയവും പിശകും തെറ്റും പൊരുത്തക്കേടുകൾ നിറഞ്ഞതുമാണെന്ന് കൃഷ്ണരാജ് ചൂണ്ടിക്കാട്ടുന്നു. "ദളിത് മേഖല ആവശ്യപ്പെടുന്ന സംവിധാനം. ഒരു മാവോയിസ്റ്റ് സമീപനം" എന്ന പേരിലുള്ള ലേഖനത്തിലാണ്. (കമ്മ്യൂണിസ്റ്റ് മാസിക - ലക്കം 2-3 2009 ജനുവരി - ഫെബ്രുവരി) ഈ വിമർശനങ്ങൾ ഉള്ളത്. ഈ വിഷയത്തിലുള്ള യഥാർത്ഥ മാവോയിസ്റ്റ് സമീപനം ഞാൻ പറയുന്നതാണെന്ന് അവകാശപ്പെട്ടുകൊണ്ടാണ് രംഗപ്രവേശം. ഇത് സ്ഥാപിക്കാൻ കൃഷ്ണരാജ് രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്.

"ചൈനയിൽ ചൈനീസ് ദേശീയത ഉയർത്തിപ്പിടിക്കുന്നത് ഒരു നല്ല കാര്യമാണെന്ന് മാവോ പറഞ്ഞതിനർത്ഥം ചൈനീസ് അർദ്ധകൊളോണിയൽ ഘടനയിലെ മുഴുവൻ അണുവും സാമ്രാജ്യത്വമർദ്ദനം ഏൽക്കുന്നത് കൊണ്ടാണ്. അതേ സമയം ദേശീയത എന്ന രീതിയിൽ ഒരു കൊളോണിയൽ ഘടനയുടെ ചൂഷണം അനുഭവിക്കാത്തതുകൊണ്ടുതന്നെ യൂറോപ്യൻ മേഖലയിൽ ദേശീയത ഉയർത്തിപ്പിടിക്കുന്നത് ആരായാലും ബൂർഷ്വാസിയുടെ ശിങ്കിടിപാടുന്നവരാണ് എന്ന് ലെനിൻ പറഞ്ഞതും ശരിയാണ്. തൊഴിലാളിവർഗ്ഗബോധത്തിന് ഏതെങ്കിലും തരത്തിലുള്ള ജാതിബോധമോ ലിംഗബോധമോ ദേശീയബോധമോ ആയി സഹവസിക്കാൻ കഴിയില്ല എന്ന സ:മുരളിയുടെ നിലപാട് തീർത്തും അശാസ്ത്രീയമാണ്. മാവോ നേരെ തിരിച്ചാണ് ദേശീയ പ്രശ്നത്തിൽ പറഞ്ഞത്." (പേജ് 39). "... സ്വത്വബോധം ഉപയോഗിക്കാതെ ഇത്തരം മേഖലയിലെ സംഘടനാ സംവിധാനങ്ങൾ വികസിക്കുകയില്ലെന്ന കാര്യം തർക്കമറ്റതാണ്... സ്ത്രീകൾ സംഘടിക്കണമെന്നതും ഞങ്ങൾ ആദിവാസികൾ സംഘടിക്കണമെന്നതും സ്വത്വബോധം തന്നെയാണ്. അപ്പോൾ ഏതെങ്കിലും തരത്തിലുള്ള ജാതിബോധമോ.. ആയി തൊഴിലാളി വർഗ്ഗബോധത്തിന് സഹവസിക്കാൻ കഴിയില്ലെന്ന സഖാവിന്റെ നിലപാട് തെറ്റാണെന്ന കാര്യത്തിൽ തർക്കമില്ല." (പേജ് 39). കൃഷ്ണരാജിന്റെ ഇമ്മാതിരിയുള്ള വാക്കുകൾ വെറും പ്രസ്താവനയാണ്. കാര്യകാരണസഹിതമുള്ള ഒരു ആശയസമരം ഇത് വെളിവാക്കുന്നില്ല. മാവോ ചൈനീസ് ദേശീയത 'ഉയർത്തിപ്പിടിച്ചു' എന്നതുകൊണ്ട് തൊഴിലാളി വർഗ്ഗബോധത്തിന് ദേശീയബോധവുമായി 'സഹവസിക്കാൻ' കഴിയും എന്ന് അർത്ഥം വരുമോ? സവിശേഷ സംഘടനകൾ ഉണ്ടാക്കിയാൽ ഇത്തരം സ്വത്വബോധവുമായി സഹവസിച്ചു എന്നാണോ? 'ഉയർത്തിപ്പിടിച്ചതിനെ', 'ഐക്യപ്പെട്ടതിനെ' സഹവസിക്കലായി, തെറ്റായി പഠിക്കുകയും അത് മറ്റുള്ളവരെ പഠിപ്പിക്കാൻ മത്സരിക്കുകയും ചെയ്യുന്നത് കാണുമ്പോൾ ഓർമ്മവരുന്നത് ഒരു പഴയ പഴഞ്ചൊല്ലാണ്. 'അഞ്ജനമെന്നത് ഞാനറിയും, അത് മഞ്ഞൾപോലെ വെളുത്തിരിക്കും.'

മറ്റൊരാളുമായി, മറ്റൊരു ആശയവുമായി മറ്റൊരു ബോധവുമായി, മറ്റൊരു പ്രവൃത്തിയുമായി ഒരുമിച്ച് ചേരൽ, ഒരുമിച്ച് മുന്നേറൽ ഇതാണ് സഹവസിക്കൽ, എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇവിടെ ഐക്യമുണ്ട്. സമരമില്ല. ഇവിടെ രണ്ട് ഒന്നായിച്ചേരുന്നു. രണ്ട് ഒന്നായിച്ചേരുന്നു എന്നത് തിരുത്തൽവാദ ആശയമാണെന്നകാര്യത്തിൽ കൃഷ്ണരാജിന് തർക്കം ഉണ്ടാവില്ല. മാർക്സിസ്റ്റ് വൈരുദ്ധ്യശാസ്ത്രത്തിന്റെ ഏറ്റവും ജീവത്തായ ഒന്ന് രണ്ടായി പിരിയുന്നു എന്ന പരികല്പന ഓർത്തിരുന്നുവെങ്കിൽ ഈ വങ്കത്തം നിറഞ്ഞ വിമർശനവുമായി കൃഷ്ണരാജ് പ്രത്യക്ഷപ്പെടില്ലായിരുന്നു. എന്താണ് ഐക്യപ്പെടൽ? ഇത് ദീർഘകാലത്തേക്കോ ഹ്രസ്വകാലത്തേക്കോ ആവാം. ഐക്യപ്പെടൽ ഒരു ഐക്യമുന്നണിയാവാം, പൊതുവേദിയാകാം. ഇതിൽ ഐക്യവും സമരവുമുണ്ട്. മല്ലിടലുണ്ട്. ഒരു ഉദാഹരണം പറയാം. നായിക്ക ആദിവാസി വിഭാഗത്തിൽപ്പെട്ട മൂന്ന് യുവാക്കളെ കള്ളക്കേസിൽ കുടുക്കി ജയിലിലടച്ചതിനെതിരായി ഇവരുടെ കുടുംബങ്ങളുമായി യോജിച്ച് ആദിവാസി സമരസംഘം പ്രവർത്തകർ പ്രതിഷേധപ്രചരണങ്ങൾ നടത്തിയിരുന്നു. പ്രചരണത്തിൽ പങ്കുകൊണ്ട പണിയവിഭാഗത്തിൽപ്പെട്ടവരെ അയിത്തത്തിന്റെ പേരിൽ ഈ നായിക്ക കുടുംബങ്ങൾ വീട്ടിനകത്ത് കയറ്റിയിരുന്നില്ല. തുടർന്ന് ഈ സങ്കുചിത ജാതിബോധത്തിനെതിരെ ശ്രമകരമായി സമരം ചെയ്തതിന്റെ ഫലമായി ഈ അവസ്ഥ മാറ്റിയെടുക്കാൻ കഴിഞ്ഞു. ഇവിടെ തൊഴിലാളിവർഗ്ഗബോധവുമായി കടന്നുചെന്നവർ സങ്കുചിത ജാതിബോധത്തിനെതിരെ ശ്രമകരമായി സമരം ചെയ്തതിന്റെ ഫലമായി ഈ അവസ്ഥ മാറ്റിയെടുക്കാൻ കഴിഞ്ഞു. ഇവിടെ തൊഴിലാളിവർഗ്ഗബോധവുമായി കടന്നുചെന്നവർ സങ്കുചിതജാതിബോധവുമായി മല്ലിടുകയായിരുന്നു. ഐക്യവും സമരവും എന്ന പ്രക്രിയയായിരുന്നു. സമരമില്ലായിരുന്നുവെങ്കിൽ, മല്ലിടലില്ലായിരുന്നുവെങ്കിൽ 'സഹവസിച്ചു'പോയിരുന്നുവെങ്കിൽ സങ്കുചിതബോധത്തെ അരക്കിട്ടുറപ്പിക്കലായിരിക്കും ഫലം. സ്വത്വബോധത്തെ ഉപയോഗിച്ച് സംഘടന ഉണ്ടാക്കിയതുകൊണ്ടുമാത്രം, ശത്രുവിനെതിരായി സമരം ചെയ്യുന്നതുകൊണ്ടുമാത്രം തൊഴിലാളി വർഗ്ഗബോധത്തിലേക്ക് എത്തിച്ചേരില്ല. അസ്തിത്വം ബോധത്തെ നിർണ്ണയിക്കുന്നു എന്ന മാർക്സിസ്റ്റ് പരികല്പന വെച്ച് നോക്കിയാൽ തൊഴിലാളിയുടെ ബോധം പോലും ജാതിയുടെ, മതത്തിന്റെ, വംശത്തിന്റെ ലിംഗത്തിന്റെ ദേശീയതയുടെതുമായതാണ്. ഇതൊക്കെയായി ഏറ്റുമുട്ടിയെങ്കിലേ തൊഴിലാളി വർഗ്ഗബോധത്തിലേക്ക് ആ തൊഴിലാളിയെ ഉയർത്താൻ കഴിയൂ. ഈ കുറിപ്പിന്റെ തുടക്കത്തിൽ നൽകിയ ഉദ്ദരണിയിൽ, മർദ്ദിതവിഭാഗങ്ങളുമായി, അവരുടെ സമരമുഖങ്ങളുമായി ഐക്യപ്പെടുകയും സങ്കലനം ചെയ്യേണ്ടതിന്റെയും പ്രാധാന്യം മുരളി എടുത്തുപറയുന്നത് വ്യക്തമാണ്. പക്ഷെ ബോധപൂർവ്വം കൃഷ്ണരാജ് തന്റെ ലേഖനത്തിൽ മുരളി വിശദീകരിച്ച സഹവസിക്കലും ഐക്യപ്പെടലും സംബന്ധിച്ച കാര്യങ്ങളിൽ സഹവസിക്കലിനെക്കുറിച്ച് പറഞ്ഞ ഭാഗം മാത്രം എടുത്ത് വിമർശിക്കുകയാണ് ചെയ്തിരിക്കുന്നത്. മർദ്ദിത ജനവിഭാഗങ്ങളുമായി ഐക്യപ്പെടണം എന്ന് പറയുമ്പോൾ അവരുടെ മുഴുവൻ ബോധവുമായിട്ടാണോ? അല്ല. കാരണം മർദ്ദിത ജാതികളുടെ ബോധവും രണ്ടായിപ്പിരിയുന്നു. ഇതിൽ ഒന്ന് മർദ്ദനത്തിനെതിരെ മർദ്ദിതരുടെ കലാപബോധമാണ്. അതായത് സവർണ്ണാധിപത്യത്തിനെതിരെ, ബ്രാഹ്മണാധിപത്യത്തിനെതിരായ ബോധം. രണ്ടാമത് ഓരോ മർദ്ദിത ജാതികളുടെയും ജാതിബോധമാണ്. ഇതിൽ ജാതിബോധത്തെ എതിരിട്ട്, മർദ്ദിതരുടെ മർദ്ദനത്തിനെതിരായ, കലാപത്തിന്റെ ബോധവുമായി ഐക്യപ്പെടണമെന്നാണ് മുരളി ചൂണ്ടിക്കാട്ടുന്നത്. ഇത് വേർതിരിച്ച് മനസ്സിലാക്കുന്നില്ലെന്നതാണ് കൃഷ്ണരാജിന്റെ വീക്ഷണത്തിലെ പ്രധാന ന്യൂനത.

"കീഴ്ത്തട്ടിലെ ജാതിബോധവും തൊഴിലാളിവർഗ്ഗബോധവും രണ്ടും രണ്ടാണെന്ന കാര്യത്തിൽ തർക്കമില്ല" എന്ന് കൃഷ്ണരാജും വ്യക്തമാക്കുന്നുണ്ട്. പക്ഷെ കീഴ്ത്തട്ടിലെ ജാതിബോധം രണ്ടായി പിരിയുന്നു എന്ന തിരിച്ചറിവാണ് കൃഷ്ണരാജിന് ഇല്ലാതെപോകുന്നത്. "ഇവിടെ തൊഴിലാളിവർഗ്ഗബോധത്തെ വികസിപ്പിക്കാൻ കഴിയുക മുഖ്യശത്രുവിന്റെ ബോധനത്തിനെതിരായി പോരാടുമ്പോൾ മാത്രമാണ്." "... അതുകൊണ്ട് കീഴ്ത്തട്ടിലുള്ള ജാതി ബോധവുമായി മല്ലിട്ടാലല്ല മറിച്ച് മേൽത്തട്ടിലുള്ള സവർണ്ണജാതിബോധവുമായി എതിരിടലിൽ കൂടി മാത്രമേ കീഴ്ത്തട്ടിലുള്ള ജാതിബോധത്തെ തൊഴിലാളിവർഗ്ഗബോധമായി പരിവർത്തനം ചെയ്യാൻ കഴിയൂ" എന്ന് മുരളിക്കെതിരായി വാദമുഖം

അവതരിപ്പിക്കുമ്പോൾ കൃഷ്ണരാജിന്റെ തിരിച്ചറിവില്ലായ്മ പാരമ്യത്തിലെത്തുന്നു. ശത്രുവിനെതിരായി സമരം ചെയ്താൽ താനെ എത്തിച്ചേരുന്ന ഒരു ഇടമല്ല തൊഴിലാളി വർഗ്ഗബോധം എന്ന് ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ശത്രുവിനെതിരായ സമരം വിവിധ ആദിവാസി വിഭാഗങ്ങളെ ഒന്നിപ്പിക്കും. പരസ്പരം അകന്നുനിൽക്കുന്ന ദളിത് വിഭാഗങ്ങളെ ഒന്നിപ്പിക്കും. എല്ലാവരും ഒരു ശത്രുവിനെയാണ് നേരിടുന്നത് അതുകൊണ്ട് ഒന്നിച്ച് നൽക്കണമെന്ന ബോധം സമരത്തിൽക്കൂടി ആർജ്ജിക്കുന്നു. ഇതുതാനെ തൊഴിലാളിവർഗ്ഗബോധത്തിലേക്ക്, ജാതിരഹിതമായ ഒരു ബോധത്തിലേക്ക് എത്തിച്ചേരുമെന്നത് വെറും ദിവാസ്വപ്നമാണ്. സവർണ്ണാധിപത്യത്തിനെതിരായി സമരം ചെയ്യുന്നതുകൊണ്ട് മാത്രം ഒരാൾ ജാതിരഹിതാവസ്ഥയിൽ എത്തിച്ചേരില്ല. ഇതിനും അപ്പുറത്താണല്ലോ തൊഴിലാളിവർഗ്ഗബോധം. സ്വത്വവാദികളുടെ സവർണ്ണാധിപത്യത്തെയും നിലവിലുള്ള അധികാരഘടനയെയും ചോദ്യം ചെയ്യുന്നു. പല സന്ദർഭങ്ങളിൽ രണോത്സുക



കലാപങ്ങളായി ഇത് വളർന്നിട്ടുണ്ട്. ജാതിരഹിതാവസ്ഥ മുഖ്യലക്ഷ്യമല്ലാത്ത സമുദായ സംഘടനകൾക്ക് സ്വന്തം അണികളെ സ്വന്തം ജാതിബോധത്തിനനുഗുണമായി സജ്ജരാക്കിയേ പറ്റൂ. ഈ യാഥാർത്ഥ്യമാണ് കൃഷ്ണരാജ് മറന്നുപോകുന്നത്. അതുവഴി സംഭവിക്കുന്നത് കീഴ്ത്തട്ടിലുള്ള മർദ്ദിതജാതി വിഭാഗങ്ങളെ സ്വന്തം സങ്കുചിത ജാതിബോധത്തിൽത്തന്നെ തളച്ചിടുന്നു. പ്രായോഗിക രംഗത്താവട്ടെ അങ്ങേയറ്റത്തെ വിട്ടുവീഴ്ചാ മനോഭാവവും പ്രകടമാവും.

മർദ്ദിതവിഭാഗങ്ങളെ സംഘടിപ്പിച്ചെടുക്കാൻ സവിശേഷ സംഘടനാരൂപങ്ങൾ (രൂപീകരിക്കുന്നത്) സംബന്ധിച്ച് മാവോയിസ്റ്റ് പ്രസ്ഥാനത്തിന് അവ്യക്തതയൊന്നുമില്ല. പക്ഷെ നിർദ്ദിഷ്ഠ സാഹചര്യത്തിനനുസൃതമായിരിക്കുമെന്ന് മാത്രം. കേരളത്തിലെ ജാതി/ദളിത് പ്രശ്നവുമായി ബന്ധപ്പെട്ട് 'സാമൂഹ്യമർദ്ദനവും വിമോചന'ത്തിന്റെ 'രാഷ്ട്രീയവും' എന്ന ഒരു പേപ്പർ സഖാവ് അജിത്ത് തയ്യാറാക്കിയിട്ടുണ്ട്. സ്വത്വബോധത്തിന്റെ, അതിന്റെ മുഴുവൻ സവിശേഷതകളേയും വർഗ്ഗസമരത്തിന്റെ കാലികപ്രശ്നങ്ങളാക്കിമാറ്റാൻ അദ്ധ്വാനം ചെയ്യുന്നതോടൊപ്പം സ്വത്വവാദരാഷ്ട്രീയത്തെ അതിന്റെ രാഷ്ട്രീയ–സൈദ്ധാന്തിക തലത്തിൽ കടന്നാക്രമിക്കുന്നുമുണ്ട്. തൊഴിലാളിവർഗ്ഗബോധത്തിലേക്ക് മർദ്ദിത ജാതിവിഭാഗങ്ങളെ നയിക്കുന്നതിനുള്ള ശക്തമായ ഒരു ആശയശാസ്ത്ര ആയുധമാണ് 'സാമൂഹ്യമർദ്ദനവും വിമോചനത്തിന്റെ രാഷ്ട്രീയവും' എന്ന പേപ്പർ.

വർഗ്ഗസമരമാണ് മുഖ്യം/ശത്രുവിനെതിരായ സമരമാണ് മുഖ്യം. ഇതിലൂടെ പുതിയ ഐക്യത്തിലേക്കും പുതിയ ബോധത്തിലേക്കും മർദ്ദിത വിഭാഗങ്ങൾ എത്തിച്ചേരും. തൊഴിലാളി വർഗ്ഗ രാഷ്ട്രീയമാണ് നേതൃത്വസ്ഥാനത്തെങ്കിൽ അതിന് സങ്കുചിതമായ എല്ലാ ബോധത്തിനുമെതിരായി സമരം ചെയ്യേണ്ടിവരും. പക്ഷെ ഇത് ശത്രുതാപരമായി കൈകാര്യം ചെയ്യേണ്ട വൈരുദ്ധ്യമല്ല. അതുകൊണ്ടാണ് 'മല്ലിടണം' എന്ന പദം മുരളി ഉപയോഗിച്ചത്. പോരാട്ടം, മുഖ്യശത്രു, സവർണ്ണാധിപത്യം തുടങ്ങിയ പദങ്ങൾ ഉൾക്കൊള്ളിച്ചാൽ ഉന്നയിക്കുന്ന വാദമുഖം മാവോയിസമാകില്ല. തർക്കങ്ങൾ നല്ലതാണ്. പക്ഷെ മാർക്സിസത്തെ മുൻനിർത്തിയാവുമ്പോൾ തർക്കത്തിന് കേവലയുക്തി പോരാ. കേവലയുക്തിയെ ആശ്രയിച്ചാൽ സ്വയം കുഴിയിൽ അകപ്പെടും. ഇത്തരമൊരു അനുഭവമാണ് കൃഷ്ണരാജിന് വന്നുപെട്ടത്. അനുഭവങ്ങൾ പാളിച്ചകൾ! ■

## ജാതിയും സ്വകാര്യ സംരംഭകത്വവും

2005ൽ, ഗ്രാമങ്ങളിലെ മൊത്തം സ്വകാര്യസംരംഭങ്ങളിൽ 45ശതമാനം സവർണ്ണ ഉടമസ്ഥതയിലും, 40ശതമാനം പിന്നാക്ക (ഒബിസി), 10ശതമാനം ദളിത്, 5ശതമാനം ആദിവാസി ഉടമസ്ഥതകളിലുമായിരുന്നു. നഗരങ്ങളിൽ ഇത് യഥാക്രമം 57, 34, 7, 2 ശതമാനമായിരുന്നു. അതേസമയം ഗ്രാമങ്ങളിൽ 26, 43, 10, 21 ശതമാനവും, നഗരങ്ങളിൽ 46, 36, 15, 3 ശതമാനവും ആയിരുന്നു സവർണ്ണ, ഒ.ബി.സി., ദളിത്, ആദിവാസി ജനസംഖ്യാനുപാതം. എല്ലാവരുടെയും കാര്യത്തിൽ മൊത്തം സ്ഥാപനങ്ങൾ കൂടുതലും കുടുംബസംരംഭങ്ങളാണെങ്കിലും അവിടെയും കാണാം ജാതീയ വേർതിരിവുകൾ. ഗ്രാമീണ മേഖലയിലെ ദളിതരുടെ സ്ഥാപനങ്ങളിൽ 67ശതമാനം കുടുംബസംരംഭങ്ങളായിരുന്നപ്പോൾ സവർണ്ണർക്ക് ഇത് 49ശതമാനം മാത്രമായിരുന്നു. ഇക്കാര്യത്തിൽ പിന്നാക്ക സംരംഭകരുടെ സ്ഥിതി ദളിതർക്ക് ഏതാണ്ട് സമാനമായി – 60ശതമാനം. തൊഴിലാളികളെ പണിക്കുനിർത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ ചിത്രം കുറച്ചുകൂടി വ്യക്തമാകുന്നു. ഇത്തരം 33ശതമാനം സ്ഥാപനങ്ങൾക്ക് ദളിതർ ഉടമയായിരുന്നെങ്കിലും (ആദിവാസികൾ 38ശതമാനം) പണിക്കാരിൽ 14ശതമാനം മാത്രമാണ് രണ്ടു കൂട്ടരുടെയും സ്ഥാപനങ്ങളിലുണ്ടായിരുന്നത്. ബാക്കി വരുന്നവരിൽ 47ശതമാനം സവർണ്ണ ഉടമയിലുള്ള സംരംഭങ്ങളിലും 39ശതമാനം പിന്നാക്ക സ്ഥാപനങ്ങളിലുമായിരുന്നു. സ്വത്തുടമസ്ഥതയിലെ ജാതീയ അന്തരം സ്ഥാപനങ്ങളുടെ വലുപ്പത്തിലും പ്രകടമാകുന്നതാണ് ഈ കണക്ക് നൽകുന്ന സൂചന.

**അവലംബം:**

Caste and Ownership of Private Enterprises,
Sukhadeo Thorat-Nidhi Sadana,
EPW, June 6, 2009.

# തൊഴിലാളി രണോത്സുകതയുടെ മടങ്ങിവരവ്

**ആഗോള പ്രതിസന്ധിയുടെ** ഭാരം മുഴുവൻ തങ്ങളുടെ മേൽ കെട്ടിയേൽപിക്കാനുള്ള കുത്തകകളുടെ നീക്കങ്ങളെ പഴയ ചില സമരമുറകൾ സജീവമാക്കിയാണ് തൊഴിലാളികൾ നേരിടുന്നത്. നീണ്ടകാലമായി സാമ്രാജ്യത്വ രാജ്യങ്ങളിൽ കാണാതിരുന്ന ഫാക്ടറി പിടിച്ചെടുക്കലും മാനേജർമാരെ ബലമായി തടഞ്ഞുവെയ്ക്കലും ഇതിനകം പല രാജ്യങ്ങളിലും നടന്നിരിക്കുന്നു. കാർനിർമ്മാണ മേഖല തകർന്നതോടെ തൊഴിൽ നഷ്ടപ്പെട്ട കനേഡിയൻ തൊഴിലാളികൾ 4 ഫാക്ടറികൾ കൈയ്യടക്കി. നഷ്ടപരിഹാരമൊന്നും നൽകാതെയുള്ള പിരിച്ചുവിടലിനെതിരെയായിരുന്നു സമരം. ഫാക്ടറികളിൽ നിന്ന് യന്ത്രങ്ങൾ കടത്തുന്നത് തടഞ്ഞ ഇവരുമായി സന്ധിസംഭാഷണം നടത്തി പ്രശ്നം തീർക്കാൻ മാനേജ്മെന്റ് ഒടുവിൽ നിർബന്ധിതമായി. അമേരിക്കയിലെ റിപ്പബ്ലിക്ക് വിൻഡോസ് ആന്റ് ഡോർസ് കമ്പനിയിലെ പിടിച്ചെടുക്കലും ഏറെ ശ്രദ്ധേയമായി. ഫാക്ടറി അടച്ചുപൂട്ടുന്നതിന്റെ മൂന്നുദിവസം മുമ്പു മാത്രമാണ് തൊഴിലാളികൾക്ക് അറിയിപ്പ് കൊടുത്തത്. ഊഹക്കച്ചവടത്തിൽ ഏർപ്പെട്ട് പൊളിയാറായപ്പോൾ സർക്കാർ നൽകിയ കോടികണക്കിന് ഡോളറിന്റെ, അതായത് നികുതിദായകരുടെ പണത്തിന്റെ, പിൻബലത്തിൽ പിടിച്ചുനിൽക്കുന്ന ബാങ്ക് ഓഫ് അമേരിക്ക വായ്പ അനുവദിക്കാത്തതുകൊണ്ടാണ് കമ്പനി അടച്ചുപൂട്ടുന്നത് എന്ന വിവരം അറിഞ്ഞതോടെ പൊട്ടിത്തെറിച്ച തൊഴിലാളികളുടെ ഫാക്ടറി പിടിച്ചെടുക്കലിന് രാജ്യവ്യാപക പിന്തുണ ലഭിച്ചു. ഒടുവിൽ പുതിയൊരു ഉടമസ്ഥതയിൽ കമ്പനി തുടർന്നു പ്രവർത്തിക്കാൻ ധാരണയായി. ഫ്രാൻസിൽ എഫ്എം ലോജിസ്റ്റിക്സ്, സോണി, കാറ്റർപില്ലർ, 3എം മുതലായ വൻകിട ബഹുരാഷ്ട്രകുത്തകകളുടെ ഫാക്ടറികളിലാണ് പിടിച്ചടുക്കൽ നടന്നത്. ഇവിടെ കമ്പനി മാനേജർമാരെ തടവിലാക്കുകയും ചെയ്തിരുന്നു. ഇത് മനുഷ്യത്വരഹിതമായി എന്നൊക്കെ മുഖ്യധാരാ പത്രങ്ങൾ കുറ്റപ്പെടുത്തീയെങ്കിലും രാജ്യവ്യാപകമായി നടത്തിയ സർവ്വേയിൽ ഭൂരിപക്ഷവും തൊഴിലാളികളുടെ സമരമുറയെ ന്യായീകരിക്കുകയാണുണ്ടയത്. കിഡ്നാപ്പിംഗ് (തട്ടികൊണ്ടുപോകൽ) എന്ന വാക്കിനെ രൂപാന്തരപ്പെടുത്തി ബോസ്നാപ്പിംഗ് (മാനേജറെ പിടിച്ചുവെയ്ക്കൽ) എന്ന പുതിയ വാക്ക് ഇവിടെ പ്രചാരത്തിൽ വന്നിരിക്കുന്നു. തൊഴിലാളികൾക്ക് ലഭിക്കുന്ന ശക്തമായ പിന്തുണ കണ്ട് ഭരണകൂടത്തിന് കടുത്ത നടപടികളിൽ നിന്ന് പിൻവാങ്ങേണ്ടി വന്നു.



ബ്രിട്ടനിൽ താച്ചറുടെ ഭരണകാലത്തെ കൽക്കരിഖനി സമരത്തിനു ശേഷം ശ്രദ്ധേയമായ ഒരു സമരവും നടന്നിട്ടില്ല. അത്ര ഭീകരമായിരുന്നു അവരുടെ അടിച്ചമർത്തൽ/സ്വകാര്യവൽക്കരണ നയം. ഇന്നത്തെ പ്രതിസന്ധി ഉപയോഗപ്പെടുത്തി ഫാക്ടറികൾ അടച്ചുപൂട്ടാനും തൊഴിലാളികളെ തോന്നുംപോലെ പിരിച്ചുവിടാനും മുതലാളിമാർ തുടങ്ങിയപ്പോൾ നിർജീവമായ തൊഴിൽശക്തിയിൽ നിന്ന് ഒന്നും പേടിക്കാനില്ല എന്നായിരുന്ന അഹന്ത. കാർ സ്പേർപാർട്ട്സ് നിർമ്മിക്കുന്ന വിസ്റ്റിയോൺ കമ്പനിയിലെ തൊഴിലാളികൾക്ക് വെറും 6 മിനിറ്റു മുമ്പാണ് കൂട്ടപിരിച്ചുവിടൽ അറിയിപ്പ് കൊടുത്തത്. നിർജീവതയുടെ ചരിത്രം അവസാനിപ്പിക്കാൻ അതൊടെ തൊഴിലാളികൾ തീരുമാനിച്ചു. ഭരണകൂട ഭീഷണികളെ നേരിട്ട് പിടിച്ചെടുത്ത ഫാക്ടറി അവർ ഒരു മാസം മുഴുവൻ സ്വന്തം നിയന്ത്രണത്തിൽ വെ ച്ചു. അടച്ചുപൂട്ടൽ തടയാനായില്ലെങ്കിലും ആദ്യം കിട്ടുമായിരുന്ന തുച്ഛമായ നഷ്ടപരിഹാരത്തിന്റെ പത്തിരട്ടി നേടിയെടുക്കാനായി. തൊഴിലാളിവർഗ രണോത്സുകതയുടെ മടങ്ങിവരവിന് മുന്നണിപ്പോരാളികളാകാൻ കഴിഞ്ഞതാണ് വിസ്റ്റിയോൺ തൊഴിലാളികളുടെ ഏറ്റവും അഭിമാനകരമായ നേട്ടം. വടക്കൻ ഐർലാൻഡിലെ ഡൺഡി പ്രിസ്മെ പാക്കേജിങ്ങ് തൊഴിലാളികൾ 51 ദിവസം നീണ്ടുനിന്ന ഫാക്ടറി പിടിച്ചെടുക്കലിനു ശേഷം കമ്പനിയെ ഒരു സഹകരണസ്ഥാപനമായി നടത്താനും, അതുവഴി തൊഴിലുകൾ നിലനിർത്താനുമുള്ള അവകാശം നേടിയെടുത്തു.

2008നു ശേഷം 5 ലക്ഷം തൊഴിലാളികൾ തെരുവാധാരമായ തുർക്കിയിലും നിരവധി ഫാക്ടറിപിടിച്ചെടുക്കലുകൾ നടന്നു. പട്ടാളത്തെ ഇറക്കിയാണ് ഭരണകൂടം ഇതിനെ നേരിടുന്നത്. പട്ടാള അടിച്ചമർത്തലിൽ ഫാക്ടറി വിട്ടുകൊടുക്കേണ്ടി വന്ന സിന്റർ മെറ്റൽ തൊഴിലാളികൾ അതിനു മുമ്പിൽ തന്നെ തമ്പടിച്ച് സമരം തുടർന്നു. ഇപ്പോൾ 100 ദിവസം കഴിഞ്ഞിരിക്കുന്നു ഈ സമരം. അർജന്റീനയിൽ 2008 മുതൽ 10 ഫാക്ടറികളാണ് തൊഴിലാളികൾ പിടിച്ചെടുത്തത്. കമ്പനി പാപ്പരായി എന്ന് പ്രഖ്യാപിച്ച് നഷ്ടപരിഹാരംപോലും നൽകാതെ അടച്ചുപൂട്ടുകയും, എന്നിട്ട് യന്ത്രങ്ങളൊക്കെ രഹസ്യമായി കടത്തി മറ്റൊരു സ്ഥലത്ത് പുതിയ പേരിൽ കമ്പനി തുടങ്ങുകയും ചെയ്യുന്ന അർജന്റീനിയൻ മുതലാളിമാരുടെ പതിവ് തട്ടിപ്പിനെതിരെയുള്ള മുൻകരുതലായിരുന്നു ഈ പിടിച്ചടുക്കലുകൾ. പരിഷ്കരണവാദ രാഷ്ട്രീയനേതൃത്വങ്ങൾ വളരെ വേഗം തുറന്നുകാട്ടപ്പെടുന്നതും ഈ പ്രതിസന്ധികാലത്തെ പ്രത്യേകതയാണ്.

ദക്ഷിണാഫ്രിക്കയിൽ ജനപ്രിയ മുദ്രാവാക്യങ്ങളുമായി അധികാരത്തിൽ വന്ന ജേക്കബ് സൂമ മാസങ്ങൾക്കുള്ളിൽ തന്നെ 5 ലക്ഷം തൊഴിൽ മുതലായ വാഗ്ദാനങ്ങൾ വിഴുങ്ങാൻ തുടങ്ങിയതോടെ ശക്തമായ തൊഴിലാളി, ജനകീയ സമരങ്ങൾ നേരിടുകയാണ്. അടുത്ത വർഷം നടക്കാനിരിക്കുന്ന ഫുട്ബോൾ ലോകകപ്പിന് സ്റ്റേഡിയങ്ങൾ പണിയുന്ന നിർമ്മാണ തൊഴിലാളികൾ, മുൻസിപ്പൽ തൊഴിലാളികൾ, ട്രാഫിക്ക് പോലീസ് എന്നിവരെ കൂടാതെ ചേരികളിലെ ജനങ്ങളും, 'സോഷ്യലിസ്റ്റ്' ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ വെടിയുണ്ടകൾ നേരിട്ട് തെരുവിലിറങ്ങി. ദക്ഷിണ കൊറിയയിൽ, 2500 തൊഴിലാളികളെ പിരിച്ചുവിട്ടതിൽ പ്രതിഷേധിച്ച് സാങ്യൊങ് കാർ കമ്പനിയിൽ ഏപ്രിലിൽ ആരംഭിച്ച സമരം അടുത്ത മാസം പിടിച്ചെടുക്കലിലേക്ക് നീങ്ങി. ഇരുമ്പ് കമ്പികളും പൈപ്പുകളുമായി ചെറുത്തുനിന്ന തൊഴിലാളികളെ കീഴ്പ്പെടുത്തി ഒരു മാസം നീണ്ടുനിന്ന പിടിച്ചെടുക്കൽ അവസാനിപ്പിക്കാൻ കൊറിയൻ സർക്കാറിന് 600ലധികം സായുധ പോലീസുകാരെ നിയോഗിക്കേണ്ടി വന്നു.

*അവലംബം: ഷോൺ ഹാറ്റിങ്, ഇന്റനാഷണൽ ലേബർ റിസേർച്ച് ആന്റ് ഇൻഫോർമേഷൻ ഗ്രൂപ്പ്,* indymedia.org

■

# സാമ്രാജ്യത്വ–പിന്തിരിപ്പൻ ശക്തികൾ ഒരുക്കുന്ന ഭീഷണമായ കടന്നാക്രമണത്തിനെതിരെ ഒന്നിക്കുക

**പ്രസ്താവന**

**വാഷിംഗ്ടണെ** പ്രീതിപ്പെടുത്താനുള്ള മൻമോഹൻ സിംഗ് സർക്കാരിന്റെ ദാസ്യത്തിന് കടുത്ത ഉദാഹരണങ്ങളാണ് ഈയിടെ അത് യു.എസ്സും പാക്കിസ്ഥാനുമായി ഒപ്പുവെച്ച കരാറുകൾ. കുറച്ച് ആയുധങ്ങൾ ലഭിക്കുന്നതിനു വിലയായി, ഇന്ത്യൻ പ്രതിരോധകേന്ദ്രങ്ങൾ പരിശോധിക്കാൻ അധികാരപ്പെട്ട മേലധികാരികളുടെ പദവി യുഎസ് സാമ്രാജ്യത്വത്തിന് ഔപചാരികമായി വകവെച്ചുകൊടുത്ത് അവർക്ക് കീഴടങ്ങുക വഴി പരമാധികാരത്തിന്റെ കള്ളമറപോലും വലിച്ചെറിഞ്ഞിരിക്കുകയാണ്. ഇന്തോ–പാക്ക് കരാറിന്റെ കാര്യത്തിലാകട്ടെ, ഒബാമയുടെ ആഫ്പാക്ക് നയവുമായി ബന്ധപ്പെട്ട യുഎസ് താൽപര്യങ്ങളുടെ നിർബന്ധങ്ങളാണ് അതിന്റെ ചട്ടകൂട് ഒരുക്കി സമാധാന കൊടി വീശാൻ ഇരു ഭരണങ്ങളെയും തള്ളിവിട്ടത്.


എന്നാൽ, ദൽഹിയിൽ ഏത് പാർടിയും സഖ്യവും ഭരിച്ചാലും മുറതെറ്റാതെ കാണുന്ന ഇന്ത്യൻ ഭരണകൂടത്തിന്റെ ദല്ലാൾ സ്വഭാവത്തിന്റെ നിന്ദ്യമായ ആവർത്തനത്തിനപ്പുറം പോകുന്നുണ്ട് ഈ കാര്യം. ജനങ്ങൾക്കു നേരെയുള്ള തങ്ങളുടെ ആക്രമണങ്ങൾ വലിയതോതിൽ വർദ്ധിപ്പിക്കാൻ സാമ്രാജ്യത്വവും പിന്തിരിപ്പത്തവും കളമൊരുക്കുന്നു. സിപിഐ(മാവോയിസ്റ്റ്) നയിക്കുന്ന ജനകീയ യുദ്ധത്തെ മുഖ്യ ഉന്നമാക്കുന്ന ഭീഷണമായ ഒരു കടന്നാക്രമണം അവർ ആസൂത്രണം ചെയ്യുന്നു. യുഎസ് സാമ്രാജ്യത്വത്തിന്റെ നേരിട്ടുള്ള മാർഗദർശനത്തിൽ തയ്യാറാക്കിയ ഈ പ്രതിവിപ്ലവ പദ്ധതിക്ക് അനുസൃതമാണ് ഇപ്പോൾ ഒപ്പിട്ടിരിക്കുന്ന കരാറുകൾ.

ഈ ബന്ധം ശരിക്കും മനസിലാക്കണം. നിലവിലുള്ള പ്രതിസന്ധിയെ മറയാക്കി വലിയതോതിലുള്ള ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും ജനജീവിതത്തിനു നേരെയുള്ള മറ്റു ആക്രമണങ്ങളും നടപ്പാക്കാനുള്ള ഉദ്ദേശ്യം യുപിഎ സർക്കാർ ഇതിനകം ശക്തമായി പ്രഖ്യാപിച്ചു കഴിഞ്ഞു. നാണ്യചുരുക്കം നിലനിൽക്കേ തന്നെ എല്ലാ അവശ്യവസ്തുക്കളിലും കാണുന്ന തീപിടിച്ച വിലക്കയറ്റം ഇതിന് സൂചനയാണ്. പോയവർഷങ്ങളിൽ കെട്ടിപ്പടുത്ത ആസ്തികളും രാജ്യത്തിന്റെ സമ്പന്നമായ വിഭവങ്ങളും ചിന്തിക്കാൻപോലും കഴിയാത്ത അളവിൽ വിറ്റുതുലയ്ക്കാൻ പോകുന്നു. രാജ്യത്തെ തീറെഴുതുന്നത് തടയുകയും ജനങ്ങൾക്കു വേണ്ടി പൊരുതുകയും ചെയ്യുന്ന എല്ലാ ജനകീയ ചെറുത്തുനിൽപ്പു പ്രസ്ഥാനങ്ങളെയും, എല്ലാ വിപ്ലവശക്തികളെയും, തകർക്കുന്നതാണ് അവർക്ക് ആദ്യം ചെയ്യേണ്ടത്. അതുകൊണ്ട്, ഇന്നത്തെ സാഹചര്യത്തിൽ തങ്ങളുടെ ഏറ്റവും വലിയ ആഭ്യന്തര ഭീഷണിയായി ഇന്ത്യൻ ഭരണകൂടം പരസ്യമായി അംഗീകരിക്കുന്ന സിപിഐ(മാവോയിസ്റ്റ്) നയിക്കുന്ന ജനകീയ യുദ്ധത്തിനെതിരെയാണ് പ്രധാന ആക്രമണം. എല്ലാ ശക്തിയുമുപയോഗിച്ച് ഒരാക്രമണം നടത്താൻ ഇന്ത്യൻ ഭരണകൂടത്തിന്റെ സായുധശക്തികളെ സ്വതന്ത്രമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നവയാണ് ഇപ്പോൾ ഒപ്പിട്ടിരിക്കുന്ന കരാറുകൾ.

ഈ നിർണ്ണായക സന്ദർഭത്തിൽ, ജനകീയ പ്രസ്ഥാനങ്ങളെ, പ്രത്യേകിച്ചും ജനകീയ യുദ്ധത്തെ, പരിരക്ഷിക്കുന്ന കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന വിശാലമായ ഒരു പ്രതിരോധ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ എല്ലാ ജനപക്ഷ ശക്തികളുടെയും ഐക്യം സാധ്യമാക്കുന്നതാണ് രാജ്യത്തെ വിപ്ലവ, പുരോഗമന, ജനാധിപത്യ വിഭാഗങ്ങളുടെ മുമ്പിലുള്ള അടിയന്തിര കടമ.

ആഗസ്റ്റ് 1, 2009

**ക്രാന്തിപ്രിയ**
വക്താവ്,
**സിപിഐ(എം–എൽ) നക്സൽബാരി**





ഭൂപ്രശ്നത്തെ മുൻനിർത്തി കോട്ടയം വാഗമണ്ണിൽ നടന്ന
ചിത്രകലാക്യാമ്പിൽ ചിത്രകാരൻ ശശി മേമുറി വരച്ച ചിത്രം.



ശശി മേമുറി
കോട്ടയം ജില്ലയിൽ
മേമുറിയിൽ ജനിച്ചു.
സ്വതന്ത്ര ചിത്രകാരൻ.
2008 നവംബറിൽ വംഗമണ്ണിൽ നടന്ന
ചിത്രകലാക്യാമ്പിന്റെ സംഘാടകൻ.

MUNNANIPORALI
D.No. 365/A, P.O. Ponnore, Thrissur, Keralam. 680552
e-mail: munnaniporali@yahoo.co.in
blog: munnaniporaliblogspot.com

August 1st

Registred No. PGT/016/2009
News Paper Reg.No. 14/AL/93/TC

യുദ്ധവിരുദ്ധവും മുതലാളിത്ത വിരുദ്ധവുമായ സന്ദേശങ്ങൾ
ഉൾക്കൊള്ളുന്നതാണ് ബാങ്ക്സി(Banksy)യുടെ ചിത്രങ്ങൾ.

ബാങ്ക്സി എന്ന ചിത്രകാരൻ യഥാർത്ഥ പേരിൽ അറിയപ്പെടുന്നില്ല.
കലാവിപണിയിലെ പേരും പെരുമയും നിഷേധിക്കുന്ന ബാങ്ക്സി
തന്റെ ചിത്രങ്ങൾ രചിക്കുന്നത് പൊതുനിരത്തിലും ചുവരുകളിലുമാണ്.
നഗരകേന്ദ്രങ്ങളിലെ പൊതുനിരത്തിലും ചുവരുകളിലും
ചിത്രംവര നിയമാനുസൃതമല്ല.

കുട്ടികളും പട്ടാളക്കാരും മുയലും കുരങ്ങും പോലീസുകാരും
എല്ലാം ചുവരുകളിലൂടെ സംവദിക്കുന്ന ബാങ്ക്സി ഇമേജുകളാണ്.

– അനിരുദ്ധ് രാമൻ



എം.എൻ. രാവുണ്ണിയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്നത്, ചിന്ത പ്രിന്റേഴ്സ് & പബ്ലിക്കേഷൻസ്, കൊച്ചി – 18 ന്
വേണ്ടി റെഡ്സ്റ്റാർ പ്രിന്റേഴ്സ് കോഴിക്കോട് അച്ചടിക്കുന്നത്